"ഗുരുനാഥൻ അനുബന്ധം"



ഡാക്ടർ പി. ജെ. തോമസ്സ്.

മദിരാശി യൂണിവേഴ്സിററിയിലെ ധനതത്വശാസ്ത്ര

പ്രസംഗികൻ;

സമർത്ഥനായ ഇദ്ദേഹം ഒരു തിരുവിതാംകൂറുകാരനാണ്.

UNIVERSITY LIBRARY
30 NOV 1930
MADRAS

UNIVERSITY LIBRARY
30 NOV 1930
MADRAS

# ഗുരുനാഥൻ.

| പുസ്തകം 10 | 1106 കന്നി | ലക്കം 2 |
| --- | --- | --- |

## ആക്ബർ ചക്രവർത്തിയും വിദ്യാഭ്യാസവും.

൧൫൫൬ മുതൽ ൧൬൦൫ വരെ നിലനിന്ന ആക്ബറുടെ സുദീർഘമായ ഭരണകാലത്തെ മുഗൾസാമ്രാജ്യത്തിൻെറ സുവർണ്ണകാലമായി പരിഗണിക്കാറുണ്ടല്ലൊ. അതു് യഥാർത്ഥത്തിൽ അറംഗസീബിൻെറ നാശകരങ്ങളായ യുദ്ധങ്ങളോടുകൂടി അവസാനിച്ച ആ മഹനീയകാലത്തിൻെറ പ്രാരംഭമായിരുന്നു. മുഗൾസാമ്രാജ്യത്തെ സ്ഥാപിച്ചതും സംഘടിപ്പിച്ചതും യഥാർത്ഥത്തിൽ ആക്ബർ തന്നെയായിരുന്നു. യുദ്ധസാമർത്ഥ്യംകൊണ്ടും ഭരണരീതികൊണ്ടും ജനസ്വാധീനംകൊണ്ടും സ്വഭാവവൈശിഷ്ട്യംകൊണ്ടും മററും അദ്ദേഹം മുഗൾസാമ്രാജ്യോദ്യാനത്തിലെ വാടാവല്ലിയായിത്തന്നെ പരിലസിക്കുന്നു. ജീവിതകാലത്തിലെ ഒരു പ്രധാനഭാഗം പോർക്കളത്തിൽ വിനിയോഗിക്കേണ്ടിവന്ന അദ്ദേഹം പ്രജാരക്ഷാകരമായ വിധത്തിൽ രാജ്യഭരണം നടത്തി മഹാൻ എന്ന ബഹുമതി നേടിയതു് പ്രത്യേകിച്ച് അഭിനന്ദനാർഹംതന്നെയാണ്. എന്നാൽ വിദ്യാഭ്യാസവിഷയത്തിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു എന്നും ശരിയായ ഒരു പദ്ധതി രൂപവൽക്കരിച്ചിരുന്നു എന്നും ഉള്ള സംഗതി എത്രയൊ സ്തുത്യർഹവും ചാരിതാർത്ഥ്യജനകവുമാകുന്നു! അദ്ദേഹത്തിൻെറ വിദ്യാഭ്യാസനയത്തെപ്പററി അധികംപേർക്കും ഒന്നും അറിഞ്ഞുകൂടാ. ഇന്ന് പാശ്ചാത്യവിദ്യാഭ്യാസപ്രവർത്തകന്മാരുടേതെന്ന് ഉൽഘോഷിക്കുന്നതും അഭിമാനിക്കുന്നതുമായ ചില ഉൽകൃഷ്ടതത്വങ്ങൾ അദ്ദേഹത്തിൻെറ വിദ്യാഭ്യാസപദ്ധതിയിൽ അടങ്ങിയിരിക്കുന്നതായി പരിശോധനകൊണ്ട് നമുക്ക് ഗ്രഹിക്കാവുന്നതാണ്.

മുഗൾചക്രവർത്തിമാർ വിദ്യാഭ്യാസത്തിലും മററും ശ്രദ്ധിച്ചിരുന്നില്ലെന്നും കരംപിരിക്കുക, മന്ദിരങ്ങൾ പണിയിക്കുക, ദേവാലയങ്ങൾ സ്ഥാപിക്കുക എന്നിവയിലാണ് ഉത്സുകരായിരുന്നതെന്നും ഒരു ധാരണ സാമാന്യജനങ്ങളുടെ ഇടയിൽ കടന്നുകൂടിയിട്ടുണ്ട്. ഗവമ്മെൻറു വക വിദ്യാഭ്യാ

സസ്ഥാപനങ്ങൾക്കുപുറമെ ഉദാരമതികളായ ചില മുഗളരും വിദ്യാലയങ്ങൾ സ്ഥാപിച്ചിരുന്നു. എന്നാൽ ഈ സ്ഥാപനങ്ങളെല്ലാം വൈദികന്മാരെ സൃഷ്ടിക്കുന്നതിനായിട്ടാണ് ഉദ്ദേശിച്ചിരുന്നത്. ഈ വൈദികന്മാരുടെ ജോലി, മതകാര്യങ്ങൾ നിർവ്വഹിക്കുകയും നീതിന്യായക്കോടതികളിൽ ഇസ്ലാമികനിയമങ്ങളെ വിമർശിക്കുകയും പരിഭാഷപ്പെടുത്തുകയുമായിരുന്നു. അതുകൊണ്ട് ഇവ മഹമ്മദീയദേവാലയങ്ങളുമായി ദൃഢബന്ധമുള്ളവയായിരുന്നു എന്നുപറയാം. എന്നാൽ ഇവക്കുപുറമെ മററു സാധാരണപാഠശാലകളും ദേശീയസംസ്കാരപ്രചരണത്തിനായി ഉൽകൃഷ്ടവിദ്യാലയങ്ങളുമുണ്ടായിരുന്നു. ഹിന്ദുക്കളെ ഭരണവിഷയത്തിൽ അധികമായി പ്രവേശിപ്പിച്ചുതുടങ്ങിയതോടുകൂടി വിദ്യാഭ്യാസത്തിൻെറ ആവശ്യം കൂടുതലായിത്തീൎന്നു. അതുകൊണ്ടു ചിന്താശീലന്മാരായ ആളുകൾ പ്രായോഗികവും, സുസമ്മതവും ജനങ്ങളുടെ ആവശ്യങ്ങൾക്കുപയുക്തവുമായ ഒരു വിദ്യാഭ്യാസപദ്ധതി രൂപവൽക്കരിക്കുന്നതിന് ശ്രമിച്ചിരിക്കണം. ആക്ബറുടെ കാലമായപ്പോഴേക്കും ഹിന്ദുക്കൾ പേർസ്യൻസാഹിത്യത്തിൽതന്നെ മഹമ്മദീയരോടു തുല്യ യോഗ്യതയുള്ളവരായിത്തീൎന്നു എന്നാണ് പറയുന്നത്.

ആബൂൾഫ്ാസലിൻെറ 'അയിനാക്ബറി' എന്ന ഗ്രന്ഥത്തിൽ ഒരു വിദ്യാഭ്യാസപദ്ധതിയെപ്പററി പറഞ്ഞുകാണുന്നുണ്ട്. ആക്ബറുടെ വിദ്യാഭ്യാസോപദേഷ്ടാക്കൾ രൂപവൽക്കരിച്ചനിയമങ്ങളുടെ ഒരു സംഗ്രഹം ആ ഗ്രന്ഥത്തിൽ കാണുന്നു. "ഇന്നത്തെ കാലത്തിനാവശ്യമുള്ള യാതൊന്നുംതന്നെ ഉപേക്ഷിക്കുന്നതിന് ആരേയും അനുവദിച്ചുകൂടാ" എന്നുള്ളതാണ് ഒരു പ്രധാന തത്വം. അത് എത്ര വിശാലമായ ഒരു മനഃസ്ഥിതിയെയാണ് കാണിക്കുന്നത്. അന്ന് മതസംബന്ധമായ വാദപ്രതിവാദങ്ങൾ നടത്തിയിരുന്നു. ശാസ്ത്രത്തിലും ചരിത്രത്തിലും ജിജ്ഞാസ പ്രദർശിപ്പിച്ചിരുന്നു. ഹിന്ദുക്കളുടെ മതഗ്രന്ഥങ്ങളും ശാസ്ത്രഗ്രന്ഥങ്ങളും പേർസ്യൻ ഭാഷയിലേക്കു വിവൎത്തനം ചെയ്തിരുന്നു.

വിദ്യാൎത്ഥികൾക്ക് അന്നത്തെ നടപ്പനുസരിച്ച് ദീർഘകാലം വിദ്യാഭ്യാസം ചെയ്യേണ്ടിയിരുന്നതുകൊണ്ട് വിദ്യാഭ്യാസകാലത്തെ ഒന്നുകൂടി ചുരുക്കുവാൻ ശ്രമിച്ചിരുന്നു. ഹിന്ദുസ്ഥാനിൽ കുട്ടികളെ വളരെക്കൊല്ലം പാഠശാലകളിലയച്ച് സ്വരവ്യഞ്ജനങ്ങൾ പഠിപ്പിച്ചിരുന്നു എന്നാണു ആബൂൾഫ്ാസൽ പറയുന്നത്. അനവധി പുസ്തകങ്ങൾ വായിപ്പിച്ച് അവരുടെ ജീവിതത്തിലെ ഒരു പ്രധാനഭാഗം വൃഥാ വ്യയം ചെയ്യുന്നു എന്നാണല്ലൊ ഇതിൻെറ താല്പൎയ്യം. അദ്ധ്യാപകൻ ഒരാഴ്ചകൊണ്ട് അക്ഷരമാല പഠിപ്പിക്കണം. പിന്നീട് ലളിതമായ ഗദ്യപദ്യശകലങ്ങളും ഈശ്വരസ്തോത്രങ്ങളും പഠിപ്പിക്കണം. ഓരോദിവസവും തലേന്നാളത്തെ പാഠം പരിശോ

ധിക്കയുംവേണം. ഈ രീതി സ്വീകരിക്കുകയാണെങ്കിൽ മററുള്ളവർ വളരെക്കൊല്ലംകൊണ്ട് പഠിക്കുന്നത് ഒരു കുട്ടി ഒരു മാസംകൊണ്ടോ ഒരു ദിവസംകൊണ്ടോ പഠിക്കുമെന്നും ജനങ്ങൾ വിസ്മയഭരിതരായിത്തീരുമെന്നുമാണ് അബുൾഫ്ാസൽ പറയുന്നത്.

വിദ്യാഭ്യാസസംബന്ധമായ വേറൊരു അഭിപ്രായം ഇതാണ് "എല്ലാക്കാൎയ്യവും കുട്ടികൾ തന്നെത്താൻ പഠിക്കുന്നു എന്നുള്ളതിൽ ശ്രദ്ധിക്കണം. എന്നാൽ അദ്ധ്യാപകന് അവരെ അല്പം സഹായിക്കയും ചെയ്യാം" ഇതു് അഭിലഷണീയമായ ഒരു തത്വമല്ലെ? എന്നതന്നെയല്ല ആധുനിക തത്വമെന്നു വിചാരിക്കുന്നതുമായ ഒന്നല്ലെ? ഇരുപതാംനൂററാണ്ടിലെ ഈ തത്വം പതിനാറാംനൂററാണ്ടിൽതന്നെ മനസ്സിലാക്കിയിരുന്നു എങ്കിൽ അതു് എത്ര അഭിനന്ദനാൎഹമായിരിക്കും. വിദ്യാലയം കുട്ടികൾക്കുള്ളതാണ്, അദ്ധ്യാപകനുള്ളതല്ല. പാഠപദ്ധതിയുടെ പ്രധാന തത്വങ്ങളും അന്നുള്ള വിദ്യാഭ്യാസപ്രവത്തകന്മാർ മനസ്സിലാക്കിയിരുന്നു. നീതിബോധം, കൃഷി, കണക്ക്, ക്ഷേത്രഗണിതം, ജ്യോതിശ്ശാസ്ത്രം, ഗൃഹഭരണം, ഭരണതന്ത്രം, വൈദ്യം, തക്കം, ശാസ്ത്രം, ചരിത്രം എന്നിവകളെ സംബന്ധിച്ച പുസ്തകങ്ങൾ ഓരോ കുട്ടിയും വായിച്ചിരിക്കണം. ഇതു് സുവിസ്തൃതമായ ഒരു പാഠപദ്ധതിയാണെന്നുള്ളതിന് സംശയമില്ലല്ലൊ.

അക്ബറുടെ കാലത്തു് ഹിന്ദുക്കളും മഹമ്മദീയരും ഒരേ പാഠശാലകളിലാണ് പഠിച്ചിരുന്നത്. ഓരോ സമുദായത്തിനും ചില പ്രത്യേകാദ്ധ്യയനവിഷയങ്ങളുംകൂടി ഉണ്ടായിരുന്നു എന്നു മാത്രമെയുള്ളു. ഇന്ന്, ഓരോ സമുദായത്തിനും പ്രത്യേകം ഉദ്യോഗസ്ഥന്മാരും പത്രങ്ങളും മററും ഉള്ളതുപോലെ പ്രത്യേകപാഠശാലകളും വേണമെന്ന് മുറവിളികൂട്ടുന്നുണ്ടല്ലൊ. എന്നു മാത്രമല്ല, ചില പാഠശാലകൾ സ്ഥാപിച്ചുംകഴിഞ്ഞു. അക്ബറുടെ കാലത്തേപ്പോലെ വിവിധസമുദായങ്ങളിൽപെട്ടവരെ ഒരേ പാഠശാലകളിൽതന്നെ പഠിപ്പിക്കുന്നതിനുള്ള ധീരത നമുക്കുണ്ടായാൽ അതു് ഒരു വലിയ നേട്ടമായിരിക്കും. ഹിന്ദുവിദ്യാർത്ഥികൾ വ്യാകരണം, ന്യായം, വേദാന്തം, സാംഖ്യം മുതലായവയും മുസ്ലീമാന്മാർ അവരുടെ മതഗ്രന്ഥങ്ങളും തത്വശാസ്ത്രവുംകൂടി പഠിച്ചിരുന്നു.

ഇങ്ങനെയുള്ള ഒരു പാഠപദ്ധതി തലസ്ഥാനനഗരിയിലും പരിസരപ്രദേശങ്ങളിലും ശ്രദ്ധാപൂവം നടപ്പിലാക്കിയിരുന്നു. വിദൂരഭാഗങ്ങളിലും ഈ പാഠപദ്ധതിതന്നെ ഉപയോഗിച്ചിരുന്നു എങ്കിലും അതിൻെറ ഫലം വ്യത്യസ്ഥമായിരുന്നേക്കാം. അവിടെ പരിശോധന നിഷ്കൎഷാപൂവം നടത്തേണ്ടിയിരുന്നു. ഇവയ്ക്കു പുറമെ പഴയ ആശാൻപള്ളിക്കൂടങ്ങളും ഉണ്ടായിരുന്നു. ഗൃഹങ്ങളിലും വ്യവസായശാലകളിലുംവച്ച് വ്യവസായപര

ശീലനവും നൾകിയിരുന്നു. ഇവയെല്ലാംകൂടി ഒന്നിച്ചു പ്രവൎത്തിച്ചപ്പോൾ വിദ്യാഭ്യാസം ഒരുവിധം തൃപ്തികരമായ വിധത്തിൽ നിൎവ്വഹിച്ചു വന്നു എന്നു പറയാവുന്നതാണ്. ഈ വിദ്യാഭ്യാസരീതി സാമുദായികവും വ്യക്തിപരവുമായ ആവശ്യങ്ങൾ സാധിച്ചുവന്നു. ഇന്നത്തെപ്പോലെയുള്ള ഭയങ്കരമായ തൊഴിലില്ലായ്മയും അന്നുണ്ടായിരുന്നില്ല. അതിനാൽ വിദ്യാഭ്യാസവിഷയത്തിലും അക്ബർ നമ്മുടെ ബഹുമാനത്തെ അർഹിക്കുന്ന ഒരു ഭരണകത്താവല്ലെ?

# വിഹായസവിഹാരം.

(മൂന്നാംഅദ്ധ്യായം)

(എം. രാജരാജവൎമ്മതമ്പുരാൻ എം. ഏ., ബി. എൽ.)

വായുമണ്ഡലത്തിന്റെ പരിധി നിൎണ്ണയിക്കുന്നതിന് നമ്മെ സഹായിക്കുന്നത് അതിന്റെ സമ്മൎദ്ദവും (Pressure) ചൂടു(Temperature)മാണെന്നു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. ആദ്യത്തെ സംഗതിയെപ്പററി ഒന്നുകൂടി നിഷ്കൃഷ്ടിച്ചു മനസ്സിലാക്കാം. വായു ഒരു പദാൎത്ഥമാണെന്നും, അതിനു ഭാരം (Weight) ഉണ്ടെന്നും ഭാരം നിമിത്തം സമ്മൎദ്ദം (Pressure) ഉണ്ടെന്നും ധരിച്ചിട്ടുള്ളവർ ധാരാളമുണ്ടാവും. എന്നാൽ ഭാരനിൎണ്ണയം വരുത്താനുള്ള സൂത്രം മനസ്സിലാക്കീട്ടുള്ളവർ ചുരുങ്ങും. 'ശൂന്യം പ്രകൃതിയിലില്ല' (Nature abhorred a Vacuum) എന്നു പണ്ടത്തെ വിദ്വാന്മാൎക്ക് ഒരു സ്ഥിരബോധമുണ്ടായിരുന്നു. മുപ്പത്തിമൂന്നു അടിക്കുമേൽ വെള്ളം പൊങ്ങിച്ചാടുകയില്ലെന്നും അവർ ധരിച്ചിരുന്നു. ഗലിലിയോ എന്ന ജ്യോതിശ്ശാസ്ത്രപണ്ഡിതനാണ് ആദ്യം ഈ ദുൎബ്ബോധങ്ങളെ നിരാകരിച്ചത്. മുപ്പത്തിമൂന്നടി പൊക്കംവരെ മാത്രമെ പ്രകൃതിശൂന്യത്തെ വെറുക്കുന്നുള്ളു എന്ന് അദ്ദേഹം സിദ്ധാന്തിച്ചു. അദ്ദേഹത്തിന്റെ ശിഷ്യൻ ടാറിസെല്ലി എന്ന വിദ്വാൻ അത്രമാത്രംകൊണ്ടു തൃപ്തിപ്പെട്ടില്ല. മുപ്പത്തിമൂന്നടി പൊക്കമുള്ള കുഴൽ നിറച്ച വെള്ളത്തിനും വായുമണ്ഡലാന്തംവരെ നീണ്ട കുഴൽ നിറച്ച വായുവിനും ഭാരമൊന്നുപോലിരിക്കണം; അതാണു മുപ്പത്തിമൂന്നടിക്കുമേൽ വെള്ളം പൊങ്ങിച്ചാടാത്തതെന്ന് അയാൾ അനുമാനിച്ചു. എന്നിട്ട് പരീക്ഷിക്കാൻ ഒരു സൂത്രംചെയ്തു. രസത്തിനു (Mercury) ജലത്തേക്കാൾ പ

തിമ്മൂന്നിരട്ടി ഘനം കൂടുമെന്നുള്ള അറിവിനെ അടിസ്ഥാനമാക്കി, അയാൾ നീളമുള്ള ഒരു സ്ഫടികക്കുഴലിൽ രസം നിറച്ച്, വിരൽകൊണ്ടു തുറന്ന അററം പൊത്തിപ്പിടിച്ച്, രസം നിറച്ച ഒരു കിണ്ണത്തിൽ തലതിരിച്ചു മുക്കിവച്ചു അപ്പോൾ അയാൾ നിനച്ചിരുന്നപോലെ കുഴലിലുണ്ടായിരുന്ന രസം കീഴോട്ടിഴിഞ്ഞു് മുപ്പതിഞ്ചുവരെ താണു. കുഴലിന്റെ മേൽഭാഗം ശൂന്യമായും കണ്ടു. ഇതാണു് ഇന്നത്തെ ഭാരമാനക്കുഴലാ (Barometer) യിത്തീർന്നിരിക്കുന്നതു്. അതുകൊണ്ടാണു് ആകാശമണ്ഡലത്തിന്റെ സമ്മർദ്ദം (Pressure) അറിയുന്നതു്. സമ്മർദ്ദംകൊണ്ടുതന്നെയാണു് ഒരു പദാർത്ഥത്തിനു ഭാരം (Weight) ഉണ്ടാകുന്നതു്; എങ്കിലും രണ്ടിനും തമ്മിൽ വ്യത്യാസമുണ്ടു്. വായുവിനു സമ്മർദ്ദമുണ്ടെന്നു പറയുന്നതു് കീഴോട്ടു മാത്രമല്ല നാലുപാടും അതിനുള്ള തള്ളൽകൊണ്ടാകുന്നു. കീഴോട്ടുള്ള തള്ളലാണു് ഭാരം.

ഭാരമാനക്കുഴൽ കിട്ടിയപ്പോൾ വായുമണ്ഡലത്തിന്റെ ഭാരമറിയാൻ എളുപ്പമായി. വായു വാതകരൂപമാകകൊണ്ടു് വഴങ്ങുന്ന (Clastic) പദാർത്ഥമാകുന്നു. വഴങ്ങുന്ന സാധനങ്ങൾ ഉരുകിച്ചേരുകയും അയയുകയും ചെയ്യുന്നതു സഹജമാണല്ലോ. അതിനാൽ ഭാരംനിമിത്തം മേൽഭാഗത്തുള്ളതിനേക്കാൾ കീഴിൽ വായുവിനു സാന്ദ്രതയും ഘനവും കൂടുന്നു. സമുദ്രനിരപ്പിൽ ൩൦ ഡിഗ്രി ചൂടുള്ളപ്പോൾ ഭാരമാനക്കുഴൽ ൩൦ ഇഞ്ചു കാണിക്കും. രസത്തിനു വെള്ളത്തേക്കാൾ ൧൩·൬ ഇരട്ടി ഘനമുണ്ടെന്നും വായുവിനു ലക്ഷത്തിൽ ൧൨൯ ഭാഗം മാത്രമേ ($\frac{129}{100000}$) ഘനമുള്ളു എന്നുമുള്ള സംഗതികൾ മനസ്സിലാക്കി കണക്കാക്കുമ്പോൾ, ഒരു ചതുരശ്രയടി ശുദ്ധവായുവിന്റെ ഘനം ൫൩൫ ഗ്രെയിനും (Troy) അത്രയും ആവിക്കു ൩൨൫ ഗ്രെയിനും ആണെന്നു കാണാം. അതുകൊണ്ടു് ആവിചേർന്ന വായു, അതു ചേരാത്ത ശുദ്ധവായുവിനേക്കാൾ ഘനക്കുറവുള്ളതാണെന്നു വരുന്നു. മേൽനിന്നു കീഴോട്ടു വായുമണ്ഡലം അടിഞ്ഞു ഭൂതലത്തെ തള്ളുന്നുണ്ടെന്നുള്ള ഭാഗവും ഓർമ്മിക്കണം. ആ തള്ളലിനു പെട്ടെന്നുള്ള കൂടുതൽകുറവു വരുമ്പോൾ പല ആപത്തുകൾ നേരിടുന്നു. ഇതിനുള്ള കാരണങ്ങൾ പിന്നീടു് പറയാം. അതുകൊണ്ടാണു ഭാരമാനക്കുഴലിൽ പെട്ടെന്നു കാണുന്ന ഏററക്കുറവുകൾ ഭയാവഹങ്ങളായി ഗണിച്ചുവരുന്നതു്. പൊക്കമനുസരിച്ചു ഭാരമാനക്കുഴലിൽ കാണുന്ന ഭേദങ്ങളെ കുറിക്കുന്ന ഒരു പട്ടിക താഴെ ചേർക്കുന്നു. ശീതോഷ്ണാവസ്ഥയും വായുവിന്റെ ഈറപ്പവും (Dampenss) ഒരേ വിധത്തിലിരുന്നാൽ:—

| പൊക്കം | | സമ്മർദ്ദം | |
|---|---|---|---|
| ൦ | അടി | ൩൦" | ഇഞ്ച് |
| ൯൧൦ | ,, | ൨൯" | ,, |
| ൧൮൩൦ | ,, | ൨൮" | ,, |

| പൊക്കം | | സമ്മർദ്ദം | |
|---|---|---|---|
| ൨൮൨൦ | അടി | ൨൭" | ഇഞ്ച് |
| ൩൮൨൦ | " | ൨൬" | " |
| ൪൮൫൦ | , | ൨൫" | " |
| ൫൯൧൦ | " | ൨൪" | " |
| ൭൦൧൦ | " | ൨൩" | " |
| ൮൧൫൦ | " | ൨൨" | " |
| ൯൩൩൦ | " | ൨൧" | " |
| ൧൦൫൫൦ | " | ൨൦" | " |
| ൧൩൧൭൦ | " | ൧൮" | " |
| ൧൬൦൦൦ | " | ൧൬" | " |
| ൧൮൦൦൦ | " | ൧൫" | " |

മേലോട്ടുമേലോട്ടു കൂടുതൽ ദൂരം പൊങ്ങുമ്പോൾമാത്രമെ സമ്മർദ്ദം കുറയുന്നുള്ളു എന്നു മേൽകാണിച്ച പട്ടികയിൽനിന്നു സ്പഷ്ടം. അതുകൊണ്ടറിയണം കീഴോട്ടിറങ്ങുന്തോറും വായുവിനു ഇറുക്കം കൂടുതലാണെന്ന്. തൊള്ളായിരം അടി പൊക്കത്തിൽ ഒരിഞ്ചു താഴുന്ന കുഴൽ, പതിനാറായിരം അടിയുയരത്തിൽ ൧൫൦൦ അടി പൊങ്ങിയാൽ മാത്രമെ ഒരിഞ്ചു കുറയുന്നുള്ളു. അങ്ങനെയല്ലാതെ തൊള്ളായിരം അടി പൊക്കത്തിനു ഒരിഞ്ചുവീതം എത്ര പൊങ്ങിയാലും കുറയുമായിരുന്നെങ്കിൽ വായുമണ്ഡലം ഏകദേശം അഞ്ചു മൈൽ പൊക്കത്തിൽ മാത്രമെയുണ്ടായിരിക്കുമായിരുന്നുള്ളു.

വായുമണ്ഡലത്തിന്റെ സമ്മർദ്ദത്തിനു കൂടുതൽകുറവു വരുത്തുന്ന കാരണങ്ങൾ പലതുണ്ട്. ഭൂഗോളത്തിന്റെ പരിവർത്തനംനിമിത്തമുണ്ടാകുന്ന വാത്യാവാത്യകൾ (Cycloves & anticycloves), ഋതുഭേദമനുസരിച്ചുണ്ടാകുന്ന കടൽക്കാറ്റും കരക്കാറ്റും (Sea & land winds) ദിനംപ്രതിയുള്ള ചൂടുവ്യത്യാസംകൊണ്ടുണ്ടാകുന്ന വായുചലനങ്ങൾ, എന്നുള്ളവയെ പററി അതതു ഘട്ടങ്ങളിൽ വിവരിച്ചു പറയാം. ഒരുസംഗതി പ്രത്യേകം ധരിച്ചിരിക്കേണ്ടതാണ്. സൂര്യന്റെ ചൂടുകൊണ്ടു ദൈനന്ദിനമുണ്ടാകുന്ന വ്യത്യാസം ഉഷ്ണമേഖലയിലുൾപെട്ട പ്രദേശങ്ങളിൽ കൂടുതലാണ്. കല്ക്കത്താവിൽ നൂററിനു പന്ത്രണ്ടുവീതമുള്ള വ്യത്യാസം ശീമയിൽ ഗ്രീൻവിച്ചുനക്ഷത്ര ബങ്ക്ളാവിൽ നൂററിനു രണ്ടായി കുറയുന്നു. ധ്രുവദേശത്തോട് അടുക്കുന്തോറും ഈ ഭേദം കുറഞ്ഞുകുറഞ്ഞു തീരെ ഇല്ലാതാകുന്നു,

ഉഷ്ണമേഖലയിൽ കൊടുങ്കാററുകൊണ്ടുണ്ടാകുന്ന വ്യത്യാസം അല്പവും അപൂർവ്വവുമാണ്. അവിടെ ദൈനന്ദിനോഷ്ണഭേദമാണു പ്രധാനം. തിരുവനന്തപുരത്തു ഭാരമാനക്കുഴൽ നോക്കി സമയം നിർണ്ണയിക്കാമെന്നു മു

മ്പിരുന്ന നക്ഷത്രബങ്ക്ളാവു ഡയറക്റ്റർ ബ്ല്യൺഡ്ഫൊർഡ പറഞ്ഞിരിക്കുന്നു. നേരെമറിച്ചു സമശീതോഷ്ണമേഖലയിൽ ദൈനന്ദിനോഷ്ണഭേദത്തേക്കാൾ വാത്യവാത്യകളെകൊണ്ടാണ് വായുസമ്മർദ്ദനത്തിനു ഏററക്കുറവുകൾ വരുന്നതു്. വായുസമ്മർദ്ദം സമമായിരിക്കുന്ന പ്രദേശങ്ങളെ നിർദ്ദേശിച്ചു വരയ്ക്കുന്ന സമഭാരരേഖകൾ (isobars) കാണിക്കുന്ന ഭൂപടങ്ങളെപററി ഇനിയൊരു അധ്യായത്തിൽ പറയാം. ദൈനന്ദിനകാലാവസ്ഥകളെ മുൻകൂറായി കുറിക്കുന്ന പടങ്ങൾക്കും (Daily weather charts) ഇവയ്ക്കും തമ്മിൽ സാമ്യമുണ്ട്.

ഏതു സ്ഥലത്തിൻെറ പൊക്കവും ഭാരമാനക്കുഴൽകൊണ്ടു നിർണ്ണയിക്കാം. സമുദ്രനിരപ്പിൽനിന്നുള്ള ഉയർച്ചയെയാണു നാം പൊക്കമെന്നു ഗണിക്കുന്നതു്. വായുവിൻെറ ചൂടും ഈറപ്പും പോലെ അല്പാല്പം വ്യത്യാസം വരാമെന്നിരിക്കിലും, ഒരു സ്ഥലത്തിൻെറ ഉയരം കണക്കാക്കുന്നതിനു താഴെ പറയുന്ന നിയമം സാമാന്യേന ശരിയായിരിക്കും:-

രണ്ടു സ്ഥലങ്ങളുടെ ഉയരത്തിൻെറ താരതമ്യം ഭാരമാനക്കുഴലിൽ കാണുന്ന ഇഞ്ചുകളുടെ വ്യത്യാസത്തെ അവയുടെ സങ്കലനഫലംകൊണ്ടു ഹരിച്ച് 52,500 കൊണ്ടു ഗുണിച്ചുകിട്ടുന്ന സംഖ്യയ്ക്കു തുല്യമായ ജാതിയടികളായിരിക്കും.

രണ്ടു സ്ഥലങ്ങളിലുമുള്ള വായുവിനു ശരാശരി ചൂട് 50ാം ഡിഗ്രിയുള്ളപ്പോൾ മേൽകാണിച്ചിരുന്ന ഗുണനസംഖ്യയും 50ാം ഡിഗ്രിയിൽനിന്നും ഓരോഡിഗ്രി ചൂടുകൂടുന്ന ക്രമത്തിനു 117 വീതം മേൽപറഞ്ഞസംഖ്യയോടു കൂടി കൂട്ടുന്ന ഫലവും കൊണ്ടു ഗുണിക്കണം; അതുപോലെ ഒരു ഡിഗ്രി കുറഞ്ഞാൽ 117 വീതം കുറച്ചുകിട്ടുന്ന ഫലംകൊണ്ടു വേണം ഗുണിക്കാൻ.

മേല്പറഞ്ഞ കണക്കിൻപ്രകാരം ഏതുസ്ഥലത്തിൻേറയും ഉയരം കണ്ടുപിടിക്കാം. കുന്നുകളുടെ പൊക്കം ഇപ്രകാരമാണു നിർണ്ണയിക്കുന്നതു്.

## ഇംഗ്ലീഷുവിദ്യാഭ്യാസവും ഒരു പിതാവിൻെറ വിലാപവും.

(സി. ആർ. കൃഷ്ണപിള്ള ബി. ഏ, എൽ. ടി.)

ഈയിടെ ഒരു സംഭാഷണമദ്ധ്യേ എൻെറ ഒരു മാന്യസ്നേഹിതൻ ഇങ്ങിനെ വിലപിക്കയുണ്ടായി. എനിക്ക് ഇപ്പഴത്തെ ഇംഗ്ലീഷുവിദ്യാഭ്യാ

സ്വത്തിനോട് ഒരുമാതിരി വെറുപ്പു തോന്നിപ്പോയി. ഈശ്വര! എൻെറ ആ ശങ്കുണ്ണിയെ ഇംഗ്ലീഷുസ്കൂളിൽ അയയ്ക്കേണ്ടായിരുന്നു. എന്നാൽ അവനെ കണ്ടുകണ്ടെങ്കിലും എൻെറ ഉള്ളം കുളൎമ്മയായിരുന്നു. ഒരു ഉണ്ണി ഉണ്ടാവണമെന്ന് എത്രവലിയ ഉല്ക്കണ്ഠ ഉണ്ടായി. ഞാൻ എത്രനാൾ അതിലേക്കായിട്ടു കാത്തിരുന്നു; എന്തെല്ലാം വ്രതാനുഷ്ഠാനങ്ങൾ നടത്തി; എവിടെയെല്ലാം വഴിപാടുകൾ നേൎന്നു. ഇവയുടെ ഫലമായിട്ടായിരിക്കാം ജഗദീശ്വരന് എന്നോടു കരുണതോന്നിയത്. ഒടുവിൽ അദ്ദേഹം പ്രസാദിച്ച് ഒരു ഉണ്ണിയെ നല്കി. നിൎഭാഗ്യവശാൽ അയാളുടെ മാതാവ് അകാലചരമത്തിനിടയായി. അവർ അവരുടെ അന്ത്യശാസനമെന്ന മട്ടിൽ ഒന്നപേക്ഷിച്ചു. നിൎബന്ധപൂൎവ്വം അവരുടെ മുഖത്തുനിന്നും പുറപ്പെട്ട വാക്കുകളെ അടിസ്ഥാനപ്പെടുത്തി ശങ്കുണ്ണിയെ ഉദ്ദേശിച്ച് ഒരു വഴിപാടിനു ഒരുങ്ങി. എൻെറ ശക്തിയിൽ കവിഞ്ഞതാണെങ്കിലും വൈക്കത്ത് ഒരു അൻപത്തിഒന്നു പ്രാതൽ നടത്തി.

ഉണ്ണി ചെറുപ്പത്തിൽതന്നെ ഒരു ബുദ്ധിമാൻെറ ലക്ഷണങ്ങൾ പ്രദൎശിപ്പിച്ചു. പഠിത്തത്തിൽ ജാഗ്രതയും കാണിച്ചു. അതിനാൽ പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞ് അയാളെ ഇംഗ്ലീഷുസ്കൂളിൽ അയച്ചു. തോൽവി ഒന്നുംപററാതെ അഞ്ചാറുകൊല്ലം ഇംഗ്ലീഷുപഠിച്ചു. ഒടുവിൽ സ്വാഭിപ്രായപ്രകാരംതന്നെ പഠിത്തം നിറുത്തി, ഇവിടെ സ്വസ്ഥനായി താമസിച്ചുവരവെ ഒരുദിവസം പ്രഭാതവേളയിൽ എവിടെയൊ പൊയ്ക്കളഞ്ഞു. കുറെനാളത്തേക്ക് അയാളെപററി യാതൊരറിവും കിട്ടിയില്ല; രണ്ടുമൂന്നു കൊല്ലം കഴിഞ്ഞ് ഉത്തരഇൻഡ്യയിൽനിന്നു സ്വന്തം കൈയ്യൊപ്പോടുകൂടിയ ഒരെഴുത്തുകിട്ടി. പിന്നെ മൌനമായി. മൂന്നുനാലുകൊല്ലംകൂടി കഴിഞ്ഞപ്പോൾ ഈജിപ്തിൽനിന്നും മറെറാരു കത്തുകിട്ടി. വീണ്ടും മൌനം ദീക്ഷിച്ചു. കുറെനാൾകൂടി ദുഃഖിച്ചതിൻെറ ശേഷം ഒരുദിവസം യദൃഛയാ അയാൾ ഗൃഹത്തിൽ വന്നുചേൎന്നു. ഏകദേശം ഒരുമാസം ഓരോ കഥയുംപറഞ്ഞു അയാളുമായി സുഖമായിട്ടു കഴിച്ചുകൂട്ടി. അപ്പോൾ ബാംബയിലെവിടെയൊ അയാൾക്ക് ഒരു ജോലികിട്ടി എന്ന് എഴുത്തുവരികയാൽ അങ്ങോട്ടു പോയി. അതിൽപിന്നീടു വല്ലപ്പോഴും ഒരു കത്തുകാണാനിടവരും. എന്നാൽ വിവരമായി ഒന്നും അറിഞ്ഞുകൂട. ചുരുക്കിപ്പറഞ്ഞാൽ ഞാൻ ഇപ്പോഴും അതിററ വ്യസനിക്കയാണ്. ശങ്കുണ്ണി എവിടെയൊ താമസിക്കുന്നുണ്ട്. പക്ഷെ അതുകൊണ്ടു ഞാൻ തൃപ്തനാകുന്നില്ല. അയാളെപ്പററിയുള്ള ചിന്ത എന്നെ സദാ ഭഗ്നാശയനാക്കുന്നു. എൻെറ ഈ വയറുവേദനയ്ക്കു കാരണം ഇതുതന്നെയായിരിക്കാം. എത്രനാളായി വയറുംതിരുമ്മിതിരുമ്മി ഇങ്ങിനെ ദുഃഖിച്ചു കഴിച്ചുകൂട്ടുന്നു. അയാളുടെ കാലക്ഷേപം സ്വപ്രയത്നംകൊണ്ടു അയാൾ കഴിക്കുന്നുണ്ടായിരിക്കാം. എന്നാൽ അതി

ന്ന് അത്ര ദൂരെ പോകേണ്ടല്ലൊ. ഇവിടെയായിരുന്നാൽ കണ്ടുകണ്ടോന്നി യ്ക്കയെങ്കിലും ചെയ്യാമല്ലൊ. അയാളുടെ ദൂരദേശവാസംകൊണ്ടുള്ള കണ്ടിതം ചില്ലറയല്ല. ഈ ദുരവസ്ഥ എനിക്ക നേരിട്ടതു് എന്തുകാരണത്താലാണ്. തീർച്ചയായും അതു ശങ്കുണ്ണിയെ ഇംഗ്ലീഷുപഠിപ്പിച്ചതുനിമിത്തം വന്നതുതന്നെ.

എൻെറ സ്നേഹിതൻെറ അതിരററ ഈ വിലാപം എന്നെ അശ്രുപൂർണ്ണനാക്കിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. അദ്ദേഹത്തെ അനുദിനം അധീനനാക്കിവരുന്ന അതിദുസ്സഹമായ ചിന്ത അകാരണമായിട്ടുള്ളതല്ല. ഒന്നാലോചിച്ചാൽ, ജാത്യാചാരപദ്ധതികളുടെ പൂർവ്വഗതികളെ അഗണ്യമാക്കി, ലോകത്തിൽ ഇന്നു കാണുന്ന പരിഷ്കാരോദയത്തിനു ഹേതുഭൂതമായിരിക്കുന്നതു്, ഇംഗ്ലീഷുവിദ്യാഭ്യാസത്തിൻെറ ആവിർഭാവമാണെന്നുള്ള ബോധത്തോടുകൂടി, പുത്രൻെറ അഭ്യുദയത്തെ ലക്ഷ്യമാക്കി ഇംഗ്ലീഷുസ്കൂളിൽ അയച്ചു പഠിപ്പിച്ച നിഷ്കളങ്കഹൃദയനായ പിതാവിൻെറ സദുദ്ദേശങ്ങൾക്ക വിപരീതഫലം അനുഭവിക്കാൻ ഇടയായതിൽ അദ്ദേഹത്തിനോടു നമുക്ക് അനുകമ്പയ്ക്കല്ലെ അവകാശമുള്ളു.

ഇംഗ്ലീഷുവിദ്യാഭ്യാസത്തിനോട്ട് ഈ പിതാവിനുള്ള വെറുപ്പ് അദ്ദേഹത്തെപ്പോലെ അനുഭവസ്ഥന്മാരായ മററു രക്ഷാകർത്താക്കന്മാൎക്കും തോന്നാവുന്നതുതന്നെ. എന്നാൽ അതിൻെറ ആധുനികനിലയേയും ഗുണദോഷങ്ങളേയും പററി കൂലങ്കഷമായി ചിന്തിക്കുന്നവൎക്ക് ഈ വെറുപ്പു തുഛമായിട്ടെ കാണുകയുള്ളു. ഇംഗ്ലീഷു പഠിപ്പിച്ചില്ലായിരുന്നുവെന്നു വരികിൽ പക്ഷെ മകൻ വിദേശഗമനം ചെയ്യയില്ലായിരുന്നേനെ. എന്നാൽ ഇംഗ്ലീഷുപഠിക്കാതെയും വിദേശഗമനം ചെയ്യാതെയും എത്രപേർ ഇവിടെ അസത്തുക്കളായിട്ടും ആഭാസന്മാരായിട്ടും കഴിച്ചുകൂട്ടുന്നു. ഇക്കൂട്ടർ യാതൊരു തൊഴിലും ചെയ്യാതെ, കുനിഞ്ഞുകച്ചയെടുക്കാതെ, കാരണവന്മാർ കഷ്ടപ്പെട്ടു നേടിവച്ച സമ്പാദ്യത്തെ നിർല്ലജ്ജം പുളിശ്ശേരിവെച്ചു തറവാടുനശിപ്പിച്ച്, അവിടെ മുടിയന്ത്രപ്പച്ചു കരുപ്പിച്ചശേഷം, ഇവിടെതന്നെ അങ്ങിങ്ങു അലഞ്ഞു്, എന്തൊ ഒക്കെ എഴുതിക്കൂട്ടിയ സർട്ടിഫിക്കറേറാടുകൂടിയ ഒരു കടലാസ്സും ഏന്തി ബഹുമാന്യയാചകനിലയിൽ, അന്യന്മരെ അസഹ്യപ്പെടുത്തുന്ന തരത്തിൽ നാം ദിവസേന കണ്ടുവരാറുള്ള ഒരുക്കൂട്ടം യോഗ്യന്മാരുടെ കഥ ഓർത്താൽ വിദേശത്താണെങ്കിലും സ്വപരിശ്രമംകൊണ്ടു ജീവിതം നയിക്കുന്ന ശങ്കുണ്ണിയുടെ ഗതി ആദരണീയമായിട്ടുള്ളതല്ലയോ.? സ്വദേശത്തായാലും വിദേശത്തായാലും ഓരോരുത്തനും അവനവൻെറ കാലക്ഷേപം സ്വന്തപ്രയത്നംകൊണ്ടു മാന്യനിലയിൽ കഴിച്ചുകൂട്ടുന്നുവെന്നറിയുന്നതു് അയാളുടെ ബന്ധുജനങ്ങൾക്കും നാട്ടുകാൎക്കും വള

രെ ആശ്വാസകരമായിട്ടുള്ളതാണ്. സാമാന്യവിദ്യാഭ്യാസത്തിന്റെ ഒരു പ്രാധാനഉദ്ദേശവും അതുതന്നെ.

ഇംഗ്ലീഷുവിദ്യാഭ്യാസംകൊണ്ടു നമ്മുടെ നാട്ടിൽ ഗണ്യമായ പ്രയോജനം പലതും ഉണ്ടായിട്ടുണ്ടെന്നു സമൎത്ഥിക്കാമെന്നിരിക്കിലും നമ്മുടെ ഇപ്പഴത്തെ പരിതസ്ഥിതികളെപ്പററി ചിന്തിച്ചാൽ അതു ഗുണത്തിലധികം ദോഷാവഹമായി പരിണമിക്കുന്നുണ്ടെന്നു് സാമാന്യനിരീക്ഷണക്കാൎക്ക് ഊഹ്യമാവുന്നതാണ്.

ഈ സംഗതിയെപ്പററിയുള്ള എന്റെ അഭിപ്രായം മുൻപു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന്റെ ഗൗരവം ഓൎത്താൽ അതിനെ ഇവിടെ ആവൎത്തിക്കുന്നതു് അനുചിതമായിരിക്കയില്ലെന്നു് വിശ്വസിക്കുന്നു.

നമ്മുടെ ശങ്കുണ്ണിയുടെപിതാവു് വിലപിക്കുന്ന രീതിയിലല്ലെങ്കിലും ഇംഗ്ലീഷുവിദ്യാഭ്യാസം നിമിത്തം അനല്പമായ അധോഗതിക്കു കാരണമായിത്തീൎന്നിട്ടുള്ള പല വൻതറവാടുകളിലെ ഭരണകൎത്താക്കന്മാർ അതിനെ ശപിക്കതന്നെ ചെയ്യുന്നുണ്ടു്. വിദ്യാഭ്യാസത്തിന്റെ പരമോദ്ദേശ്യമായി അവർ കരുതിവന്ന ഉദ്യോഗപന്ഥാവിലെ പ്രവേശനം സൎവ്വകലാശാലാബിരുദധാരികൾക്കു തന്നെയും സുസാധ്യമല്ലാതെ തീൎന്നിരിക്കയാണല്ലോ. നിയമബിരുദധാരികളുടെ ബാഹുല്യംകൊണ്ടു് അപൂൎവ്വം ചില വിദഗ്ദ്ധന്മാൎക്കൊഴികെ കോടതിബാറുകളിൽ ഭൂരിപക്ഷം വക്കീലന്മാൎക്ക് എത്തിനോക്കാനുള്ള സൌകൎയ്യവും കുറഞ്ഞുകുറഞ്ഞാണു വരുന്നതു്. ഉന്നതവിദ്യാസമ്പന്നന്മാർ പോലും കാലക്ഷേപമാൎഗ്ഗത്തിനായി കറങ്ങി വലയുമ്പോൾ നിർഭാഗ്യവാന്മാരായ ഇതരന്മാരുടെ കഥയെപ്പററി ചിന്തിപ്പാനുണ്ടോ.?

ഇതരദേശങ്ങളോടു സാമ്യപ്പെടുത്തി നോക്കുന്നപക്ഷം നിൎദ്ധനയായ നമ്മുടെ സംസ്ഥാനത്തിലെ സാധാരണജനങ്ങളുടെ സ്ഥിതിയ്ക്കനുരൂപമല്ലാത്ത വിധത്തിലുള്ള അമിതവ്യയം ചെയ്യേണ്ടിവരുന്ന ഇംഗ്ലീഷുസ്കൂളുകളിലും കലാശാലകളിലും പ്രവേശിച്ചു് വസ്തുവഹകളെ പണയപ്പെടുത്തി ശക്തിയിൽ കവിഞ്ഞ പണം ചിലവഴിച്ചു പഠിച്ചതിന്റെ ശേഷം സട്ടിഫിക്കേററാ ബിരുദൊ ലഭിക്കാൻ സാധിക്കാതെയും പൂൎവ്വന്മാർ അനുഷ്ഠിച്ചുവന്നിരുന്ന കൃഷിപ്പണി തുടരുന്നതിനു് അഭിമാനക്കുറവു തോന്നുകയാലൊ അഥവാ അതിനും കൊള്ളരുതാതെ ഭവിച്ചിട്ടൊ തൊഴിലൊന്നും കൂടാതെയും ചുമതലബോധമില്ലാതെയും വലഞ്ഞു കേവലം ഭൂഭാരത്തിനു മാത്രമായിട്ടു ജീവിക്കുന്നവരുടെ സംഖ്യയും വൎഷംപ്രതി ക്രമാതീതമായി വളൎന്നുകൊണ്ടിരിക്കുന്നു. അതിദുസ്സഹമായ ഈ അവസ്ഥ വന്നുകൂടുന്നതിനു മനഃപൂൎവ്വമായിട്ടല്ലെങ്കിലും ഗവൎമ്മെണ്ടും ഏറക്കുറെ അനുകൂലിക്കുന്നുണ്ടെന്നു പറയാതിരിപ്പാൻ തരമില്ല.

ഇവിടത്തെ ഇപ്പോഴത്തെ ഉദ്യോഗഭാഷ ഇംഗ്ലീഷാണല്ലൊ. സകല ഡിപ്പാർട്ടുമെൻറുകളും എഴുത്തുകുത്തു നടത്തുന്നതു് ഇംഗ്ലീഷിൽതന്നെ. ഈയിടെ ഇംഗ്ലീഷറിയാൻ പാടില്ലാത്ത ഒരു ഗ്രാൻറുവൈദ്യന ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറിലെ ഒരാപ്പീസിൽ നിന്നു കിട്ടിയ ഔദ്യോഗികക്കത്തു് ഒരു സായാഹ്നത്തിലെ നേരംപോക്കിനു വകനല്കുന്നതായിരുന്നു. ഭാഷാജ്ഞാനം വേണ്ടപോലെ സിദ്ധിച്ചിട്ടില്ലാത്ത ചില ഉദ്യോഗസ്ഥന്മാരുടെ ഇംഗ്ലീഷ് എഴുത്തുകുത്തു സ്കൂൾകുട്ടികൾക്കു തെററുതിരുത്താൻ കൊടുക്കത്തക്ക നിലയിലുള്ള വാചകങ്ങളോടു കൂടിയവയാണ്. മലയാളത്തിൽ നല്ല പാണ്ഡിത്യമുള്ള ചില വക്കീലന്മാർ യജമാനപ്രീതിയ്ക്കുവേണ്ടിയൊ കേവലം കക്ഷികളെ മിരട്ടാനായിട്ടൊ ചിലപ്പോൾ ഉപയോഗിക്കാറുള്ള ഇംഗ്ലീഷ് ഹാസ്യരസപ്രധാനമായിട്ടുള്ളതാണ്. Iam a licentious (for licensed) pleader of the High Court; my wife's body is very delicious(for delicate)എന്ന പ്രയോഗങ്ങൾ ഒരു വക്കീൽ ഉപയോഗിച്ചതു സവ്വവിദിതമാണല്ലൊ. പല അവസരങ്ങളിലും പ്രാഥമികവിദ്യാലയങ്ങൾ, പകുതിക്കച്ചേരി മുതലായ സ്ഥാപനങ്ങളിൽ അക്ഷരവ്യക്തിപോലും ഇല്ലാതെ കല്ലച്ചിൽ അച്ചടിച്ചു് ഇംഗ്ലീഷിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ലഭിക്കാറുണ്ടു്. കായ്യം എന്താണെന്നു മനസ്സിലാവുന്നതിനു് ഭാരവാഹികൾ കുഴങ്ങാറും ഉണ്ടു്.

വാസ്തവത്തിൽ നമ്മുടെ ഗവമ്മെണ്ടിനു ആഭ്യന്തരമായ എഴുത്തുകുത്തുകൾക്കു് ഇംഗ്ലീഷ് ഭാഷ ആവശ്യമുണ്ടോ. എല്ലാം മലയാളത്തിലാക്കിയാൽ ബുദ്ധിമുട്ടുകൂടാതെ ജീവനക്കാക്കു കാര്യം എളുപ്പത്തിൽ ഗ്രഹിക്കാമെന്നു മാത്രമല്ല, താണതരം ജോലികൾക്കു പോലും ചിലപ്പോൾ ചില പ്രമാണികൾ വിദേശത്തുനിന്നു ആളുകളെ ഇറക്കുമതി ചെയ്യുന്ന രീതിയെ തടയുന്നതിനും നാട്ടുഭരണം സവ്വഥാ നാട്ടുകാരെക്കൊണ്ടു തന്നെ നടത്തിയ്ക്കുന്നതിനും തന്മൂലം നമ്മുടെ തൊഴിലില്ലാസംഘത്തിനു അല്പം ഒരാശ്വാസം ലഭിക്കുന്നതിനും ഇടയുള്ളതാണ്. ഭരണഭാഷ ഇംഗ്ലീഷായി പരിണമിച്ചുകൊണ്ടിരിക്കുന്നതു നിമിത്തമാണു രക്ഷാകത്താക്കന്മാർ ഉദ്യോഗസമ്പാദനത്തെ ലാക്കാക്കി തങ്ങളുടെ കുട്ടികളെ സ്ഥാനത്തിലും അസ്ഥാനത്തിലും ഇംഗ്ലീഷുസ്കൂളുകളിൽ അയക്കുന്നതു്. ഈ നയംതന്നെ തുടൻകൊണ്ടിരിക്കുന്നപക്ഷം ഇംഗീഷുവിദ്യാലയസ്ഥാപനങ്ങൾ ഇനിയും കൂടിവരുന്നതിനും അമിതമായ പണച്ചിലവിനെ വകവയ്ക്കാതെ പ്രയോജനശൂന്യമായിട്ടാണെങ്കിലും ഇവിടത്തെ രക്ഷാകത്താക്കന്മാർ കുട്ടികളെ ഇംഗീഷ് സ്കൂളുകളിൽ അയച്ചു കുടുംബനാശത്തിനുള്ള പന്ഥാവുതന്നെ സ്വീകരിച്ചുകൊണ്ടിരിക്കുന്നതിനും കാരണമാകും.

ഉദ്യോഗഭാഷ ഇംഗീഷായിരിക്കുന്നിടത്തോളംകാലം കുട്ടികളെ ഇംഗീഷുസ്കൂളിൽ അയയ്ക്കരുതെന്നൊ, അനാവശ്യമായി ദ്രവ്യയംചെയ്യു കുടും

ബത്തെ അധഃപ്പതിക്കരുതെന്നൊ രക്ഷാകൎത്താക്കന്മാരോട് ഉപദേശിക്കുന്നതു കൊണ്ട് ഫലം ഒന്നും ഉണ്ടാവാനില്ല. അതിനാൽ ഇപ്പഴത്തെ രീതി മാററി നിവൃത്തിയുള്ളിടത്തോളം എല്ലാ കച്ചേരികളിലും കോടതികളിലും മലയാളഭാഷയെ ഭരണഭാഷയായി സ്വീകരിപ്പിക്കുന്നതിനു പൊതുജനങ്ങളും ജനപ്രതിനിധികളും ശാഠ്യംപിടിച്ചു പ്രവൎത്തിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഇതു ക്ഷണസാദ്ധ്യമല്ലെന്നു തോന്നുന്നപക്ഷം നാട്ടിന്റെ നന്മയെയും സാധാരണജനങ്ങളുടെ ശ്രേയസ്സിനേയുംഓൎത്തു പ്രയോജനകരമായവിധത്തിൽ കുട്ടികളെ ശരിയായി വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും അമിതവ്യയംചെയ്തുള്ള നിഷ്പ്രയോജനമായ വിദ്യാഭ്യാസരീതികളെ തടയുന്നതിനും പ്രമാണികൾ യത്നിച്ചാലും തല്ക്കാലം മതിയാവുന്നതാണ്. ധനവാന്മാർ മാത്രമെ അതായതു ആണ്ടിൽ അഞ്ഞൂറു രൂപയോളമെങ്കിലും മിച്ചംവയ്ക്കാൻ സാധിക്കുന്നവർ മാത്രമെ കുട്ടികൾക്കു ഉന്നതവിദ്യാഭ്യാസം നല്കുന്നതിന് ഒരുങ്ങാവു. എന്നാൽ ധനസ്ഥിതി കുറവുള്ള നിലയിലായിരുന്നാലും എവിടെയെങ്കിലും വിശേഷബുദ്ധിശക്തികളോടുകൂടിയ കുട്ടികൾ ഉണ്ടായിരുന്നാൽ അവരെ സമുദായസ്വത്തായി കരുതി അവരുടെ വിദ്യാഭ്യാസത്തെ ശോഭനീയമാകുംവണ്ണം പൂൎത്തിയാക്കുന്നതിനു കരയോഗക്കാരും, സമുദായഭക്തന്മാരും ഒത്തൊരുമിച്ചു സഹകരിച്ചു പ്രവൎത്തിക്കുന്നതു ഏററവും അഭിലഷണീയമായിത്തീരുന്നതാണ്.

# തൊഴിലില്ലായ്മയും ദാരിദ്ര്യവും.

(സി. അന്തപ്പായി ബി. എ.)

ഒരൊഴിവുണ്ടായാൽ അതിന് അഞ്ഞൂറപേക്ഷകന്മാർ പുറപ്പെട്ടുവരുന്നു. എന്നിട്ടും വിദ്യാഭ്യാസം ചെയ്യുന്നതും പരീക്ഷകൾ പാസ്സാകുന്നതും സൎക്കാർഉദ്യോഗത്തിൽ പ്രവേശിച്ച് ഉപജീവിക്കാമെന്ന ഉദ്ദേശ്യമാത്രത്തോടു കൂടെയാണ്. ഒരു ബി. എ. കാരൻ, ശിപായിയെങ്കിൽ ശിപായി, അതായാലും മതി, എന്നുവെച്ചു സൎക്കാർജോലിയിൽ കടന്നുകൂടി. സ്കൂൾ ഫൈനൽക്കാർ അഞ്ചലോട്ടം സ്വീകരിച്ചിട്ടുമുണ്ട്. ഇവിടെ ഒടുവിൽപറഞ്ഞവർ ക്ഷേത്രഗണിതം പഠിച്ചിട്ടുള്ളവരാണെങ്കിൽ A straight line is the shortest distance between any two points (രണ്ടു ബിന്ദുക്കൾതമ്മിൽ ഏററംകുറഞ്ഞ അകലം ഒരു നേർരേഖയാണ്) എന്ന തത്വം അറിഞ്ഞി

ട്ടുള്ളവരായിരിക്കും. എങ്കിലും അഞ്ചൽകെട്ടു തലയിൽ വെച്ചു ചുമന്നുകൊണ്ടോടുമ്പോൾ വഴിയുടെ വളവുപിരിവുകൾ നിമിത്തം ഈ അറിവുകൊണ്ടും വലിയ പ്രയോജനമുണ്ടാകുന്നില്ല. കൂലിവേല ചെയ്യുന്നവൎക്കു പ്രതിദിനം എട്ടു് അണമുതൽ ഒരു രൂപവരെ കൂലികിട്ടുന്നു. തലമുടി ക്രോപ്പുചെയ്തു് എണ്ണപുരട്ടി ചീകിമിനുക്കിയിടുന്ന ഈ കാലത്തു് ഒരു ക്ഷുരകനു നാൾതോറും രണ്ടുരൂപ വരെയും, ചിലപ്പോൾ അതിലധികവും പ്രതിഫലം ലഭിക്കുന്നു. കൂലിവേലക്കാരനു മൂലധനം ഒന്നുംതന്നെ ഇറക്കേണ്ടതില്ലല്ലോ. ക്ഷുരകൻ ഏറിയപക്ഷം അൻപതുരൂപ ഇറക്കിയാൽ ഒരു ഒന്നാംതരം ക്ഷുരകശാല അവനു നടത്തിക്കൊണ്ടുപോകാം. കൂലിക്കാരനായാലും ക്ഷുരകനായാലും രജകനായാലും തക്ഷകനായാലും സൎക്കാർ ഉദ്യോഗസ്ഥനായാലും കിട്ടുന്ന ഓരോരുപയ്ക്കും ശരി പതിനാറു് അണ വീതമാണു വില. മേൽപറഞ്ഞ തൊഴിൽക്കാൎക്കു് അവരെ ഏല്പിച്ച ജോലിചെയ്തു കൂലിവാങ്ങി സ്വതന്ത്രന്മാരായി ജീവിക്കാം. സൎക്കാർകീഴ് ജീവനക്കാൎക്കാകട്ടെ "ഏമാന്റെ" മുഖം നോക്കി അയാളെ ആശ്രയിച്ചു നില്ക്കണം. മുഖം കറക്കുന്നുണ്ടോ, അതോ അവിടെ മന്ദഹാസം സ്ഫുരിക്കുന്നുണ്ടോ എന്നൊക്കെ നോക്കി നില്ക്കാഞ്ഞാൽ തരംതാഴ്ത്തൽ, പിഴ, സ്ഥലംമാററം ഇത്യാദി ഫലങ്ങളുണ്ടാകും. ഇവരിൽ പലൎക്കും ഒരു കൈത്തൊഴിൽക്കാരന്റേതിനേക്കാൾ കുറഞ്ഞ വേതനമാണു ലഭിക്കുന്നതു്. അവർ പല പരീക്ഷകൾ പാസ്സായിട്ടുണ്ടു്, അനേകം ശാസ്ത്രങ്ങൾ പഠിച്ചിട്ടുണ്ടു്, അനവധി പണവും കാലവും ചെലവുചെയ്തിട്ടുണ്ടു്, വായിച്ചുവായിച്ചു തൊണ്ട കാറിയിട്ടുണ്ടു്—ഇവയെല്ലാം ശരിതന്നെ. എന്നാൽ, മുൻകാലങ്ങളിൽ പാസ്സുള്ളവർ ചുരുക്കമായിരുന്നു. അതിനാൽ അവൎക്കു സൎക്കാർജോലി സുലഭമായിക്കിട്ടിയിരുന്നു. ഇപ്പോഴാകട്ടെ ആ കാലം പോയി. പാസ്സിന്റെ ചന്തവില ദുഃഖകരമാംവണ്ണം കുറഞ്ഞിരിക്കുന്നു. പാസ്സുകാരെ മുട്ടിയിട്ടു വഴിനടക്കുവാൻ പ്രയാസമെന്നുള്ള മട്ടായിരിക്കുന്നു. ഇങ്ങനെ പറയുന്നതിൽ കിടക്കുന്ന അതിശയോക്തി പ്രായേണ ക്ഷന്തവ്യമാണു്. ഒരു പശു ഓടിയാൽ അതിന്റെ പിന്നാലെ കൂട്ടത്തിലെ മറെറല്ലാ പശുക്കളും ഓടുന്നതുപോലെ ഉന്നതവിദ്യാഭ്യാസമെന്നു പറയപ്പെടുന്ന കാൎയ്യത്തിനുവേണ്ടി പലരും പുറപ്പെടുന്നു. അപ്പോൾ യാതൊരു വിവേചനവും കൂടാതെ അസംഖ്യംപേർ അവരെ അനുകരിക്കുന്നു. ഉപജീവനമാൎഗ്ഗമാണു് ഈ വിധമായ കൎമ്മത്തിന്റെ ലക്ഷ്യമെങ്കിൽ ആ ലക്ഷ്യത്തെ പ്രാപിക്കുന്നവർ എത്ര, പ്രാപിപ്പാൻ കഴിയാതെ ഉഴല്ലൂർ ദേവസ്വത്തിൽകടന്നു വലയുന്നവർ എത്ര, എന്നെല്ലാം സാവധാനം ആലോചിക്കേണ്ടതാണു്. ഹേമമൃഗത്തിന്റെ ജന്മം അസംഭവമാണെന്നറിഞ്ഞിരുന്നിട്ടും അതിന്റെ പിന്നാലെ ഓടി വിയൎത്തു കിതച്ചു വലയുന്നതെന്തിനു്.?

ഇംഗ്ലീഷും മറെറാരു ഭാഷയും പല ശാസ്ത്രങ്ങളും വിദ്യാശാലകളിൽ പഠിപ്പിക്കപ്പെടുന്നു. അങ്കഗണിതം, ബീജഗണിതം, ക്ഷേത്രഗണിതം, ഇവ കൂടാതെയുള്ള മേത്തരം ഗണിതശാസ്ത്രങ്ങൾ, രസതന്ത്രം, പദാർത്ഥശാസ്ത്രം, ചരിത്രം, ഔഷധശാസ്ത്രം, പ്രാണിവിദ്യ, തക്കം, അധ്യാത്മവിദ്യ—ഇത്യാദികളാണു ആ ശാസ്ത്രങ്ങൾ. ഇവയുടെ അഭ്യസനത്താൽ യുവാക്കന്മാക്കു കുറെ മനഃസംസ്കാരം സിദ്ധിക്കുമെന്നും അവരുടെ ശീലം ആ വഴിക്കു നന്നാകുമെന്നും, പ്രപഞ്ചത്തെ സംബന്ധിച്ച സാമാന്യമായ അറിവ് അവക്കുണ്ടാകുമെന്നും പറയുന്നതു സത്യംതന്നെ. എന്നാൽ ഇന്ത്യയുടെ സാമ്പത്തികമായ സ്ഥിതിയും, വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ ചെലവുചെയ്യുന്ന കാലവും യത്നവും ദ്രവ്യവും, തമ്മിൽ ഉപമിച്ചു നോക്കിയാൽ ഇച്ഛാഭംഗമാണു ഫലമെന്ന് പറയാതെ കഴികയില്ല. നിവൃത്തിയുള്ളവർ തങ്ങളുടെ കുട്ടികളെ ഇംഗ്ലീഷുഭാഷ സാമാന്യമായി വായിപ്പാനും എഴുതുവാനും സംസാരിപ്പാനും വശമാക്കുന്നതു് ഈ കാലത്തിൻെറ ആവശ്യകയ്ക്കു കുറെ ആവശ്യമാകുന്നു. അതിനു നിവൃത്തിയില്ലാത്തവർ ഇപ്രകാരം ചെയ്യാൻ തുനിയാതിരിക്കയാണ് ഉത്തമം. മനഃസംസ്കാരത്തെ ലക്ഷ്യമാക്കിയല്ല വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസത്തിനായി അവരുടെ മാതാപിതാക്കന്മാർ അയയ്ക്കുന്നതു്. ആ ഉദ്ദേശ്യമുള്ളവർ ആയിരത്തിൽ ഒന്നുവീതമെങ്കിലും ഉണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മുൻപറഞ്ഞതുപോലെ അവരുടെ ലക്ഷ്യം സക്കാർഉദ്യോഗലാഭം മാത്രമാണ്. പരീക്ഷകൾ പാസ്സായതിനു ശേഷം അല്പകാലത്തിനകത്തു വിദ്യാർത്ഥികൾ പഠിച്ച വിഷയങ്ങൾ മിക്കവാറും മാഞ്ഞുപോകുന്നു. അവക്കു ലഭിച്ച ഡിഗ്രി മാത്രം ശേഷിക്കും. വാസ്തവം പറയുന്നതായാൽ വിദ്യാർത്ഥികൾ പഠിച്ച വിഷയങ്ങൾകൊണ്ടു ശേഷമുള്ളവരുടെ ജീവിതകാലത്തിൽ വലിയ പ്രയോജനമൊന്നുമില്ല. ഡിഗ്രി കിട്ടിയാൽ സക്കാർജോലിക്കുള്ള അന്വേഷണങ്ങൾ തുടങ്ങും. ഈ ജോലി ലഭിക്കുന്ന കാര്യം വളരെ സന്ദിഗ്ദ്ധവുമാണ്. പൌരന്മാക്കു സക്കാർ ഉദ്യോഗങ്ങൾ സാമാന്യമായി ലഭിച്ചു എന്നുവന്നാൽതന്നെയും അതുകൊണ്ടു രാജ്യത്തിൻെറ ആകെയുള്ള സമ്പത്തു വദ്ധിക്കുകയില്ല. വദ്ധിക്കണമെങ്കിൽ കൃഷി, കച്ചവടം, കൈത്തൊഴിൽ എന്നീ മൂന്നു വഴികളാണുള്ളതു്. പലവക സാമാനങ്ങൾ വില്ക്കുന്ന ഒരു ഷാപ്പിൽ, അല്ലെങ്കിൽ പീടികയിൽ കയറി നോക്കിയാൽ അവിടെ കാണുന്ന സാമാനങ്ങളെല്ലാം പരദേശങ്ങളിൽ പണിചെയ്തു ഇറക്കുമതി ചെയ്യപ്പെട്ടവയായിരിക്കും. ആവക സാമാനങ്ങളെല്ലാം ഈ നാട്ടിൽതന്നെ നിമ്മിക്കുവാൻ സാധ്യമല്ലെന്ന് ഒരുകാലത്തും പറഞ്ഞുകൂട. വേണമെങ്കിൽ എല്ലാം ഇവിടെ ഉണ്ടാക്കാവുന്നവയാണ്. എന്നാൽ ഒരു മൊട്ടുസൂചിപോലും ഇവിടെ ഉണ്ടാക്കുന്നില്ല. ഈ വിഷയത്തിൽ ജനസാമാന്യത്തിൻെറയൊ ഗവമ്മേണ്ടിൻെറയൊ ശ്രദ്ധ പ

തിഞ്ഞുകാണാത്തതു് അത്യന്തം ദുഃഖകരമാണു്.

കൃഷി, കച്ചവടം, കൈത്തൊഴിൽ ഈ മൂന്നുവഴിക്കാണു് ഒരു രാജ്യത്തിന്റെ സമ്പത്തു വൎദ്ധിക്കുന്നതു്. കൃഷിക്കു് ഉപയുക്തമായ മേത്തരം വളങ്ങളും ഉപകരണങ്ങളും ഗവൎമ്മെണ്ടിൽനിന്നു മൊത്തമായി വാങ്ങി എല്ലാ വില്ലേജ്ജുകളിലും വാങ്ങിയവിലയ്ക്കുതന്നെ അപേക്ഷകന്മാൎക്കു വില്ക്കുക; ആ വളങ്ങളുടെ പ്രയോജനം ലഘുലേഖകൾ വഴിയായി ജനസാമാന്യത്തെ അറിയിക്കുക; തരിശായി കിടക്കുന്ന സ്ഥലങ്ങൾ അന്യൎക്കു കൊടുക്കാതെ പ്രജകൾക്കു പതിച്ചുകൊടുക്കുക; അധികൃതന്മാർ പ്രജാവലിയുടെ ഇടയിൽ സഞ്ചരിച്ചു വാങ്ങ്മൂലമായ ഉപദേശങ്ങൾ സ്നേഹപൂൎവ്വം നല്കുക; ഇവിടെനിന്നു പുറത്തേയ്ക്കു് കയററിഅയയ്ക്കുന്ന വിവിധങ്ങളായ പരുക്കൻചരക്കുകളെ സംസ്കൃതസാധനങ്ങളാക്കിത്തീൎപ്പാൻ ആവശ്യമായ വൈദഗ്ദ്ധ്യം സമ്പാദിക്കുന്നതിനു് ഈ നാട്ടുകാരെ പാശ്ചാത്യദേശങ്ങളിലേക്കു സൎക്കാർചെലവിന്മേൽ അയച്ചു വരുത്തുക; അല്ലെങ്കിൽ വിദഗ്ദ്ധന്മാരെ ഇവിടെയ്ക്കു വരുത്തി നാനാവിധം തൊഴിലുകൾ ജനങ്ങളെ അഭ്യസിപ്പിച്ചു് അവിടവിടെയായി കൈത്തൊഴിൽശാലകൾ സ്ഥാപിക്കുക; ഇവയുടെ ഗുണങ്ങളെ ശരിയായ കണക്കുകൾ വെച്ചു ജനങ്ങളെ ബോധ്യപ്പെടുത്തുക; പുറമെനിന്നു കുറഞ്ഞവിലയ്ക്കു് തള്ളിക്കയറിവരുന്ന സാധനങ്ങളെ തടയുവാൻ കാലോചിതങ്ങളായ തീരുവകൾ നിശ്ചയിക്കുക—ഈവിധമൊക്കെ പ്രവൎത്തിച്ചാൽ നാട്ടിലെ പണം പുറത്തുപോകാതെ ഇരിക്കയും ധനസമ്പാദനത്തിൽ രാജ്യത്തിനു ക്രമേണ അഭ്യുദയമുണ്ടാകുകയും ചെയ്യും. വിദേശീയരുടെ കപ്പലുകൾ വന്നു നമ്മുടെ അസംസ്കൃതസാധനങ്ങളെ അല്പവിലയ്ക്കു വാങ്ങി മൊത്തമായി കയററിക്കൊണ്ടുപോകുവാൻ സമ്മതിക്കരുതു്. അവയെയെല്ലാം ഈ നാട്ടിൽത്തന്നെ നാനാസംസ്കൃതസാധനങ്ങളാക്കി തീൎക്കാവുന്നാണു്. ആധുനികവിദ്യാഭ്യാസത്തിന്റെ പാഠപദ്ധതി ഏകദേശം ഒരു ശതാബ്ദത്തിനു മുമ്പു പക്ഷേ സദുദ്ദേശ്യത്തോടുകൂടി, നിൎമ്മിച്ചിട്ടുള്ളതാണു്. എന്നാൽ അതിനെ പ്രധാനമായി അനുസരിക്കുക നിമിത്തം ഇന്ത്യ അത്യന്തം ദരിദ്രമായിത്തീൎന്നിട്ടുണ്ടു്. ആയതിനാൽ, മേലിലെങ്കിലും ആ പദ്ധതിയെ യഥോചിതം പരിഷ്കരിച്ചു് അല്ലെങ്കിൽ ത്യജിച്ചു് രാജ്യത്തിനു സാമ്പത്തികമായ അഭിവൃദ്ധിയുണ്ടാക്കുന്നതിനു ആവശ്യകങ്ങളായ മാൎഗ്ഗങ്ങളിൽ ജനാവലിയുടെ ശ്രദ്ധ പതിയേണ്ടതാണു്. സൎക്കാർ ഉദ്യോഗങ്ങൾ ലഭിച്ചു ജന്മസാഫല്യം വരുത്താമെന്നും അതിനുവേണ്ടി ഡിഗ്രിസമ്പാദിക്കണമെന്നുമുള്ള മനോഭാവം നിശ്ശേഷം കളയാഞ്ഞാൽ നമ്മുടെനാട്ടു് എന്നും ദാരിദ്ര്യകൂപത്തിൽ കിടന്നു വലയും.

# ഒരു സ്വാഗതം.

(ആർ. ഈശ്വരപിള്ള ബി. എ.)

(പറവൂർവച്ചു കൂടിയ പരസ്പരസഹായസംഘങ്ങളുടെ ഒരു സമ്മേളനത്തിൽ വായിച്ചതു്)

ഭാരതീയരായ നാം പണ്ടേതന്നെ അതിഥിസല്ക്കാരപ്രിയന്മാരാണെന്നു പ്രസിദ്ധമാണല്ലൊ. ക്ഷണിച്ചൊ ക്ഷണിക്കാതെയോ വരുന്ന അതിഥികളോടു് ആദ്യമായി നാം കുശലപ്രശ്നം ചെയ്യുകയും പിന്നീടു് അവരെ അർഘ്യപാദ്യാദികൾകൊണ്ടു പൂജിക്കയും അനന്തരം ആസനംനല്കി മധുപക്കാദികൊണ്ടോ മററുവിധത്തിലൊ അവരുടെ ദേഹാഹാദികൾ ശമിപ്പിച്ചു സന്തോഷിപ്പിക്കയും ചെയ്യുന്നു. എന്നാൽ ഇന്നു നാം ഈ ചടങ്ങുകളിൽ പലതും ഉപേക്ഷിച്ചു കുശലപ്രശ്നം ഒന്നുകൊണ്ടു മാത്രം കഴിച്ചുകൂട്ടുകയാണു ചെയ്യുന്നതു്. ഇങ്ങിനെയുള്ള സമ്മേളനങ്ങളിൽ ഇതുതന്നെയാണു് പ്രധാനചടങ്ങാക്കി വച്ചിരിക്കുന്നതു്. ഇതു നാം ഉപേക്ഷിച്ചിട്ടില്ലെന്നുള്ളതുതന്നെ അല്പം ചാരിതാൎത്ഥ്യജനകമാണു്. ഈ പതിവനുസരിച്ചു ഞാനും സമ്മേളനപ്രതിനിധിയെന്ന നിലയിൽ ഇന്നിവിടെ സന്നിഹിതനായിരിക്കുന്ന മാന്യ അതിഥികൾക്കും പ്രത്യേകിച്ചു് അദ്ധ്യക്ഷനും പ്രാസംഗികന്മാൎക്കും ഹൃദയപൂർവം സ്വാഗതം പറഞ്ഞുകൊള്ളുന്നു.

'അഘവും നീങ്ങിമെസവം
ഗൃഹവും പൂതമായിപ്പോൾ"

എന്നു് ഒരു മഹർഷിയുടെ ആഗമനത്തിൽ ഒരു രാജാവു പറഞ്ഞതുപോലെ പൂജ്യന്മാരായ നിങ്ങളുടെ സാന്നിധ്യംകൊണ്ടു് ഇന്നത്തെ സമ്മേളനം നിശ്ചയമായി സഫലമായും ശുഭമായും ഭവിക്കുമെന്നു് ഞങ്ങൾ അനുമാനിച്ചുകൊള്ളുന്നു.

പരസ്പരസഹായസംഘങ്ങളുടെ സമ്മേളനം ഇദംപ്രഥമമായിട്ടാണു പറവൂർതാലൂക്കിൽ നടക്കുന്നതു്. ഇതു പലവിധത്തിലും ഞങ്ങൾ ഒരു മഹൽകാൎയ്യമായിട്ടാണു വിചാരിക്കുന്നതു്. പരസ്പരസഹായസംഘങ്ങളുടെ പ്രവൎത്തനവിഷയത്തിൽ പറവൂരിനു് അല്പം കളങ്കംപററിയിട്ടുണ്ടെന്നുള്ളതു ഞങ്ങൾ വിസ്മരിക്കുന്നില്ല. അതു് ഈ പ്രസ്ഥാനത്തിൻെറ ആരംഭകാലത്തിലും ഈ വിഷയത്തിലുള്ള പ്രായോഗികജ്ഞാനത്തിൻേറയും പരിചയത്തിൻേറയും അഭാവത്തിലും വന്നുകൂടിയിട്ടുള്ളതാകകൊണ്ടു് അതു ദാക്ഷിണ്യദൃഷ്ട്യാ ഏറെക്കുറെ ക്ഷന്തവ്യമായിരിക്കുമെന്നു് വിചാരിക്കുന്നു. എ

ന്നതന്നെയുമല്ലാ, പരാജയം തീരെ നിഷ്പ്രയോജനമാണെന്നും വിചാരിച്ചുകൂട. പരാജയങ്ങൾ വിജയത്തിൻെറ മൂലത്തൂണുകളാണെന്നാണു പറയപ്പെട്ടിരിക്കുന്നതു്. പരാജയം പല വിലയേറിയ പാഠങ്ങൾ നമുക്കു നല്കുന്നു. അതു് വിജയം ഒരിക്കലും ചെയ്യാത്തവിധത്തിൽ നമ്മുടെ ന്യൂനതകളെ പ്രത്യക്ഷപ്പെടുത്തി പരിഹാരമാർഗ്ഗങ്ങൾ നമുക്കുപദേശിച്ചുതരുന്നു. ഈ പരാജയത്തിൻെറ ഒരു ദൂരാധിരൂഢഫലമല്ലയൊ ഇന്നത്തെ ഈ സമ്മേളനത്തിനു ഹേതുവായി ഭവിച്ചിരിക്കുന്നതെന്നും കൂടി സംശയിക്കുന്നു. പറവൂക്കാർക്കു് മുമ്പു പററിയ ആ കളങ്കത്തെ ഇന്നത്തെ ഈസമ്മേളനം സർവ്വപ്രകാരേണ ഉന്മാർജ്ജനം ചെയ്യുമെന്നു വിശ്വസിക്കുന്നു. തിരുവിതാംകൂറിൻെറ ഉത്തരസീമയോടടുത്തു സ്ഥിതിചെയ്യുന്നതും തന്മൂലം കേന്ദ്രത്തിൽനിന്നും പുറപ്പെടുന്ന പരിഷ്കാരകിരണങ്ങൾ താമസിച്ച് അല്പം തണുത്തുമാത്രമെത്തുന്നതുമായ ഈ താലൂക്കിൽ ഇപ്രകാരമുള്ള പ്രഥമശ്രമങ്ങളിൽ പല സ്ഖലിതങ്ങളും വരുന്നതു തീരെ അസംഭാവ്യമല്ലല്ലൊ. മററുള്ള സ്ഥലങ്ങളിലെപ്പോലെ പൂർണ്ണത ഇവിടെ പ്രതീക്ഷിക്കുന്നതും യുക്തമായിരിക്കയില്ല. പുരോഭാഗികൾ ഇതു ഓർമ്മിക്കേണ്ട ഒരു സംഗതിയാണ്. പറവൂരിലെ പരസ്പരസഹായപ്രസ്ഥാനത്തിൻെറ പൂർവ്വചരിത്രത്തിൽ അനാശാസ്യമായ ഒന്നുരണ്ടു് അധ്യായങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ ഇതഃപരം എഴുതപ്പെടുന്ന അതിൻെറ ചരിത്രത്തിൽ ഇങ്ങിനെ ഒരധ്യായത്തിന് ഇനി സ്ഥാനം നൽകയില്ലെന്ന് ഇന്നത്തെ ഈ സമ്മേളനംതന്നെ നമുക്കൊരുവിധം ഉറപ്പു നല്കുന്നുണ്ട്. ഞാൻ ഇത്രയും പറവാനിടയായതു് തെററു ചെയ്കയെന്നുള്ളതു മനുഷ്യസാധാരണമായ ഒന്നാണെന്നും ഈ സ്ഥലത്തുള്ള ജനങ്ങൾ മാത്രമല്ല ഈ വിഷയത്തിൽ അപരാധികളെന്നും കാണിക്കുവാനായിട്ടു മാത്രമാണ്. ഏതെങ്കിലും ഒരിക്കൽ വന്ന അബദ്ധം ആവർത്തിക്കാതിരിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

പരസ്പരസഹായപ്രസ്ഥാനം ഇന്നത്തെ ഒരു നൂതനമായ ഏർപ്പാടല്ല. ഭാരതീയരായ നാം ഇതിൻെറ സൽഫലത്തെ മനസ്സിലാക്കി പ്രവൃത്തിച്ചിരുന്നുവെന്നുള്ളതിനു ലക്ഷ്യങ്ങൾ ഇല്ലാതില്ല. ഭാരതത്തിലെ ഗ്രാമസംഘടനയും കേരളത്തിലെ കരയോഗങ്ങളും ഇവയ്ക്കുള്ള അനേകം ദൃഷ്ടാന്തങ്ങളിൽ ചിലതാണ്. കുടുംബങ്ങളും സമുദായങ്ങളും രാഷ്ട്രങ്ങളും തന്നെ ഈ തത്വത്തിന്മേൽ സ്ഥാപിതങ്ങളാണെന്ന് അല്പം ആലോചിച്ചാൽ മനസ്സിലാകുന്നതാണ്. എന്നാൽ ഈ സ്ഥാപനങ്ങളൊക്കെയും അവയുടെ ആദ്യ ഉദ്ദേശ്യങ്ങളിൽ നിന്നും പ്രവൃത്തിമാർഗ്ഗത്തിൽനിന്നും വളരെക്കാലം മുമ്പുതന്നെ വ്യതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. പരസ്പരസഹായത്തിനു പകരം ഇപ്പോൾ അവ പരസ്പരനിരോധനത്തെയാണ് അവലംബിച്ചിരിക്കുന്നതെന്നു പലപ്പോഴും തോന്നിപ്പോകുന്നു. നാം ഇന്നു പലവി

ധത്തിലും നമ്മുടെ പ്രഥമാദർശങ്ങളിൽ നിന്നും പശ്ചാൽകൃതന്മാരായിട്ടുണ്ടെന്നുള്ളതു് അല്പം വിസമ്മതത്തോടുകൂടിയാണെങ്കിലും സമ്മതിക്കാതെ കഴികയില്ല. ഒരിക്കൽ സ്വദേശീയമായിരുന്നതും നാം കൈവിട്ടു കളഞ്ഞതുമായ ഏർപ്പാടു് ഇന്നു വിദേശീയമായിട്ടാണു് നമുക്കു ലഭിച്ചിരിക്കുന്നതു്. ഏതെങ്കിലും നഷ്ടമായതു രൂപം മാറിയെങ്കിലും കിട്ടിയെന്നുള്ളതു ചാരിതാർത്ഥ്യജനകംതന്നെയാണു്. തിരുവിതാംകൂറിൽ പരസ്പരസഹായപ്രസ്ഥാനത്തിന്റെ ആവിർഭാവം യേനകേനപ്രകാരേണ നമുക്കെല്ലാവർക്കും ശുഭോദർക്കമായ ഒരു സംഗതിയാണെന്നുള്ളതിനു സംശയമില്ല. ൧൫ കൊല്ലത്തിനിടക്കു് അതിന്റെ വളർച്ചയും വികാസവും അത്ഭുതകരമായിട്ടാണിരിക്കുന്നതു്. അതു് ഇന്നു ശാഖോപശാഖമായി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും-നഗരങ്ങളിലും-ഗ്രാമങ്ങളിലും-അധഃസ്ഥിതരുടേയും- സമുദ്ധൃതരുടേയും-ഉദ്യോഗസ്ഥന്മാരുടേയും-കൂലിവേലക്കാരുടേയും- നിർദ്ധനന്മാരുടേയും-ധനവാന്മാരുടേയും ഇടയിലും ഇപ്പോൾ വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. പുതിയ സംഘങ്ങൾ പ്രതിദിനം എന്നപോലെ വർദ്ധിച്ചുവരുന്നു. ഇതുനിമിത്തം ജനങ്ങൾ സാമ്പത്തികനിലയിലും-സാന്മാർഗ്ഗികനിലയിലും മററും ക്രമശഃ ഉയന്നുവരുന്നുണ്ടെന്നുള്ളതിനും സംശയമില്ല. ഈ പ്രസ്ഥാനം വാസ്തവത്തിൽ ജനങ്ങൾക്കു പ്രായോഗികവിദ്യാഭ്യാസം നല്കുന്നതിനുള്ള ഒരു പ്രധാനോപകരണവും കൂടിയാണു്. ന്യായമായിട്ടുള്ള ധനാർജ്ജനോപായം-കൊടുക്കൽ വാങ്ങലിൽ കണിശം-മിതവ്യയം-ഉത്തരവാദിത്വബോധം-സ്വാർത്ഥത്യാഗം-സത്യസന്ധത-ഒത്തൊരുമ- ഘടനാശക്തി-ഭരണനൈപുണ്യം- പരോപകാരതല്പരത-സമുദായമൈത്രി- മുതലായി പല ശ്രേഷ്ഠഗുണങ്ങളും ഈ പ്രസ്ഥാനം നമ്മിൽ ജനിപ്പിച്ചു വികസിപ്പിക്കുകയും ആ വഴിക്കു നമ്മെ ഉത്തമപൌരന്മാരും ഉൽകൃഷ്ടജീവികളുമാക്കിത്തീർക്കുകയും ചെയ്യുന്നു. ധനവ്യാപാരികളായ വാദ്ധുഷികന്മാരിൽനിന്നും ഈ പ്രസ്ഥാനം എത്രയോ ജനങ്ങളെ പ്രതിദിനം രക്ഷിക്കപ്പെടുത്തുന്നു. ഇതു് ഇപ്പോൾതന്നെ ജനങ്ങൾക്കു ക്ഷേമപ്രദമായ ഒരു ഘട്ടത്തിലെത്തിയിരിക്കുന്ന സ്ഥിതിക്കു കാലക്രമേണ ഇതു നമുക്കെല്ലാവർക്കും ഒരനർഘമായ അനുഗ്രഹമായി ഭവിക്കുമെന്നുള്ളതിനു രണ്ടുപക്ഷം ഇല്ല. ഇതു കേവലം ഒരു ജനകീയപ്രസ്ഥാനമാണെങ്കിലും ജനങ്ങൾ ഈ വിഷയത്തിൽ സുശിക്ഷിതന്മാരായിത്തീരുന്നതുവരെ ഗവമ്മെൻറിന്റെ ഒരു മേൽനോട്ടവും നിയമനവും അത്യാവശ്യമാണു്. ജനങ്ങൾ സ്വയംഭരണവിഷയത്തിൽ സമർത്ഥന്മാരാണെന്നു കാണുമ്പോൾ പക്ഷെ ഗവമ്മെൻറു് അതിന്റെ നിയാമകഹസ്തം പിൻവലിക്കുമെന്നും നമുക്കാശിക്കാം. എന്നാൽ ആ ഘട്ടം ഇനിയും വിദൂരത്തിലാണു സ്ഥിതിചെയ്യുന്നതു്. എന്നാൽ ഇപ്പോഴത്തെ മേലധികാരിയെപ്പോലെ ജനഹിതാനുവത്തിയും കമ്മക്ഷമനും സമീക്ഷ്യകാരിയും നയകോവിദനുമായ ഒരു മേധാവ

കണ്ണധാരത്വം വഹിക്കുന്ന കാലഘട്ടത്താളം ആ ഘട്ടം സമീപിക്കണമെന്നാരും തന്നെ ആഗ്രഹിക്കുമെന്നു തോന്നുന്നില്ല. ഈ പ്രസ്ഥാനത്തിന് ഇന്നു കാണുന്ന അഭിവൃദ്ധി മിക്കവാറും ഇദ്ദേഹത്തിൻെറ ഭരണനയത്തിൻെറ ഫലമാണെന്നും പറയാം. എന്നിരുന്നാലും ഇതരദേശങ്ങളെ അപേക്ഷിച്ച് ഇന്നും നാം ഈ പ്രസ്ഥാനത്തിൻെറ സോപാനത്തിൻ മാത്രം സ്ഥിതിചെയ്യുന്നതേ ഉള്ളുവെന്നു തോന്നുന്നു. ഇതിൻെറ പ്രവൎത്തനത്തിന് ഇനിയും സുവിസ്തൃതമായ രംഗം ധാരാളം ഒഴിഞ്ഞുകിടക്കുന്നുണ്ട്. എന്നാൽ ജനങ്ങൾ ഈ വിഷയത്തിൽ സമുത്സുകന്മാരായി കാണുന്നതുകൊണ്ട് ഈ കാൎയ്യത്തിൽ ശങ്കക്ക് അവകാശമില്ല. ഇനി പറവൂരിലെ സ്ഥിതി നോക്കുകതന്നെ. ഇവിടെയും ജനങ്ങൾ ഉണൎന്നു പ്രവൃത്തിച്ചു തുടങ്ങിട്ടുണ്ടെന്നു കാണുന്നത് സന്തോഷാവഹംതന്നെ. ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ ജനകീയപ്രസ്ഥാനവിഷയത്തിൽ പറവൂർതാലൂക്ക് തിരുവിതാംകൂറിലെ ശീതമേഖലയാണെന്നു പറയാം. ഒരുമാതിരി തണുപ്പും സ്തംഭനവുമാണ് സാധാരണ ഇവിടെ ഉള്ളത്. എന്നാൽ ചില അനവസരങ്ങളിൽ അത്യുഷ്ണവും ഇല്ലെന്നില്ല. ഈ സ്ഥിതിയിൽ ഇരിക്കുന്ന പറവൂരും പരസ്പരസഹായപ്രസ്ഥാനത്തിൽ അല്പം ചുറുക്കോടുകൂടി പ്രവൃത്തിച്ചുതുടങ്ങീട്ടുണ്ടെന്നാണ് അറിയുന്നത്. കുസീദകന്മാർ ഒട്ടും കുറവില്ലാത്ത ഈ ദിക്കിനു ഇതു് ഒരു വിലയേറിയ അനുഗ്രഹംതന്നെയാണ്. ഇവരുടെ ജാലങ്ങളിൽപെട്ടു വലയുന്നവരും ധാരാളം ഉണ്ട്. എന്നാൽ ഈ പ്രസ്ഥാനത്തിൻെറ പ്രാദുർഭാവത്തോടുകൂടി ഈ വിഷയത്തിൽ അല്പം മാററം സംഭവിച്ചിട്ടുണ്ടെന്നു സസന്തോഷം പറയേണ്ടിയിരിക്കുന്നു. ഇതിൻെറ ക്രമപ്രവൃദ്ധവും സുസ്ഥിരവുമായ പ്രവൎത്തനം ഇവിടെ ഇന്നു അസാധാരണമായി ഉയൎന്നുനില്ക്കുന്ന പലിശനിരക്കിനെ യഥാക്രമം താഴ്ത്തുമെന്നുള്ളതു നിശ്ചയമാണ്. എല്ലാംകൊണ്ടും ഈദിക്കുകാൎക്ക് ഒരു ശുഭമായ ഭാവി ആസന്നമായിട്ടുണ്ടെന്ന് അനുമാനിക്കാം.

എന്നാൽ ഇവിടെ ഒരു പരസ്പരസഹായസമ്മേളനത്തിനു കാലമായിട്ടുണ്ടോ എന്നു ചോദിക്കുമായിരിക്കാം. ഉണ്ടെന്നുതന്നെ ഇതിനുത്തരം പറയാം. ഇന്നു ഈ താലൂക്കിൽ അധഃകൃതക്കുള്ള വയുൾപ്പെടെ നാല്പത്തിഒന്നു സംഘങ്ങൾ ഉണ്ട്. ഇവയെല്ലാം ഉൾപ്പെട്ടതായ ഒരു സംയുക്തസംഘവും (യൂണിയൻ) ഇവിടെയുണ്ട്. ഇവയിൽ എല്ലാററിലുംകൂടി—-അംഗങ്ങളും ഉണ്ട്. ഇതിനുംപുറമെ ഈയിടെ ഒരു പരസ്പരസഹായബാങ്കും സ്ഥാപിച്ചു നടത്തിവരുന്നുണ്ട്. ഇവയിൽ പലതും ശൈശവാവസ്ഥയെ അതിക്രമിച്ചും കഴിഞ്ഞിട്ടുണ്ട്. ഇവയുടെ വ്യാപാരങ്ങളേയും സ്വഭാവത്തേയും ഗുണദോഷവിവേചനാൎത്ഥം പൊതുജനസമക്ഷം സമൎപ്പിക്കാൻ ഇനി താമസിക്കുന്നതു അനാശാസ്യമാണ്. ന്യൂനതകൾ ഉണ്ടെങ്കിൽ അവയെ

പരിഹരിക്കേണ്ടതും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അവയെ ദൂരീകരിക്കേണ്ടതും ആവശ്യമാണ്. വിദഗ്ദ്ധന്മാരുടെ അഭിപ്രായം അറിഞ്ഞാൽമാത്രമെ ഞങ്ങൾക്ക് ആത്മവിശ്വാസത്തിനും ഉത്സാഹത്തിനും വഴിയുള്ളു. പൊതുജനങ്ങളുടെ ഒരു നിർദ്ദാക്ഷിണ്യമായ പരീക്ഷകൊണ്ടു മാത്രമെ ഞങ്ങളുടെ യഥാർത്ഥനില ഞങ്ങൾക്കു ഗ്രഹിക്കുവാൻ സാധിക്കയുള്ളു. ഇതെല്ലാംകൊണ്ടാണ് ഈ സമ്മേളനത്തിനായി ഞങ്ങൾ ഇപ്പോൾ ഒരുങ്ങിയതു്. ഈ സമ്മേളനത്തെ സർവ്വപ്രകാരേണ വിജയപ്രദമാക്കി ഞങ്ങളെ കൃതാർത്ഥരാക്കിതീർക്കുന്നതിനു ഞങ്ങളുടെ മാന്യഅതിഥികളോടെല്ലാവരോടും, പ്രത്യേകിച്ചും, ഈ വിഷയത്തിലെന്നല്ല, കൃഷി വ്യവസായം മുതലായ ധനപരിപോഷണപരങ്ങളായ ഇതരവിഷയങ്ങളിലും പ്രാമാണികവും പ്രായോഗികവുമായ ജ്ഞാനം സമ്പാദിച്ചിട്ടുള്ള അദ്ധ്യക്ഷനോടും ഞങ്ങൾ വിനയാനതബുദ്ധ്യാ അഭ്യർത്ഥിച്ചുകൊള്ളുന്നു. സംഘങ്ങളെപ്പററിയുള്ള പൂർണ്ണവിവരങ്ങൾ എല്ലാം സിക്രട്ടറിയുടെ റിപ്പോർട്ടിൽ ഉള്ളതുകൊണ്ടു് അതിനെപററിഞാൻ ഇവിടെ ഒന്നും പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. എന്നാൽ ഒരു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ.

ഈ സമ്മേളനം ഇവിടെ ഇദംപ്രഥമമായതുകൊണ്ടും ഞങ്ങൾക്കീ വിഷയത്തിൽ അധികപരിചയം ഇല്ലാത്തതുകൊണ്ടും ഈ സമ്മേളനത്തിന് പല പോരായ്മകളും ഉണ്ടായെന്നു വന്നേക്കാം. അങ്ങിനെയുള്ള ന്യൂനതകളെ ചൂണ്ടികാണിച്ചും അവയെ പരിഹരിക്കേണ്ട മാർഗ്ഗങ്ങളെ ഉപദേശിച്ചും ഞങ്ങളുടെ ഈ പ്രാരംഭപരിശ്രമത്തെ സഫലമാക്കി തരണമെന്ന് അനുഭവജ്ഞാനം കൊണ്ടു പരിണതപ്രജ്ഞന്മാരായിരിക്കുന്ന അദ്ധ്യക്ഷാദികളായ അതിഥികളോടും ആദരപൂർവ്വം അപേക്ഷിക്കുന്നു.

ഉണ്ണിക്കിടാങ്ങൾ പിഴച്ചുകാൽവെയ്ക്കിലും
കണ്ണിന്നുകൌതുകമുണ്ടാംപിതാക്കൾക്ക്.

എന്നവിധത്തിലുള്ള ചിത്തവൃത്തിയോടുകൂടി ഞങ്ങളെ അനുഗ്രഹിക്കുമാറാകണം.

## അഭിനവനാരൂപണാദർശം

ശ്രീ

[ശ്രീമൽ പ്രപച്ഛാചാര്യ പാദകൃതം]

(1)

അപത്യം ബ്രഹ്മണോവന്ദേ
സ്വപത്യാചരണോത്സുകഃ
തപസ്ഥോഹമിമം ഗ്രന്ഥം
സുപത്ഥ്യംകർത്തുമിച്ഛയാ.

ഇഷ്ടദേവതാപ്രാൎത്ഥനരൂപത്തിലുള്ള ഈ മംഗളാചരണം ഗ്രന്ഥത്തിന്റെ നിർവ്വിഘ്നപരിസമാപ്തിക്കായിട്ടുള്ളതാണെന്ന പൂൎവ്വസങ്കേതസിദ്ധം. ഇതിൽ ബ്രഹ്മാവിന്റെ അപത്യത്തെയാണ ഉപാസിച്ചിരിക്കുന്നതു്. സന്താനാർത്ഥത്തിൽ അപത്യം സ്ത്രീവാചിയും പുരുഷവാചിയുമാകാവുന്നതിനാൽ ഇവിടെ സരസ്വതിയേയൊ നാരദനേയൊ വന്ദിക്കുന്നതെന്ന നിശ്ചയിപ്പാൻ നിവൃത്തിയില്ല. "സ്വപത്ഥ്യാചരണോൽസുകഃ" എന്ന പറഞ്ഞതുകൊണ്ടു് ആരുടെ പത്ഥ്യയെ (മാൎഗ്ഗത്തെ, പ്രസ്ഥാനത്തെ)യാണ് അനുസരിക്കുന്നതെന്നുള്ളതിനെക്കുറിച്ചും ശങ്കയ്ക്കവകാശമുണ്ടു്. സരസ്വതിയുടേയൊ നാരദന്റേയൊ അതോ തന്റെ സ്വന്തമോ? ഏതു പ്രസ്ഥാനമാണ് ഗ്രന്ഥകാരൻ "സ്വ"ശബ്ദംകൊണ്ടു നിൎദ്ദേശിച്ചിട്ടുള്ളതു എന്ന് തീൎച്ചപറയുവാൻ വയ്യാ. ഇതൊന്നുമല്ല സ്വമായ പത്ഥ്യത്തിന്റെ ആചരണമെന്നാണോ വിവക്ഷ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും പ്രസ്തുതഗ്രന്ഥത്തെ സ്വപത്ഥ്യമാക്കി ചെയ്യുവാനുള്ള ഇച്ഛയോടുകൂടി തപസ്സിലിരുന്നുകൊണ്ടാണ് ശാസ്ത്രകാരൻ പുറപ്പെടുന്നതു് എന്ന സ്പഷ്ടമാകുന്നുണ്ടു്.

ശാസ്ത്രം എന്താണ്? "അപശബ്ദംകൊണ്ടു തുടങ്ങിയിരിക്കുന്നതു്" എന്ന പൂൎവ്വപക്ഷത്തിനു സമാധാനം, അപശബ്ദംകൊണ്ടല്ല, അശബ്ദംകൊണ്ടാണ് ശാസ്ത്രാരംഭം എന്നുതന്നെ. സ്വരങ്ങളിൽ പ്രഥമവും പ്രധാനവും അൎത്ഥബഹുലവുമായ "അ" അവിടെ ഏററവും ഉചിതമായിരിക്കുന്നു എന്നുവേണം പറയുവാൻ. "വാചസ്പത്യ"ത്തിൽ, "അ" നോക്കുക. വൃത്തത്തിനു വൃത്തശാസ്ത്രവും, അലംകാരത്തിനു അലംകാരശാസ്ത്രവും കാണുക.

---

(2)

വിജയം സാഹിതീലോക-
വ്യാപാരത്തിൽകിടയ്ക്കുവാൻ
വിമൎശകാഖ്യ ദല്ലാളി-
വീരന്മാർ താൻതുണയ്ക്കണം.

---

കച്ചവടത്തിൽ ഇടത്തട്ടുകാരായ ദല്ലാളികൾക്കുള്ള നിലയും വിലയുമാണ് ഇന്ന സാഹിത്യവ്യാപാരത്തിൽ "നിരൂപകന്മാർ" അല്ലെങ്കിൽ "വിമൎശകന്മാർ" എന്ന വൎഗ്ഗക്കാൎക്ക കണ്ടുവരുന്നതു്. പണിയെടുക്കുന്നതും ക്ലേശമനുഭവിക്കുന്നതുമെല്ലാം മററുള്ളവരാണെങ്കിലും, ഫലമനുഭവിക്കണമെങ്കിൽ ദല്ലാളികളുടെ സഹായം കൂടാതെ കഴിയുകയില്ലെന്ന വന്നിരിക്കുന്നു. ഇന്ന സാഹിത്യലോകത്തിൽ സ്വതന്ത്രകൃതികളെഴുതുന്നവരെക്കാളധികം

പ്രാധാന്യവും പ്രാമാണ്യവും വിമർശകന്മാൎക്കല്ലയോ എന്നുകൂടി ശങ്കിക്കേണ്ടിയിരിക്കുന്നു.

ഇനി വിമർശകനായാൽ നേടാവുന്ന മെച്ചങ്ങളെ
ന്തെല്ലാമെന്ന് വിവരിക്കുന്നു.

(3)

വിമർശകനു കിട്ടുന്നൂ
വിലകൂടാതെ പുസ്തകം,
വിദ്വൽസേവ്യം പ്രമാണിത്തം
വിത്ത മുദ്യോഗമെന്നിവ.

ഒരു വിമർശകനായാൽ പല മെച്ചങ്ങളുമുണ്ട്. പുസ്തകങ്ങൾ വിലകൊടുക്കാതെതന്നെ ധാരാളം കിട്ടും (അതിനുവേണ്ടി പാഠ്യപുസ്തകക്കമ്മിററിയിൽ ചാടി വീഴേണമെന്നില്ല എന്നു വ്യംഗ്യം.) ഗ്രന്ഥകർത്താക്കന്മാരെയിട്ടു കിടുകിടെ വിറപ്പിക്കാം. ഉദ്യോഗസ്ഥമേധാവികളുടെ പടിവാതുക്കൽ, പണികിട്ടാത്ത ബി. എ. ക്കാർ പാട്ടുകിടക്കുന്നതുപോലെ, വിമർശകൻെറ വാതുക്കൽ വിദ്വാന്മാരായ ഗ്രന്ഥകാരന്മാർ പാട്ടുകിടക്കുമെന്നു പ്രത്യക്ഷമാണ്. പത്രാധിപരാണ് വിമർശകനെങ്കിൽ ചെലവൊന്നുംകൂടാതെ ലേഖനങ്ങളെഴുതിക്കിട്ടുകയും ചെയ്യും. വിമർശകൻെറ തൂലിക, മാന്ത്രികൻെറ പിഞ്ഛികയെപ്പോലെ, രക്ഷാശിക്ഷകൾക്കു ശക്തിയുള്ളതാകയാൽ ആരാണ് അതിനെ ആദരിക്കാതിരിക്കുക.?

(4)

മലയാളത്തിലിക്കാലം
വിലയാളുംവിമർശനം
പലമട്ടുണ്ടതിൽ ചൊല്ലാം
ചിലതൊട്ടു ചുരുക്കമായ്.

(5)

"പുസ്തകാഭിപ്രായ"സംജ്ഞം
പുത്തൻപ്രസ്ഥാന മുത്തമം

UNIVERSITY ... 1930 MADRAS

വിസ്തരിച്ചോതിട്ടുന്നെങ്കിൽ
പത്തായിട്ടു തിരിച്ചിടാം.

---

ഇന്നത്തെ മലയാളസാഹിത്യത്തിൽ പ്രശസ്തങ്ങളായ പത്തു നിരൂപണസരണികളാണുള്ളതു്. ഇവയെല്ലാം ഏററവും നൂതനങ്ങളുമാണ്. പഴയ സമ്പ്രദായത്തിൽ, ആകാംക്ഷിച്ചത്ഥം പറയുക, അന്വയം, അന്വയാത്ഥം, പരിഭാഷ, ഭാവം, ശാസ്ത്രോത്ഥാപിതമായ ഗുണദോഷചച്ച, വ്യംഗ്യം, ധ്വനി, അലംകാരം, ഔചിത്യം, രീതി മുതലായവയെക്കുറിച്ചു ഉപപാദിക്കുക—ഈവകയൊന്നും ഇനി വേണ്ട. അതാണോ നിരൂപണം? നിരൂപണത്തിൽ ഗ്രന്ഥത്തിൻെറ അന്തർഭാഗത്തേയ്ക്കു പ്രവേശിക്കേണ്ട ആവശ്യമെ ഇല്ലാ. ഇതാണ് നൂതനനിരൂപണരീതി. ഇതു പത്തുവിധത്തിലുണ്ടു്

---

(6)

മുറയ്ക്കോതാം:— "പുറംനോക്കി;"
"മാനം നോക്കി" യുമവ്വിധം;
"കൊത്തിപ്പെറുക്കി"യും പിന്നേ;
"പകപോക്കി"യനന്തരം;

(7)

"കടം പോക്കി;" "ഇടം പോക്കി;"
"ഇടക്കിട്ടു ഞെരുക്കി"യും;
"എടുത്തുപൊക്കി;" "ആറംനോക്കി;"
"തന്നെത്താൻപൊക്കി"—ഇങ്ങനേ

(8)

പച്ചയായ്മലയാളത്തിൽ
പത്തിനും പേർ പറഞ്ഞിടാം
സ്വാർത്ഥദ്യോതകമിപ്പത്തും
സന്ദർഭംപോൽ ഗ്രഹിക്കണം.

---

അത്ഥം സുഗമം "സ്വാത്ഥദ്യോതകം" എന്നുവെച്ചാൽ സ്വമായ അത്ഥത്തെ ദ്യോതിപ്പിക്കുന്നതെന്നു സ്പഷ്ടം. ഓരോ സംജ്ഞയും അതതി

ൻെറ അർത്ഥത്തെ സൂചിപ്പിക്കുന്നു എന്ന് സാരം. പേർകേട്ടാൽതന്നെ സ്വഭാവം ഏതുവിധത്തിലാണെന്ന് ഏകദേശം അറിയാം. നവീനപ്രസ്ഥാനത്തിലുള്ള ഖണ്ഡകാവ്യങ്ങൾക്കു നാമകരണം ചെയ്യുന്നതുപോലെയല്ലെന്നു ധ്വനി. ഈ പത്തു രീതികളും സ്വാതന്ത്ര്യതല്പരന്മാരായ വിമർശകന്മാർക്കു പററിയതാണെന്നു മാം.

---

(9)

പുറംപേജൊന്നു താൻ നോക്കി-
ട്ടൊഴുക്കൻ മട്ടിലങ്ങനേ
വിമർശിച്ചുവിടും രീതി
"പുറം നോക്കീ"തികഥ്യതേ.

---

ഒന്നാമതായി, പുസ്തകത്തിൻെറ ടൈററിൽപേജു മാത്രം നോക്കി, വേണ്ടുന്നതു നീട്ടിച്ചെയ്യുന്ന നിരൂപണമാകുന്നു "പുറംനോക്കി" എന്ന സംജ്ഞയാൽ അറിയപ്പെടുന്നതു്. ഇതിനായി ഒരു പ്രത്യേകഫാറം മുൻകൂട്ടി തയാറാക്കിവെയ്ക്കുകയായിരിക്കും ഉത്തമം. ആയതിൽ, പുസ്തകത്തിൻെറയും, ഗ്രന്ഥകർത്താവിൻേറയും, മുദ്രാലയത്തിൻേറയും പേരുകൾ, പേജിൻെറ നമ്പ്ര്, വില എന്നിവ എഴുതിചേർക്കുവാൻ മാത്രം സ്ഥലം ഒഴിച്ചുവിട്ടേച്ചാൽ മതി. പുസ്തകം ഏതുതന്നെയായാലും, ഈ ഫാറം പൂരിപ്പിക്കയേ വേണ്ടു. നയശാലികളായ പത്രാധിപന്മാർക്കു ഏററവും യോജിച്ച നിരൂപണരീതി ഇതത്രെ. പുസ്തകനിരൂപണത്തിനുവേണ്ടി ക്ലേശിക്കേണ്ട, സമയം കളയേണ്ട, പുസ്തകം വായിച്ചുനോക്കുകതന്നെ വേണ്ട. ഗ്രന്ഥകർത്താക്കന്മാർക്കു് മുഷിയത്തക്ക യാതൊരുദോഷനിരൂപണവുമില്ലാത്തതിനാൽ, ഇതു കൂടുതൽ ഗ്രന്ഥങ്ങളെ ആകർഷിക്കുവാനും ഉപകരിക്കുന്നു. പരസ്യം വേണമെന്നാണല്ലോ ഗ്രന്ഥകർത്താക്കന്മാരുടെ മോഹം; അതിന് ഈ നിരൂപണം മതി. ശത്രുക്കളില്ലാത്തതിനാൽ പത്രത്തിനു പ്രചാരവും കുറയുകയില്ല. ഈ രീതിയുടെ ഒരു മാതൃക കാണിക്കാം. ഇതു പത്രാധിപന്മാർ അവരവരുടെ ആപ്പീസ്സുകളിൽ വലിയ ടൈപ്പിൽ അച്ചടിപ്പിച്ചുവെക്കണം.

## ഗ്രന്ഥനിരൂപണം

(പുസ്തകത്തിൻെറ പേർ)

ഇപ്പോൾ നിരൂപണത്തിനായി ഞങ്ങളുടെ മുമ്പാകെ ഇരിക്കുന്ന പുസ്തകം ( * * * ) ആണെന്നു ഞങ്ങൾ പ്രത്യേകം പറയാതെകണ്ടുതന്നെ

പ്രത്യക്ഷമാകുന്നുണ്ടല്ലോ. ഇതു രചിച്ചിരിക്കുന്നതു് ശ്രീമാൻ ( * * * ) ആകുന്നു. ഇദ്ദേഹത്തെ സാഹിത്യലോകത്തോടു പരിചയപ്പെടുത്തേണ്ട ഭാരം ഞങ്ങൾക്കില്ല. എന്തുകൊണ്ടെന്നാൽ സാഹിത്യലോകത്തിന് ഇദ്ദേഹം തീരെ അപരിചിതനല്ലെന്നാണു ഞങ്ങളുടെ അറിവ്. പ്രസ്തുതകൃതിയുടെ ഗുണദോഷാദികളെക്കുറിച്ചും അധികമൊന്നും പ്രസ്താവിക്കുവാൻ ഞങ്ങൾ തല്ക്കാലം വിചാരിക്കുന്നില്ല. ഇതിൽ ആകെ ( * * ) ഭാഗങ്ങളാണ് അടങ്ങിയിരിക്കുന്നതു്. അവയെല്ലാം സാമാന്യേന നന്നായിട്ടുണ്ടെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഗ്രന്ഥകർത്താവു കുറെക്കൂടി നിഷ്കർഷിച്ചിരുന്നെങ്കിൽ ഇവയിലെ ചില ഭാഗങ്ങൾ ഇതിലധികം നന്നാകുമായിരുന്നു എന്നാണു ഞങ്ങൾക്കു തോന്നുന്നതു്. പക്ഷെ, "എല്ലാംതികഞ്ഞിട്ടൊരു വസ്തുവേപാലും തണ്ടാർമകൻ ഹന്ത! ചമച്ചതുണ്ടോ?" എന്നുണ്ടല്ലോ. "പ്രായേണ സാമഗ്ര്യവിധൗ ഗുണാനാം, പരാങ്മുഖീ വിശ്വസൃജഃപ്രവൃത്തി" എന്നു കാളിദാസമഹാകവിയും പറഞ്ഞിരിക്കുന്നു. അതുകൊണ്ടു പ്രസ്തുത ഗ്രന്ഥം തീരെ ദോഷരഹിതമാണെന്നു പറയുവാൻ ഞങ്ങൾ ധൈര്യപ്പെടുന്നില്ല. എങ്കിലും, "ഏകോഹിദോഷോഗുണസന്നിപാതേ, നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ" എന്നുണ്ടല്ലോ. പ്രസ്തുതഗ്രന്ഥത്തിൽ അവിടവിടെ കാണപ്പെടുന്ന ചില്ലറ സ്ഖലിതങ്ങൾ ഗ്രന്ഥകർത്താവുതന്നെ അടുത്ത പതിപ്പിൽ പരിഹരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഇതിലധികമൊന്നും പുസ്തകത്തെപ്പററി ഇപ്പോൾ പറയേണ്ട ആവശ്യമുണ്ടോ എന്നു സംശയിക്കുന്നു. ഉദാഹരണത്തിനായി ഏതെങ്കിലും ഭാഗം ഉദ്ധരിക്കുന്നതായാൽ മററുഭാഗങ്ങൾക്ക് പരിഭവത്തിനിടയായേക്കാം. അപ്പോൾ കുറെ അധികം ഭാഗങ്ങൾ ഉദ്ധരിക്കേണ്ടതായി വരും. അതിനു പത്രസ്ഥലമൊട്ടനുവദിക്കുന്നതുമില്ല. അതിനാൽ തല്ക്കാലം ഇത്രമാത്രംകൊണ്ടു തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. ഗ്രന്ഥദൌർല്ലഭ്യംകൊണ്ടു കുഴങ്ങുന്ന നമ്മുടെ ഭാഷയിൽ ഇത്തരം കൃതികൾ എത്രതന്നെ ഉണ്ടായാലും അധികമായിപ്പോകുന്നതല്ല. അതിനാൽ ഗ്രന്ഥകർത്താവിൻെറ ഉദ്യമം സർവ്വഥാശ്ലാഘനീയമാണെന്നുള്ളതിനു രണ്ടഭിപ്രായമുണ്ടാകാൻ വഴിയില്ല. നിർമ്മത്സരബുദ്ധികളായ സഹൃദയന്മാർ—വിശിഷ്യ, കൊച്ചി, തിരുവിതാംകൂർ, മദ്രാസ് എന്നീ സംസ്ഥാനങ്ങളിലെ പാഠ്യപുസ്തകക്കമ്മിററിക്കാർ—പ്രസ്തുത ഗ്രന്ഥത്തേയും ഗ്രന്ഥകർത്താവിനേയും യഥാർഹം പ്രോത്സാഹിപ്പിക്കാതിരിക്കയില്ലെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. ഗ്രന്ഥത്തിനു പ്രചുരപ്രചാരവും ഗ്രന്ഥകർത്താവിനു സർവ്വവിജയവും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

ഈ പുസ്തകത്തിനു ശ്രീമാൻ ( * * * * ) അവർകളുടെ സരസവും സാരഗർഭവുമായ "അവതാരിക" വിശേഷിച്ചും ഒരു ഭൂഷണമായിരിക്കുന്നുണ്ടു്. അവതാരികാകാരൻെറ അഭിപ്രായങ്ങളോടെല്ലാം ഞങ്ങൾ പൂർണ്ണമാ

യി യോജിക്കുന്നുണ്ടെന്നു പറഞ്ഞുകൂടാ. സ്വല്പം ചിലേടത്തു ഞങ്ങൾക്കു ഭിന്നാഭിപ്രായമുണ്ടെന്നുള്ള വാസ്തവം ഇവിടെ മറച്ചുവെക്കണമെന്നു വിചാരിക്കുന്നില്ലാത്തതുകൊണ്ടാണ് ഇത്രയും പറയേണ്ടിവന്നത്. ( * * * ) വലിപ്പത്തിൽ (ഡെമ്മി, ക്രൌൺ, റോയൽ ഇത്യാദി ചേർക്കുക) ആകെ ( * * * ) പേജുള്ള പ്രസ്തുത പുസ്തകത്തിനു ( * * * ) ആണ് വില നിശ്ചയിച്ചിരിക്കുന്നത്. ആകപ്പാടെ നോക്കുമ്പോൾ ഇതും ഒട്ടും അധികമായിപ്പോയിട്ടില്ലെന്നാണ് ഞങ്ങൾക്കു തോന്നിയത്. (അല്ലെങ്കിൽ "കുറച്ചധികമായിപ്പോയി എന്നു പറയാതെ നിവൃത്തിയില്ല".) പുസ്തകം ( * * * ) മുദ്രാലയത്തിലാണ് അച്ചടിക്കപ്പെട്ടിരിക്കുന്നതെന്നു പറഞ്ഞാൽ പിന്നെ അച്ചടിയുടെ ഗുണദോഷങ്ങളെപ്പററി വിശേഷിച്ചൊന്നും പറയേണ്ടതില്ലല്ലോ. കെട്ടും മട്ടും ഒരുവിധം നന്നായിട്ടുണ്ട്. പുസ്തകത്തിനു ആവശ്യക്കാർ ( * * * * )എന്ന മേൽവിലാസത്തിൽ എഴുതിച്ചോദിച്ചാൽ മതി; പുസ്തകം കിട്ടുന്നതായിരിക്കും.

---

(10)

പുസ്തകത്തെക്കുറിച്ചൊന്നും
പ്രസ്താവിക്കാതെകണ്ടുതാൻ
പ്രസ്ഥാനം പ്രസ്തരിച്ചെന്നാൽ
"മാനംനോക്കി"തിരീതിയാം.

---

ഇന്നു പല പ്രസിദ്ധനിരൂപകന്മാരാൽ സ്വീകരിക്കപ്പെട്ടിട്ടുള്ളതും, പുസ്തകം നോക്കാതെതന്നെ മാനത്തേക്കു നോക്കിക്കൊണ്ടോ മററോ അഭിപ്രായം സവിസ്തരം എഴുതപ്പെടുന്നതും, പാണ്ഡിത്യപ്രകടനംകൊണ്ടു മാനം നേടുവാൻ പര്യാപ്തമായിട്ടുള്ളതുമായ രീതിക്കാകുന്നു "മാനംനോക്കി" എന്നു പേർ പറയപ്പെടുന്നത്. സാഹിത്യഗ്രന്ഥമാണ് നിരൂപണത്തിനു വിഷയീഭവിക്കുന്നതെങ്കിൽ നിരൂപകൻ കരുതിയിരിക്കേണ്ടതായി രണ്ടു കരുക്കളുണ്ട്. (ക) പദ്യസാഹിത്യത്തിൻെറ ഒരു ലഘുവിവരണം. (വ) ഗദ്യസാഹിത്യ ചരിത്രത്തിൻെറ ഒരു ചുരുക്കം. ഇവ രണ്ടും ഒരു "സാഹിത്യചരിത്രസംഗ്രഹ"ത്തിൽനിന്നു പകർത്തിവെച്ചാൽ മതി. പദ്യഗ്രന്ഥം നിരൂപണത്തിനു കിട്ടിയാൽ ആദ്യത്തെ കരുവും, ഗദ്യഗ്രന്ഥം കിട്ടിയാൽ രണ്ടാമത്തെ കരുവും പ്രയോഗിക്കുക. ആദ്യത്തേയും അവസാനത്തേയും വാചകങ്ങളിൽ മാത്രം പ്രസ്തുതഗ്രന്ഥത്തെ ഒന്നു സ്പർശിച്ചേക്കണം.

ശാസ്ത്രഗ്രന്ഥങ്ങളാണ് നിരൂപണത്തിനു കിട്ടുന്നതെങ്കിൽ, താഴെ ചേർക്കുന്ന മാതൃക ഉപയോഗിക്കുക:—

(പുസ്തകത്തിന്റെ പേർ)

ഭാഷയിൽ ഗദ്യത്തിലും പദ്യത്തിലുമായി ഇപ്പോൾ അനേകം സാഹിത്യഗ്രന്ഥങ്ങൾ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്, ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്; ഇനി ഉണ്ടാകയും ചെയ്യും. എന്നാൽ ഇക്കാലത്തു സാഹിത്യം മാത്രം പഠിച്ചുകൊണ്ടിരുന്നാൽ പോരെന്ന് ആരും സംവദിക്കുന്നതാകുന്നു. ജീവിതായോധനത്തിൽ ധീരധീരം പോരാടി വിജയംനേടീട്ടുള്ളവരെല്ലാം ശാസ്ത്രത്തിൽ ഏറെക്കുറെ ജ്ഞാനമുള്ളവരാകുന്നു. ഇംഗ്ലീഷുകാർ, ജർമ്മൻകാർ, അമേരിക്കക്കാർ എന്നുവേണ്ട സകല പരിഷ്കൃതരാജ്യക്കാരും ഇന്നു അത്ര അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ളതു ശാസ്ത്രപാടവംകൊണ്ടല്ലെങ്കിൽ പിന്നെ മറെറന്തുകൊണ്ടാണ്?. നമുക്ക് —ഭാരതമാതാവിന്റെ ഉത്തമസന്താനങ്ങളായ നമുക്ക് അവരോടൊപ്പം രാഷ്ട്രീയോൽക്കർഷം നേടേണമെന്നുണ്ടെങ്കിൽ ചെയ്യേണ്ടതു നമ്മുടെ ഭാഷയിലുള്ള ശാസ്ത്രകോശം വിവൃതമാക്കുകയാകുന്നു എന്ന് നിസ്സംശയം പറയാം. എന്നു മാത്രമല്ല, സാധാരണന്മാരുടെ ഇടയിൽ ശാസ്ത്രജ്ഞാനം പ്രചരിക്കുവാൻ ഭാഷയിൽ ശാസ്ത്രഗ്രന്ഥങ്ങൾ ഉണ്ടാവുന്നതു് അവശ്യം ആവശ്യവുമാകുന്നു.

ഇതെല്ലാം നല്ലപോലെ ഗ്രഹിച്ചിട്ടായിരിക്കണം ശ്രീമാൻ ( * * *) അവർകൾ പ്രസ്തുതഗ്രന്ഥം തർജ്ജമചെയ്തിട്ടുള്ളതെന്ന് സ്പഷ്ടമാകുന്നു. അതിനാൽ ഗ്രന്ഥകർത്താവിന്റെ ശ്രമം ഒട്ടും അസ്ഥാനത്തിലായിട്ടുണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. പ്രസ്തുതശാസ്ത്രത്തിൽ അറിവുസമ്പാദിക്കണമെന്നാഗ്രഹിക്കുന്നവർക്കും, വിശിഷ്യ, വിദ്യാർത്ഥികൾക്കും ഈ ഗ്രന്ഥം ഏറെക്കുറെ ഉപകരിക്കുമെന്നുള്ളതിനേക്കുറിച്ചു രണ്ടഭിപ്രായമുണ്ടാകാൻ വഴിയില്ല. ഇതിലെ സാങ്കേതികപദങ്ങളെക്കുറിച്ചു്, അഭിപ്രായവ്യത്യാസമുണ്ടായേക്കാമെന്നിരുന്നാലും, പുസ്തകം ആകപ്പാടെ നന്നായിട്ടുണ്ടെന്നാണ് ഞങ്ങൾക്കു തോന്നിയതു്. ¶ (ശേഷമെല്ലാം "പുറം നോക്കി" നിരൂപണമാതൃകയിൽ നിന്നെടുത്തു പാകംപോലെ ചേർക്കണം. പ്രതിപാദിതമായ ശാസ്ത്രം പ്രത്യേകം പഠിച്ചിട്ടുണ്ടെങ്കിൽ അതൊന്നു വിസ്തരിക്കയും ചെയ്യാം. നിരൂപകന്റെ ജ്ഞാനശകലങ്ങളെ—ഏതുതരത്തിൽ കിട്ടിയതായാലും വേണ്ടതില്ല—പുസ്തകനിരൂപണമെന്ന അഴക്കോലിന്മേൽ തൂക്കിയിട്ടുകൊള്ളുക.)

---

(11)

കപ്പയിൽ കക്കടം കൊത്തി—
പ്പെറുക്കുന്നതുപോലവേ
പുസ്തകത്തിൽത്തെറവുതപ്പും
രീതി"കൊത്തിപ്പെറുക്കി"യാം.

പുസ്തകം ആകപ്പാടെ പ്രയോജനകരമായിട്ടുണ്ടെന്നും, ഗ്രന്ഥകർത്താവിന്റെ ശ്രമം അസ്ഥാനത്തിലായിട്ടില്ലെന്നും, അദ്ദേഹം ഭാഷാപ്രണയികളുടെ കൃതജ്ഞതയെ അർഹിക്കുന്നുണ്ടെന്നും മററും സാമാന്യേന രണ്ടു വാചകംകൊണ്ടു പറഞ്ഞതിനു ശേഷം, മലയാളം മുൻഷി കുട്ടികളുടെ "കോമ്പോസിഷൻ ക്ലാസിൽ കറക്ററ് ചെയ്യുന്നതുപോലെ, ഓരോരോ ചെറിയ ചെറിയ തെററുകളെ ഇരടിപ്പിടിച്ചു പരത്തുന്ന രീതിയാണ് "കൊത്തിപ്പെറുക്കി" എന്ന സംജ്ഞയാൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ചപ്പുചവറുകൾക്കിടയിൽ കോഴി കൊത്തിപ്പെറുക്കുന്നതുപോലെ, പുസ്തകത്തിൽ തെററുകൾ തപ്പിപ്പെറുക്കിയെടുക്കുകയാണ് നിരൂപകൻ ചെയ്യുന്നതു്. ലിപിവിന്യാസത്തിലും അച്ചടിയിലുമുള്ള തെററുകളാണ് അധികവും അദ്ദേഹത്തിന്റെ കണ്ണിൽ പെടുന്നതു്. "ഉ"കാരത്തിനു മീത്തലിട്ടിട്ടില്ല. ചതുർത്ഥിക്കു പകരം ഷഷ്ഠി പ്രയോഗിച്ചിരിക്കുന്നു. പാണിനീസൂത്രം ഇങ്ങനെയാണു വിധിക്കുന്നതു് (ഉദ്ധരിക്കുക). മുദ്രണത്തിൽ വന്നുപോയ അക്ഷരപ്പിശകു ഗ്രന്ഥകർത്താവിന്റെ മണ്ടയ്ക്കിട്ടു ശകാരവർഷം തുടങ്ങുക. പദ്യമാണെങ്കിൽ, ഗ്രന്ഥകാരനു വൃത്തം പിഴച്ചുപോയി എന്നാക്കിത്തീർക്കുക. മലയാളപദങ്ങൾ സംസ്കൃതരീതിയിലല്ല പ്രയോഗിച്ചിരിക്കുന്നതെങ്കിൽ അതിനും കുററം പറയണം. പ്രസിദ്ധവിദ്വാനാണ് ഗ്രന്ഥകാരനെങ്കിൽ, "ഈവക തെററുകൾ, അഥവാ പ്രയോഗവൈകല്യങ്ങൾ ശ്രീമാൻ * * * * അവർകളെപ്പോലുള്ളവരിൽ ക്ഷന്തവ്യമാണെന്നു ഞങ്ങൾക്കു തോന്നുന്നില്ല" എന്നുകൂടി ചേർത്തേയ്ക്കണം.

(12)

അസൂയാപകയന്മാരാൽ
ഗ്രന്ഥാഭിപ്രായകൈതവാൽ
കൃതം "ഭരണിഗാനം" താൻ
"പകപോക്കി" നിരൂപണം.

ഇതു വിഷാത്മവും പൈശാചികവുമായ രീതിയാണ്. ഗ്രന്ഥകാരന്റെ നേരെയുള്ള ഈർഷ്യ മുഴുവൻ കാണിക്കുവാൻ നിരൂപകൻ സ്വീകരിക്കുന്ന രീതിയത്രെ ഇതു്. ലേഖനം ചോദിക്കുമ്പോളെല്ലാം വെറുതെ എഴുതിക്കൊടുക്കാത്ത ഗ്രന്ഥകാരന്മാരോടു പത്രാധിപന്മാർ പകപോക്കുന്നതു് ഇത്തരം പുസ്തകനിരൂപണത്തിലാകുന്നു. പരീക്ഷയിൽ തോല്പിക്കപ്പെട്ട പണ്ഡിതന്മാർ, പണികിട്ടാത്ത ഉദ്യോഗാർത്ഥികൾ, പുസ്തകം പാഠ്യപുസ്തകമാ

ക്കാഞ്ഞു പരിഭവിക്കുന്ന ഗ്രന്ഥകൎത്താക്കന്മാരും പ്രസാധകന്മാരും, പണം വായ്പകിട്ടാഞ്ഞു ഭഗ്നാശരായ പാപ്പർപുള്ളികൾ—മുതലായ പല തരക്കാരും ഈ നിരൂപണരീതിയെ അവലംബിക്കാറുണ്ട്. ഇതിൽ പുസ്തകത്തെയല്ല പുസ്തകകൎത്താവിൻെറ സ്വകാൎയ്യജീവിതം, ജാതിസ്വഭാവാദികൾ, ബന്ധുമിത്രങ്ങൾ എന്നിവയെയാകുന്നു നിരൂപകൻ ലക്ഷീകരിച്ചെഴുതുന്നതു്. വ്യക്തിപരമായ വൈരനിൎയ്യാതനമാണ് ഇതിൻെറ ഉദ്ദേശ്യം. ഭാഷ എത്രയെങ്കിലും നീചമാകാം. ഈ രീതി പഠിക്കേണമെന്നുള്ളവൎക്കു—ചേത്തലപ്പൂരം നിൎത്തിക്കളഞ്ഞ സ്ഥിതിയ്ക്കു—ഇനി കൊടുങ്ങല്ലൂർ ഭരണി മാത്രമേ ആശ്രയമുള്ളൂ. അങ്ങോട്ടു പോകുവാൻ കഴിയാത്തവൎക്കു് ഇന്നത്തെ ചില പ്രത്യേകമലയാളമാസികകളും വൃത്താന്തപത്രങ്ങളും വരുത്തി വായിക്കുക തന്നെ വേണ്ടിവന്നേക്കും.

---

(13)

"നീയെൻപൃഷ്ഠം ചൊറിഞ്ഞീടൽ
ഞാൻ നിൻപൃഷ്ഠം ചൊറിഞ്ഞിടാം"-
ഇമ്മട്ടു തമ്മിൽ താങ്ങുമ്പോൾ
"കടംപോക്കീ" തിരീതിയാം.

---

പണം, പണി, പരീക്ഷാവിജയം എന്നുതുടങ്ങിയ കാൎയ്യങ്ങളിൽ നിരൂപകനു് ഗ്രന്ഥകാരനോടു വല്ല കടപ്പാടുമുണ്ടെങ്കിൽ അതു തീൎക്കുവാനുള്ള ഒരുമാൎഗ്ഗമാകുന്നു "നിരൂപണം." അല്ലെങ്കിൽ, ഗ്രന്ഥകാരന്മാർ തമ്മിൽ യോജിച്ചു് ഒരു "പരസ്പരാഭിനന്ദനക്കമ്മിററി" സ്ഥാപിച്ചാലും തരക്കേടില്ല. അവർതമ്മിൽ "കഴുതകരങ്ങ്" ന്യായേന അന്യോന്യം പുകഴ്ത്താമല്ലൊ. ഏ. യുടെ പുസ്തകം ബി. യും, ബി. യുടെ പുസ്തകം ഏ. യും നിരൂപണം ചെയ്യുക എന്നുവന്നാൽ "അൎഗ്ഗളന്യായേന" =വാതിൽസാക്ഷികൾ അന്യോന്യം മാറുന്നതുപോലെ ഇരുകൂട്ടൎക്കും നല്ല താങ്ങാകും. സാഹിത്യലോകത്തിലെ അന്തൎവ്വാഹിനികളെ സൂക്ഷിച്ചു പരിശോധിക്കുന്നവൎക്കു് ഈ രീതിയുടെ ഉള്ളുകള്ളികൾ അറിയാറാകുമെന്നു വിശ്വസിക്കുന്നു. കടപ്പാടുകളേതെല്ലാം തരത്തിലാകാമെന്നുള്ളതിനു കൈയും കണക്കുമില്ല. അതെല്ലാം കണ്ടറിയുകതന്നെ വേണം.

---

(14)

സ്ഥലംനിറയ്ക്കുവാൻ മാത്രം
പലഭാഗങ്ങളും സ്വയം

ഗ്രന്ഥത്തിൽനിന്നെടുത്തിട്ടാൽ
"ഇടംപോക്കി'' തിരീതിയാം.

മാസിക (അല്ലെങ്കിൽ, പത്രം) പുറത്തിറക്കുവാൻ തിടുക്കമായി. നാൾ തെററീട്ടതന്നെ ഏറെ നാളായിരിക്കുന്നു. ഇനിയും "മാററർ" മുഴുവനായിട്ടില്ല. അച്ചടി പകുതിയിലധികം കഴിഞ്ഞു, പ്രസ്സ് മുടങ്ങിക്കിടക്കുന്നു. എന്തുചെയ്യേണ്ടൂ? ഇനി ആരുടേയെങ്കിലും കാൽപിടിച്ചിട്ടോ കഴുത്തിൽ മുണ്ടിട്ടിട്ടോ ലേഖനം വരുത്തുവാനുള്ള സമയവുമില്ല. ആട്ടേ, എടുക്കൂ ഏതെങ്കിലുമൊരു പുസ്തകം. ഒരു നിരൂപണം എഴുതിക്കളയാം. വായിപ്പാനും ആലോചിപ്പാനുമൊന്നും നേരമില്ല, ക്ഷമയുമില്ല. ഇങ്ങനെവരുന്ന ഘട്ടത്തിലാണ് "ഇടംപോക്കി''രീതി സഹായിക്കുന്നത്. ഗ്രന്ഥത്തിൽനിന്നു തോന്നിയഭാഗങ്ങളെല്ലാം പകൎത്തിയെടുത്തു ചേൎക്കുക. ഇടക്കിടക്ക് ഓരോ ഘടകവാചകവും എഴുതിച്ചേൎക്കുക. ഇതാണ് "സാഹിത്യപംക്തി." എന്തു ഗംഭീരം! സരസം! സാരഗൎഭം! എളുപ്പത്തിൽ എത്ര സ്ഥലം നിറയ്ക്കുകയും കഴിഞ്ഞു.

(15)

വൈരബീജമനാവശ്യ—
താരതമ്യങ്ങൾമൂലമായ്
പാരം സത്തുക്കളിൽ പാകും
"ഇടയ്ക്കിട്ടുഞെരുക്കി''യിൽ.

പണ്ട് "കണ്ടോട്ടി"അങ്ങാടിയിൽക്കൂടി പ്രയാണം ചെയ്യേണ്ടിവന്ന മാന്യന്മാൎക്ക് ചില മുഷ്കന്മാരായ അക്രമികളിൽനിന്നു ഉണ്ടായിരുന്ന ശല്യങ്ങളെപ്പററി കേൾക്കാത്തവരില്ലെന്ന് വിശ്വസിക്കുന്നു. വഴിയുടെ ഇരുവശത്തും അക്രമികൾ അണിനിരന്നിരിക്കും. ഒരു മാന്യൻ ആ വഴിയെ പോയാൽ, അക്രമികളിലൊരാൾ മറുവശത്തിരിക്കുന്ന മററൊരാളോടു വഴക്കുതുടങ്ങും. വഴക്കിൽ സാധുവഴിപോക്കനെയും വല്ലവിധത്തിൽ വലിച്ചിഴച്ചിട്ടു ഞെരുക്കും. "എടാ, നീ, ആപോകുന്ന യജമാനന്റെ കാൽ തിരുമ്മിക്കൊടുക്കടാ,'' എന്നൊരു മുഷ്കൻ. "അവൻ എന്റെ കാൽ തിരുമ്മട്ടെടാ!'' എന്നായി മററവൻ. അതിനിടയ്ക്കു വഴിപോക്കൻ ഒന്നു തിരിഞ്ഞുനോക്കിയാൽ മുഷ്കന്മാർ മെക്കിട്ടു കേറുകയായി. ഇങ്ങനെയാണ് ഇന്നത്തെ ചില നിരൂപകന്മാർ തമ്മിലുള്ള കലഹത്തിനിടയ്ക്ക് ഒന്നും മിണ്ടാ

തിരിക്കുന്ന മാന്യന്മാരായ ഗ്രന്ഥകാരന്മാരുടെ പേരുകൾ വലിച്ചിടുന്നതു്. ഒരു ഗ്രന്ഥകാരനെ ഉയർത്തുവാൻവേണ്ടി മറെറാരാളെ ഇടിച്ചുതാഴ്ത്തുക, നിർദ്ദോഷികളുടെമേൽ ചളി വാരിയെറിയുക, എന്നുതുടങ്ങി ഒന്നിനും മടിക്കാത്തവരാണു് ഈ നിരൂപകന്മാർ. പീററരിനെ കൊള്ളചെയ്തിട്ടുവേണമോ പാളിനെ സമ്മാനിക്കുന്നതു്?. തൻെറ വിഗ്രഹത്തെ ആരാധിക്കുന്നതിനു മററുള്ളവരുടെ വിഗ്രഹങ്ങളെ തച്ചുടയ്ക്കണമെന്നുണ്ടോ?. കലഹം മുഴുവൻ ശിവഭൃത്യങ്ങളും വിഷ്ണുഭൃത്യങ്ങളും തമ്മിലാണു്; ശിവനും വിഷ്ണുവിനും തമ്മിൽ യാതൊരു വൈരമൊ മാത്സൎയ്യമൊ ഇല്ല. ഒരു ഗ്രന്ഥകാരൻെറ "ഇതു നോക്കുക! ഹാ! അതു നോക്കുക! ഹാ! എത്ര ഹൃദയാവൎജ്ജകം! അഹോ രൂപമഹോ ഗാനം!" ഇത്യാദിയായ അഭിനന്ദങ്ങൾക്കിടയിൽ നിരൂപകൻ എന്തിനായിട്ടാണു് സാഹിത്യത്തിൽ ലബ്ധപ്രതിഷ്ഠന്മാരായ ഇതര ജീവൽക്കവികളെ പിടിച്ചുവലിച്ചിഴച്ചുകൊണ്ടു വന്നിട്ടു് ശപാസംമുട്ടിക്കുന്നതു്?. സത്തുക്കളിൽ വിഷവിത്തുകൾ പാകുന്ന അനാശാസ്യരീതിയല്ലയോ ഇതു്? ഒന്നും അറിയാതെ മാത്സൎയ്യവിഹീനരായി വല്ല മുക്കിലുമിരുന്നു് എന്തെങ്കിലും തീർത്തുകൊണ്ടു ജനതയ്ക്കു ഉള്ളിൽ കൌതുകം ചേർത്തുകൊണ്ടിരിക്കുന്ന മാന്യഗ്രന്ഥകാരന്മാരുടെ പേരുകൾ ഇടയ്ക്കു വലിച്ചിട്ടു് ഞെരുക്കുന്ന ഈ നിരൂപണരീതിക്കു് "ഇടക്കിട്ടുഞെരുക്കി" എന്ന പേർ ഉചിതമായിരിക്കുന്നു.

---

(16)

"എടുത്തുപൊക്കി"യിൻ ഗ്രന്ഥം  
തോന്നുംപോലെ പകർത്തുക,  
ഇടയ്ക്കു പോർവിളിയ്ക്കൊപ്പം  
"ഹാ! നോക്കൂ!" എന്നു കാച്ചുക.

---

സംസ്കൃതത്തിൽ "ഉദ്ധരിക്കുക" എന്നതിനാണു് പച്ചമലയാളത്തിൽ "എടുത്തുപൊക്കി" എന്നു പ്രയോഗിക്കപ്പെട്ടിരിക്കുന്നതു്. ഈ നിരൂപണത്തിൻെറ ഉദ്ദേശം ഗ്രന്ഥകർത്താവിനെ ലോകസമക്ഷം എടുത്തു പൊക്കിക്കാട്ടുകയാകുന്നു. അതിനായി അയാളുടെ കൃതികളിൽനിന്നു ധാരാളം ഭാഗങ്ങൾ എടുത്തുപൊക്കി (ഉദ്ധരിച്ചു) ചേർക്കുക മാത്രമേ ചെയ്യേണ്ടതുള്ളു. ഏതു ഭാഗമായാലും തരക്കേടില്ല. പക്ഷെ ഉദ്ധരിച്ചു ചേർക്കുന്ന ഭാഗങ്ങളുടെ രണ്ടുതലയ്ക്കലും, ഉലയ്ക്കു പിറവുറപ്പിക്കുന്നതുപോലെ, ഓരോന്നു അഭിനന്ദനാവാക്യം വെച്ചു കാച്ചണം. അത്തരം വാക്യങ്ങളുടെ മാതൃകകളാവിതു:—

"ഹാ! ഈഭാഗം നോക്കുക!"

"ഹാ! ഇതുനോക്കു"

"ഹാ! അതുനോക്കു"

"ഇതല്ലയോ കവിത"

"ഇതിൽ കവിതയില്ലെങ്കിൽ പിന്നെ എവിടെയാണുള്ളതു്?"

"എത്ര സഹൃദയഹൃദയാവർജ്ജകമായിരിക്കുന്നു!"

"ഈവക ഭാഗങ്ങൾ അഭിനന്ദിക്കുവാൻ വയ്യാത്ത അരസികന്മാർ ഇരുന്നിട്ടെന്തുഫലം?"

"ഇതിനോടു കിടപിടിക്കത്തക്ക കവിത മലയാളത്തിൽ എവിടെയുണ്ടു്?"

"ഇത്രനല്ലശബ്ദം ഭംഗി * * * ഇത്ര ഉൽകൃഷ്ടമായ ആശയം * * * ഉല്ലേഖം * * * ശയ്യാഗുണം * * * കൽപനാശക്തി * * * ഭാവനാശക്തി * * * ചിത്രീകരണപാടവം * * * പ്രേമത്തേപ്പററി കവി പാടിയിരിക്കുന്നതു നോക്കുക! * * * പ്രകൃതിയേ ചിത്രീകരിച്ചിരിക്കുന്നതു എത്ര മനോഹരമായിരിക്കുന്നു!" ഈവക വാചകങ്ങൾക്കു ഒരു പോക്കുവിളിയുടെ ഛായ തോന്നണം. വായിക്കുന്നവർ നടുങ്ങിപ്പോകണം. ഉദ്ധൃതഭാഗങ്ങൾ എത്ര ശുഷ്കങ്ങളായിരുന്നാലും ഉൽകൃഷ്ടകാവ്യമല്ലെന്നു പറയുവാൻ ആർക്കും ധൈര്യം തോന്നരുതു്. അത്ര ശക്തിയോടുകൂടി കൃവണം നിരൂപകൻ. "ഇതിൽ ഹേ! നിരൂപക! നിങ്ങൾ പറയുന്ന മെച്ചം ഞാൻ കാണുന്നില്ലല്ലോ" എന്നിങ്ങനെ തുറന്നുപറയുവാൻ ആർക്കും ശങ്കയുണ്ടാക്കത്തക്കവിധം അഭിനന്ദനാവാക്യം ഉച്ചത്തിൽ ഉച്ചരിക്കണമെന്നു താല്പര്യം. സംശയം ചോദിച്ചാൽ അപ്പോൾ കിട്ടും ചെകിട്ടത്തു ചപേടികാസമ്മാനം എന്ന ഭയമാണു വായനക്കാരനു അഭിനന്ദനം വായിക്കുമ്പോൾ ഉണ്ടാകേണ്ടതു്. "ഇതുനോക്കു, അതുനോക്കു"—ഹേ! സാറേ! ഞാൻ അതെല്ലാം നോക്കി. പക്ഷേ ഒന്നും കണ്ടില്ലല്ലോ." എന്നു പറയുവാനാണു് തോന്നുന്നതെങ്കിൽ തന്നേയും അങ്ങനെ പറയുവാനുള്ള കരുത്തു് വായനക്കാരനുണ്ടാകരുതു്. പോക്കുവിളി അത്ര ഭയാനകമായിരിക്കണമെന്നു സാരം.

---

(17)

ജാതിയും, മതവും, വ്യക്തി-
സ്ഥിതിയും നോക്കി യൊത്തപോൽ
സ്തുതിയും പഴിയും ചൊന്നാൽ
"ആൾനോക്കി"തി വിമർശ്ശം.

---

ഗ്രന്ഥകർത്താവ് ഏതു ദേശക്കാരനാണ് -തെക്കനോ വടക്കനോ? മതമെന്ത്? ജാതിയെന്ത്? ഉദ്യോഗമെന്ത്? ജന്മിയോ പ്രഭുവോ അതോ? എം. എൽ. സി. യാണോ? വല്ല മെച്ചവും കിട്ടാനുണ്ടോ? ഈ വിവരങ്ങളെല്ലാം ആദ്യംതന്നെ മനസ്സിലാക്കണം. എന്നിട്ടുവേണം പുസ്തകനിരൂപണത്തിനു തുടങ്ങുന്നത്. ക്രിസ്ത്യാനികളുടെ കൃതികൾ ക്രിസ്ത്യാനികളും, ഈഴവരുടേതു ഈഴവരും, നായന്മാരുടേതു നായന്മാരും എന്നീ ക്രമത്തിൽ ഓരോ നിരൂപകനും തൻെറ സമുദായത്തിൽപെട്ടവരുടെ പുസ്തകങ്ങളെ ആകാശംവരെ പുകഴ്ത്തണം. അതുകൊണ്ടുമായില്ല ഇതരസമുദായക്കാരുടെ കൃതികളെല്ലാം നരകംവരെ താഴ്ത്തുകയുംവേണം. ഒന്നിൽ ദോഷഭാഗങ്ങളേക്കുറിച്ചും, മറേറതിൽ ഗുണഭാഗങ്ങളേക്കുറിച്ചും മിണ്ടിപ്പോകരുത്. എന്തെങ്കിലും മെച്ചംകിട്ടുവാൻ വഴിയുണ്ടെങ്കിൽ കൃതികളെ തരംപോലെ വാഴ്ത്തുകയും താഴ്ത്തുകയും ചെയ്യാം. രാഷ്ട്രീയകാര്യങ്ങളിലും, ഉദ്യോഗാപൂപവിതരണത്തിലുമെന്നപോലെ സാഹിത്യത്തിലും സാമുദായികപ്രാതിനിധ്യത്തിനു വഴക്കുപിടിക്കുന്ന കാലമാണല്ലോ ഇതു്. സമുദായംനോക്കി നിരൂപണംചെയ്യില്ലെങ്കിൽ സാഹിത്യസാമ്രാജ്യത്തിൽ വലിയ വിപ്ളവങ്ങളുണ്ടായേക്കാം എന്നു പലരും ഭയപ്പെടുന്നുണ്ട്. അങ്ങനെയെല്ലാം ചെയ്യപ്പെടുന്ന നിരൂപണമത്രെ "ആളംനോക്കി" അഥവാ "മുഖംനോക്കി" നിരൂപണം. അങ്ങനെയുള്ള നിരൂപണത്തിൻെറ ഫലമായിട്ടാണ് ഓരോ സമുദായത്തിനും മലയാളത്തിൽ വേറെ വേറെ കാളിദാസന്മാർ, ഭവഭൂതികൾ, ടാഗൂർമാർ മുതലായവർ ഉണ്ടാകുന്നതു്. മലയാളത്തിലേപ്പോലെ ഇത്ര അനേകം മഹാകവികൾ വേറെ ഏതുഭാഷയിലാണുള്ളതു്?

---

(18)

"ഗ്രന്ഥകാരൻ മഹാവിഡ്ഢി,
ഞാൻ താൻ പണ്ഡിതകേസരി"
—എന്നീമട്ടിൽ വിമർശിച്ചാൽ
"തന്നെത്താൻപൊക്കി"യായ് വരും.

---

ഈ രീതിയിൽ ഗ്രന്ഥത്തെക്കുറിച്ചു ഒന്നോ രണ്ടോ വാചകം മാത്രമെ കാണുകയുള്ളു. ബാക്കിയെല്ലാം നിരൂപകൻെറ പാണ്ഡിത്യപ്രകടനവും പരാക്രമവർണ്ണനവുമായിരിക്കും. ഗ്രന്ഥകാരൻെറ അപേക്ഷ സഹിക്കവയ്യാതായിട്ടാണ് താൻ സ്വർഗ്ഗലോകത്തുനിന്നും തല്ക്കാലം ഒന്നിറങ്ങിവരുവാൻ നിർബന്ധിതനായതെന്നും, ഈവക ഗ്രന്ഥങ്ങൾ നിറഞ്ഞ ഭാഷാഭൂവിലെ നീചമായ വായുമണ്ഡലത്തിലേയ്ക്കിറങ്ങിവരിക എന്നതു് താൻ വളരെ വ

ളരെ ദുർല്ലഭമായിട്ടേ ചെയ്യാറുള്ളു എന്നുംമററും മുഖവുരയായി പ്രസ്താവിക്കാതെ നിരൂപണം തുടങ്ങരുത്. അനന്തരം, നിരൂപകൻ ഒരു പ്രതാപലങ്കേശ്വരനെപ്പോലെ പതിഞ്ഞാട്ടം ആരംഭിക്കണം. തന്റെ വിക്രമങ്ങളെയാണ് വിസ്തരിക്കേണ്ടത് എന്ന് ഒരിക്കലും വിസ്മരിച്ചുപോകരുത്. “ഞാൻ, ഞാൻ, എന്റെ, എന്റെ” എന്നീ പദങ്ങൾ നിരൂപണത്തിൽ ആദ്യന്തം നിരന്നുകാണണം. “ഗ്രന്ഥകർത്താവ് മഹാഭോഷൻ; ഇയ്യാൾക്കെന്തറിയാം? സാധു! ഹാ! നിരൂപകനൊ? എന്തുതല! എന്തു പഠിപ്പ്! അസാദ്ധ്യം! അസാദ്ധ്യം! പണ്ഡിതകേസരിതന്നെ”—എന്നിങ്ങനെയുള്ള അത്ഭുതസമ്മിശ്രമായ അഭിനന്ദനം സാമാന്യക്കാരായ വായനക്കാരുടെ മനസ്സിൽ അങ്കുരിപ്പിക്കുവാനാണ് നിരൂപകൻ ശ്രമിക്കേണ്ടത്. ആരുംകേൾക്കാത്ത മുട്ടുസംസ്കൃതശ്ലോകങ്ങൾ, മുക്കിലും മൂലയിലും കിടക്കുന്ന ഗ്രന്ഥകർത്താക്കന്മാരുടെ പേരുകൾ മുതലായവയെ സുപ്രസിദ്ധങ്ങളെന്ന ഭാവത്തിൽ ഇടയ്ക്കിടയ്ക്കു ധാരാളം കുത്തിച്ചെലുത്തണം. സന്ദർഭത്തിനു യോജിക്കുന്നുണ്ടോ എന്നൊന്നും നോക്കേണ്ടാ. മറെറാരുവന്റെ പുസ്തകം നിരൂപണംചെയ്യുമ്പോഴും, സ്വപരാക്രമപ്രശംസയിൽ മതിമറന്നു, “ഗ്രന്ഥകർത്താവ് എത്ര താഴെക്കിടക്കുന്നു; ഞാനും മറെറാക്കെ ങ്ഹും, എന്തുകഥ!” എന്നീസ്വരത്തിൽ, തന്നെത്താൻ പൊക്കി പത്തിവിരിച്ചാടുന്ന ഈ രീതിക്കു “തന്നെത്താൻ പൊക്കി” എന്ന പേർ യോജിക്കുന്നു.

ഇനി ശാസ്ത്രാവസാനത്തിങ്കൽ മംഗളാചരണം ചെയ്യുന്നു. ശാസ്ത്രപ്രതിപാദിതമായ വിഷയത്തിന്റെ മാഹാത്മ്യം സൂചിപ്പിച്ച്, അതിനെ ഏതുവിധം സമാശ്രയിക്കേണമെന്നും തൽഫലമായി അതുവിധം ശ്രേയസ്സു സിദ്ധിക്കുമെന്നും വിവരിക്കുന്നു.

---

(19)

വിമർശന ദശാനനക്ഷണപരി
ഭ്രമൽ സാഹിതീ-
ശിവാലയമനാമയം സുമനസാ-
മമേയാശ്രയം
അനർഗ്ഗള വിനിർഗ്ഗളദ്രസഝരീ-
ധുരം ഭൂധരം
സ്വയം സമധിഗമ്യ സജ്ജനമനഃ
സമാധീയതാം.

---

മുൻവിവരിച്ച പത്തു മുഖങ്ങൾ (വിഭാഗങ്ങൾ) ഉള്ള വിമർശനകലഃയയാണ് "ദശാനന"പദംകൊണ്ടു വിവക്ഷിച്ചിട്ടുള്ളതു്. അല്ലാതെ, "വിമർശകപഞ്ചാനനൻ" എന്നും മററുമുള്ളതുപോലെ "വിമർശകദശാനനൻ" എന്ന ഒരു പുതിയ ബിരുദനാമമല്ല അതു്. മേൽവിവരിച്ചപ്രകാരമുള്ള ദശാനനങ്ങളിൽക്കിടന്നു പരിഭ്രമിക്കുകയാണ് ഇന്നത്തെ സാഹിത്യം. എങ്കിലും അതു ആമയത്തെ ഇല്ലാതാക്കുന്നതും, ശിവ (ശുഭ) ത്തിനു ഇരിപ്പിടവും, സുമനസ്സുകൾക്കു (നല്ല മനസ്സുള്ളവർ, പരവഞ്ചനംകൊണ്ടു പണം സമ്പാദിച്ചു കൂട്ടണമെന്ന ഏകാദർശം മാത്രമുള്ളവരല്ലെന്നു സാരം) അളക്കുവാൻ വയ്യാത്ത വൈഭവത്തോടുകൂടിയ ഒരു തങ്ങളും, തടവുകൂടാതെ ഒഴുകിക്കൊണ്ടിരിക്കുന്ന രസധാരയെ വഹിക്കുന്നതും, ഭൂലോകത്തിനെ ഇപ്രകാരം നിലനിർത്തിക്കൊണ്ടു പോകുന്നതും ആകുന്നു. (രണ്ടും മൂന്നും പാദങ്ങൾ) തല്ക്കാലത്തെ ഇളക്കം—പത്തുതരത്തിലുള്ള വിമർശനങ്ങളുടെ ഫലമായുണ്ടാകുന്ന കലക്കം സാരമില്ലെന്നർത്ഥം. സാഹിത്യത്തിന്റെ നില ഉറച്ചതാണ്. മരക്കൊമ്പുകളെ കുരങ്ങന്മാർ എന്നപോലെ, അതിനെ വിമർശകന്മാർ ക്ഷണനേരത്തേയ്ക്കൊന്നു പിടിച്ചു കുലുക്കമായിരിക്കും. എന്നാൽ അതിനെ എടുത്തു മറിയ്ക്കുവാനും മററൊന്നും ആക്കും സാധിക്കുകയില്ല. അപ്രകാരമുള്ള സാഹിത്യത്തെ നിഃപക്ഷം (വിമർശകസഹായം കൂടാതെ) സമാശ്രയിച്ചു സജ്ജനങ്ങൾ മനസ്സമാധാനം അനുഭവിക്കുമാറാകട്ടെ.

ഇതിൽ രാവണന്റെ കൈലാസോദ്ധാരണകഥ സൂചിപ്പിച്ചിരിക്കുന്നു. ശ്ലിഷ്ടാർത്ഥം ഒട്ടും ക്ലിഷ്ടമല്ലാത്തതിനാൽ സ്പഷ്ടമാകുന്നു.

---

(20)

കൈതവരഹിതം രചിതം
നൂതനഭാഷാ"നിരൂപണാദർശം"
സ്ഫീതകുതൂഹലമഖിലാ—
ശ്ചേതസികലയന്തുസന്തതംസന്തഃ

---

ഈ അവസാനപദ്യത്തിൽ ശാസ്ത്രകാരൻ സ്വഗ്രന്ഥത്തിനു പ്രചാരം ആശംസിക്കുന്നു. നിഷ്കളങ്കമായ ഈ നിരൂപണാദർശത്തെ സജ്ജനങ്ങൾ എല്ലായ്പ്പോഴും മനസ്സിൽ കൊണ്ടുനടക്കട്ടെ. എല്ലാം ഈ ആദർശ (ദർപ്പണ) ത്തിൽ ശരിയായി പ്രതിബിംബിച്ചു കാണാറാകും എന്നു താല്പര്യം. നൂതനഭാഷാസംബന്ധമായ നിരൂപണത്തിന്റെ ആദർശം (നൂതനനിരൂപണസമ്പ്രദായം) അല്ലെങ്കിൽ നൂതനമായി ഭാഷയിൽ (മലയാളത്തിൽ)

നിർമ്മിക്കപ്പെട്ടിട്ടുള്ള നിത്യപന്നാദർശം എന്നിങ്ങനെ വേണ്ടപോലെ പദ പരിച്ഛേദം സാധിച്ചുകൊള്ളണം. "സന്തഃ" (സത്തുക്കൾ, സജ്ജനങ്ങൾ) എന്ന പദംകൊണ്ടു ഗ്രന്ഥം അവസാനിപ്പിച്ചിരിക്കുന്നതിന്റെ ഔചിത്യം ഊഹ്യം.

(ശുഭമസ്തു)

# മലയാംപള്ളിക്കൂടങ്ങളിൽ ലോകചരിത്രം

## പഠിപ്പിക്കേണ്ട ആവശ്യം.

(എം. രാമവർമ്മതമ്പാൻ ബി. ഏ, എൽ. ടി.)

ഇന്നു നമ്മുടെ മലയാംപള്ളിക്കൂടങ്ങളിൽ ചരിത്രവും ഭൂമിശാസ്ത്രവും പഠിപ്പിക്കുന്നതു ഒരു അദ്ധ്യാപനശാസ്ത്രമുറ അനുസരിച്ചാണ്. അറിഞ്ഞതിൽനിന്നും അറിയാത്തതിലേക്ക്. എന്നാണ് ഈ രീതിയുടെ മൂലതത്വം. ചരിത്രമാണെങ്കിൽ തിരുവിതാംകൂർ ചരിത്രംതുടങ്ങി, ഇൻഡ്യാചരിത്രം, ഇംഗ്ലാണ്ടുചരിത്രം, ബ്രിട്ടീഷ് സാമ്രാജ്യചരിത്രം, യൂറോപ്യൻ ചരിത്രം, ലോകചരിത്രം എന്നീ രീതിയാണ് സ്വീകരിച്ചുകാണുന്നത്. ഭൂമിശാസ്ത്രവും നമ്മുടെ ഗ്രാമത്തിന്റെതിന്മേൽതുടങ്ങി, താലൂക്ക്, ഡിസ്ത്രിക്ട്, രാജ്യം, ഇൻഡ്യാ, ഈ ക്രമത്തിൽ വികസിച്ചുപോകാനാണ് സാധാരണ ഉപദേശം. എങ്കിലും കുറെക്കഴിയുമ്പോൾ ഭൂമിയെപ്പററി ഒരു സമഷ്ടിജ്ഞാനം നൽകിയശേഷം ഓരോ ഭൂഭാഗങ്ങളെപ്പററിയും വിസ്തരിച്ചു പഠിപ്പിക്കുക എന്ന നയവും സ്വീകരിക്കാറുണ്ട്. ചരിത്രത്തിലാണെങ്കിൽ 'കാൺസെൻട്രിക്' രീതിയും അനുകരിക്കാറുണ്ട്. അതായതു ഇൻഡ്യാചരിത്രം ഉദാഹരണമായി എടുക്കുകയാണെങ്കിൽ ഇൻഡ്യാചരിത്രത്തിലെ പ്രധാന സംഭവങ്ങളെ കേവലം സ്പർശിക്കമാത്രം ചെയ്തുപോകുക. പിന്നത്തെ ക്ലാസിൽ കുറെക്കൂടി വിസ്തരിച്ചു പഠിപ്പിക്കുക. ഇങ്ങനെ ക്രമത്തിൽ ചരിത്രജ്ഞാനത്തിനവിടെ സ്ഥാനം നൽകുക.

ഇപ്പോഴത്തെ രാഷ്ട്രീയസംരംഭങ്ങളും വിദ്യാഭ്യാസം ദേശീയമാക്കണമെന്നു ബലമായി വാദിക്കുന്നുണ്ട്. ഈ വാദം കുറെ അതിരുകടക്കുന്നില്ലേ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. സ്റ്റൊർട്ട്നീയറിംഗ് എന്ന മഹാൻ വിദ്യാഭ്യാസത്തിൽ ദേശീയതത്വത്തിന്റെ ആപത്കരത എന്ന ഒരു പുസ്തകം തന്നെ എഴുതീട്ടുണ്ട്. ലീഗ് ആഫ് നേഷൻസ് എന്ന സർവരാജ്യസമ്മേള

ന്നത്തിൻെറ ആദശ്വം ദേശീയത്വത്തേക്കാൾ ലോകൈക്യത്തിന്ന പ്രാധാന്യം നൽകാനാണ്. ഭാവിയിൽ ലോകപൌരത്വം സ്ഥാപിക്കാനായി നിദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ സഭയോടുതന്നെ വെൽസ് മുതലായ ചിന്തകന്മാർ വൈമഖ്യമാണ് പ്രദശിപ്പിക്കുന്നത്. അവരുടെ പക്ഷത്തിൽ ചില രാജ്യങ്ങൾ ഒക്കെ ഒന്നിച്ചുചേന്നതുകൊണ്ട് മാത്രമായില്ല എന്നും ലോകകായ്യങ്ങൾ നിയന്ത്രിക്കാനായി ഒരുകമ്മിററി ശക്തിയോടുകൂടി ഉണ്ടാകണമെന്നുമാണ്. ആ കമ്മിററി മനുഷ്യക്കാവശ്യമുള്ള സാധനങ്ങളെ ആവശ്യമനുസരിച്ചു വിതരണം ചെയ്യണം. ചിലദിക്കിൽ ആ വക സാധനങ്ങൾ കിട്ടാതെയാകാനും മററു ചില ദിക്കിൽ വേണ്ടതിലധികം കൂടിക്കിടക്കാനും ഇടയാക്കരുത്. മത്സരം നിന്ന് സഹകരണം വരണമെന്നാണ് അവരുടെ സിദ്ധാന്തം.

ഈ ഉദ്യമമായിരിക്കും മേലാൽ ഊജ്ജിതത്തിൽ വരുവാൻ പോകുന്നത്. ഇന്നത്തെ ബാലികാബാലന്മാക്ക പ്രായമാകുമ്പോൾ അവർ കാണാനിരിക്കുന്ന ലോകത്തിൽ മേൽവിവരിച്ചപ്രകാരമാകാനാണിട.

ഈ സംഗതികൾ ഓത്തു നമ്മുടെ മലയാംപള്ളിക്കൂടങ്ങളിലെ വിദ്യാത്ഥികൾക്കും അക്കാലത്തെ ജീവിതത്തിനത്യാവശ്യമായ ഒരു ജ്ഞാനം സമ്പാദിച്ചുകൊടുക്കേണ്ടതു നമ്മുടെ കത്തവ്യമാണ്. ഇംഗ്ലീഷ്പഠിച്ചവക്ക ലോകജ്ഞാനം സമ്പാദിക്കാനുള്ള സൗകയ്യവും മലയാംസ്കൂളിൽമാത്രം പഠിക്കുന്നവക്ക ലഭിക്കാനില്ല. മലയാളഭാഷയിൽ ഏതുവിഷയങ്ങളെപ്പററി വിവരിക്കുന്ന പുസ്തകങ്ങളും ദുർല്ലഭം. ഈ രണ്ടു സംഗതികളും ഓത്തു മലയാളവിദ്യാത്ഥികൾക്ക ലോകചരിത്രജ്ഞാനം കൊടുക്കാനുള്ള വഴിയാലോചിക്കണം.

ചരിത്രം പഠിപ്പിക്കാൻ പല രീതികളും ഉണ്ട്. ഒന്നു ആദികാലം മുതൽ ഇന്നേവരെയുണ്ടായിട്ടുള്ള സംഭവങ്ങളുടെ വിവരണങ്ങൾ കുട്ടികളെ പഠിപ്പിക്കുക. അല്ലെങ്കിൽ ഇന്നു ലോകത്തിലെങ്ങും കാണുന്ന സ്ഥാപനങ്ങളെപ്പററി പഠിപ്പിച്ചു അവയിൽ ഓരോന്നിൻെറയും ആഗമം പഠിപ്പിക്കുക. ഈ രണ്ടു രീതികളിൽവച്ചു ശാസ്ത്രീയമായ രീതി ആദ്യത്തേതായിരിക്കാം. പക്ഷെ അതു കുറെ ഏറെ രസശൂന്യമാകാനിടയുണ്ട്. ആദികാലത്തെ ചരിത്രം തീരെ രസകരമല്ല. രണ്ടാമത്തെ രീതി രസകരമാണ്. പക്ഷെ കുറെ ഏറെപ്രയാസവുമുണ്ട്. ഇന്നു നാം കാണുന്ന സ്ഥാപനങ്ങൾ അനേകശതാബ്ദങ്ങളിലെ വളച്ച്യയുടേയൊ വികാസത്തിൻേറയൊ ഫലമാണ്. അവ സങ്കീണ്ണങ്ങളാണ്. അവയുടെ ഓരോ ഭാഗത്തേയും അപഗ്രഥനംചെയ്തു അവ ഈനിലയിലെത്തിയതെങ്ങിനെ എന്നു ആരായുന്നതു കുറെഏറെ ക്ലേശമാണ്. എങ്കിലും ഇന്നത്തെ ആവശ്യത്തിന്ന ആധുനികചരിത്രം മനസ്സിലാക്കുകയും പിന്നീടു ഓരോന്നിൻേറയും ആഗമം രസമായി ആരായുകയും ചെയ്യുന്നതായിരിക്കും കുട്ടികൾക്ക് സുഖം.

പക്ഷെ ഇന്നത്തെ ചരിത്രം പഠിപ്പിക്കുന്നതും കേന്ദ്രത്തിൽനിന്നും ക്രമേണ വികസിക്കുന്ന രീതിയിൽ പഠിപ്പിച്ചാൽ വലിയ വിഷമംകൂടാതെ കുട്ടികളെ ധരിപ്പിക്കാം.

ഇങ്ങനെ പഠിപ്പിക്കുമ്പോൾ ദേശീയത്വം പൊയ്പ്പോയേക്കാം. അഥവാ അതു പോയാലും മനസ്സിന്നു വിശാലത കിട്ടുന്നതു വലിയ ലാഭമാണ്.

ഇതുകൂടാതെ ചരിത്രരീതി എന്ന രീതി പഠിച്ചുകഴിയുമ്പോൾ ഓരോ സ്ഥാപനത്തിന്റെയും ആഗമം അറിയാൻ പ്രയാസമില്ലാതാകും. കുട്ടികൾക്കു മോഹവും തോന്നും. അതായതു ഇന്നു പലപല പടികളിലായി പുരോഗതി ലഭിച്ചിട്ടുള്ള ജനതയെ കാണാൻകഴിയും. അവരുടെയിടയിൽ കാണുന്ന പരിഷ്കാരദശകൾ നോക്കിയാൽ ഏതേതു പടികയറിയാണ് ഓരോ സ്ഥാപനവും ഇന്നത്തെ നിലയിലെത്തിയതു എന്നു കാണാൻ കഴിയും. തീരെ അപരിഷ്കൃതരായ അമേരിക്കൻ ഇൻഡ്യന്മാരുടേയൊ, ആഫ്റിക്കൻ നിഗ്രോക്കാരുടേയൊ, ആസ്ത്രേലിയൻ ബുഷ്മാരന്മാരുടേയൊ ഇടയിൽ നടപ്പുള്ള സമ്പ്രദായങ്ങൾ തുടങ്ങി ഏററവും നാഗരീകർ എന്നഭിമാനിക്കുന്ന അമേരിക്കരുടെയിടയിലെ സമ്പ്രദായങ്ങൾ ക്രമേണ അടുക്കടുക്കായി മനസ്സിലായി ഒരു സ്ഥാപനത്തിന്റെ ചരിത്രം മുഴുവൻ നമുക്കു മനസ്സിലാക്കാം.

അതിനാൽ ലോകത്തിന്റെ ഇന്നത്തെ രാഷ്ട്രീയവും സാമ്പത്തികവും സാന്മാർഗ്ഗികവുമായ നില ആദ്യം സമഷ്ടിയായും പിന്നെ ക്രമേണ വികസിച്ചും സ്കൂളുകളിൽ പഠിപ്പിക്കുക. ഇതു അഞ്ചുമുതൽ ഏഴുവരെയുള്ള ക്ലാസുകളിലും ഒന്നുമുതൽ മൂന്നുവരെയുള്ള ഫാറങ്ങളിലും പഠിപ്പിക്കാമെങ്കിൽ കാര്യം എളുപ്പത്തിൽ സാധിക്കും. ചരിത്രകഥകളാണെങ്കിൽ അവ ഇന്നത്തെയൊ അടുത്തകാലങ്ങളിലെയൊ മഹാന്മാരുടെ ചരിത്രങ്ങൾ മതിയാകുന്നവയാണ്. ഭൂമിശാസ്ത്രവും പ്രത്യേകരാജ്യങ്ങളിലെ ഭൂമിശാസ്ത്രം പഠിപ്പിക്കുന്നതിന്നു പകരം ഭൂമിയുടെ കഥ ആകപ്പാടെ ക്രമേണ വികസിപ്പിച്ചു പഠിപ്പിക്കാവുന്നതാകുന്നു.

തിരുവിതാംകോട്ടെ വിദ്യാലയങ്ങളിലേക്കു പാഠപദ്ധതി നിർമ്മിക്കാൻ ഹാഡ്സന്റെ അദ്ധ്യക്ഷതയിൽ കൂടിയ കമ്മിററിയിൽ ലോകചരിത്രമാണ് മലയാളം സ്കൂളുകളിൽ പഠിപ്പിക്കേണ്ടതു എന്ന വിഷയം ആലോചനയ്ക്കു വന്നു. അന്നത്തെ വിദഗ്ദ്ധാഭിപ്രായം അത്ര ചുരുങ്ങിയ തോതിൽ ലോകചരിത്രം എഴുതാൻ സാധിക്കയില്ലെന്നും പുസ്തകങ്ങൾ ഉണ്ടാകയില്ലെന്നുമായിരുന്നു. ഇന്നാകട്ടെ പലതരത്തിലും വലിപ്പത്തിലും ലോകചരിത്രം എഴുതപ്പെട്ടിട്ടുണ്ട്. അവയിൽ ചിലതിനെ തർജ്ജിമചെയ്താൽതന്നെ ഒരുവിധം സാധിക്കും. മേൽനിർദ്ദേശിച്ചതുപോലെ ലോകത്തിന്റെ ഇന്നത്തെ ചരിത്രത്തെ സമഷ്ടിയായി എഴുതാനും യോഗ്യന്മാർ നമ്മുടെ നാട്ടിലുണ്ട്. അവരെക്കൊണ്ട് ക്രമേണ വികസിക്കുന്നമട്ടിൽ മൂന്നു ആധുനികചരിത്രപുസ്തകം

ഗവർമ്മേണ്ടുതന്നെ എഴുതിച്ചാൽ ധാരാളം മതിയാകും. ആധുനികചരിത്രം രണ്ടു ക്ലാസുകളിലും ഉയൎന്നക്ലാസിൽ അവയിൽനിന്നു ഇന്നത്തെ സ്ഥാപനങ്ങളുടെ ആഗമം ആരായേണ്ട ക്രമവും വിശദീകരിക്കുന്ന ഒരു പുസ്തകവുമായാൽ അത്യുത്തമമായി. ഇതു അസാദ്ധ്യമല്ല. കൃച്ഛ്ര്റസാദ്ധ്യമല്ല, സുസാദ്ധ്യമാണുതാനും.

ഭൂമിശാസ്ത്രം പഠിപ്പിക്കുമ്പോഴും ഭൂമിയെ ആകെ ഒന്നായിക്കരുതുന്നവിധം പഠിപ്പിക്കുന്നതു നന്നായിരിക്കും. ഉദാഹരണമായി പർവതങ്ങളെപ്പററി പഠിപ്പിക്കയാണെങ്കിൽ ഭൂമിയിൽ പർവതങ്ങളുടെ കിടപ്പു ആകപ്പാടെ ഒന്നു മനസ്സിലാക്കാം. നദികളുടെ ഗതിയും മലകളുടെ കിടപ്പിൽനിന്നും അനുമാനിക്കാം. ശീതോഷ്ണാവസ്ഥ, വിളവുകൾ ഇവയും ആകപ്പാടെ സമഷ്ടിയായി പഠിപ്പിക്കാം. ഈ സംഗതികളിൽനിന്നും പട്ടണങ്ങളുടെ ഉത്ഭവവും പഠിപ്പിക്കാം. സഞ്ചാരമാൎഗ്ഗം സഞ്ചാരസൗകൎയ്യം ഇത്യാദികളും എളുപ്പത്തിൽ അനുമാനിക്കാം. ഖനികളും ഭൂഗർഭസ്ഥിതിയും ഉയൎന്നക്ലാസുകളിൽ പഠിപ്പിക്കാവുന്നതാണ്. ഇപ്രകാരം ഭൂമിശാസ്ത്രം ശരിയായി പഠിപ്പിക്കയാണെങ്കിൽ മനുഷ്യനു ഭൂമിയിലുള്ള സ്ഥാനം പ്രത്യക്ഷപ്പെട്ടും ജാതിമതാദിഛിദ്രശക്തികളിൽ വിശ്വാസംപോയി ജനങ്ങൾ സഹോദരഭാവത്തിൽ ജീവിച്ചുസുഖിക്കും. ഈ വിഷയത്തിലേക്കു അദ്ധ്യാപകലോകത്തിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

## ഉദ്ധാരണങ്ങൾ.

### സർവകലാശാലയുടെ ചുമതലകൾ.

മൈസൂർ സർവകലാശാലയുടെ ബിരുദദാനസമ്മേളനത്തിൽവച്ച് ഡാക്ടർ രാധാകൃഷ്ണൻ ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി അതിലെ ഒരു ഭാഗമാണ് താഴെ ഉദ്ധരിക്കുന്നത്.

"ഒരു സർവകലാശാലയുമായിസംഘടിക്കുക എന്നുവച്ചാൽ എന്താണ്?. മനുഷ്യസമുദായത്തിൽ തങ്ങൾക്കുള്ള സ്ഥാനം കരസ്ഥമാക്കുവാൻ യുവജനങ്ങളെ പ്രാപ്തരാക്കുകയാണ് ഒരു സർവകലാശാലയുടെ ചുമതല എ

ന്നു സാധാരണ പറയാറുണ്ടു്. ഇതു വാസ്തവവുമാണു്. ഉത്തമപൌരന്മാരായിത്തീരുവാനാവശ്യമുള്ള വൈദഗ്ദ്ധ്യവും വിജ്ഞാനവും ഒരു സർവ്വകലാശാല അതിലെ വിദ്യാർത്ഥികൾക്കു നൽകണം. എന്നാൽ അവ രണ്ടും സമ്പാദിച്ചതുകൊണ്ടു് മനുഷ്യൻ തന്റെ ധർമ്മങ്ങളെല്ലാം അനുഷ്ഠിച്ചു കഴിഞ്ഞുവോ?. ഉപരിവിദ്യാഭ്യാസത്തിനുള്ള ഒരു സ്ഥാപനം മാത്രമാണോ സർവ്വകലാശാല?. ഗുമസ്തന്മാരേയും ഭരണയന്ത്രം നടത്തുവാൻ വേണ്ടിടത്തോളം ശാസ്ത്രജ്ഞാനം ലഭിച്ചിട്ടുള്ളവരേയും സൃഷ്ടിച്ചുവിടുന്ന ഒരു യന്ത്രശാല മാത്രമാണോ ഒരു സർവ്വകലാശാല?. ജിജ്ഞാസയെ തൃപ്തിപ്പെടുത്തുവാൻ മാത്രമാവശ്യമുള്ള വിജ്ഞാനവും മനുഷ്യഹൃദയത്തെ പരിശുദ്ധമാക്കുന്ന സംസ്കാരവും തമ്മിൽ അജഗജാന്തരമുണ്ടു്. പുരാതനകാലത്തെ പടനായകന്മാരുടെ ജനനമരണത്തീയതികളും അററ്ലാൻറിക്സമുദ്രത്തിൽ അതിവേഗത്തിൽ ഓടിയ ചില കപ്പലുകളുടെ പേരും, അതുപോലെയുള്ള മററു ചില സംഗതികളും വിസ്മരിക്കാതിരിക്കാനാവശ്യമായ ഓർമ്മശക്തിയല്ല സംസ്കാരം. ഈ രാജ്യത്തിലെ ഒരു വിദ്യാഭ്യാസസ്ഥാപനത്തിന്റെ മുദ്രാവാക്യം, 'വിദ്യയുടെ ഉദ്ദേശം മുക്തിയാണു്' എന്നാകുന്നു. ഇതു് ഇൻഡ്യക്കാരുടെ സ്വന്തമായ ഒരു കണ്ടുപിടുത്തമാണെന്നു് നമുക്കു അവകാശപ്പെട്ടുകൂടാ. "ഏതു മഹാത്മാവിനും ഉണ്ടാകുന്ന ഏററവും മഹനീയമായ ഗുണം ഹൃദയസംസ്കാരമാണു്" എന്നു എത്രയോ ശതാബ്ദങ്ങൾക്കു മുമ്പു് പ്ലേറേറാ പറഞ്ഞിട്ടുണ്ടു്. സദ്വാസനയുണ്ടാക്കുകയാണു്, അറിവുനേടുകയല്ല വിദ്യാഭ്യാസത്തിന്റെ ആദർശം എന്നു ഗീഥെ പറഞ്ഞിട്ടുണ്ടു്. ഒരുവനറിയാവുന്ന സംഗതികളുടെ തുകയിൽ നിന്നല്ല, അയാളുടെ സത്യജീവിതത്തിൽ കൂടി പ്രകാശിച്ചുകാണുന്ന അന്തഃകരണവൃത്തികളിൽ നിന്നാണു് അയാളുടെ സംസ്കാരത്തിന്റെ നില നാം ഗ്രഹിക്കേണ്ടതു്. മരുഭൂപോലെയുള്ള മനസ്സിൽ ശാസ്ത്രീയജ്ഞാനം കുന്നുകുന്നായി കൂട്ടുകയല്ല, കാഴ്ചയില്ലാത്ത കണ്ണുകൾക്കു കാഴ്ച നൾകുകയല്ല, വിദ്യാഭ്യാസത്തിന്റെ പ്രവൃത്തി. മനുഷ്യഹൃദയമാകുന്ന കണ്ണിനു ഒരിക്കലും കാഴ്ചയില്ലായ്കയില്ല. പക്ഷെ ചിലപ്പോൾ ആ കാഴ്ച ദുഷ്ടവും ദുരന്തവുമാകുന്ന മാർഗ്ഗങ്ങളിലേക്കു തിരിഞ്ഞുപോയിരിക്കാം. മററു ചിലപ്പോൾ ആ കണ്ണു് മദം, മാത്സര്യം, കാമം, ക്രോധം തുടങ്ങിയ ചെളിക്കട്ടകളുടെ ഘനംകൊണ്ടു അധഃപതിച്ചിരിക്കാം. ഈ കട്ടകളുടെ ഘനം കൂട്ടുകയല്ല, അവയെ ദൂരെനീക്കി, ആ കണ്ണിനു പുരോഗമനം ചെയ്യാനുള്ള സഹജാഭിലാഷത്തെ വർദ്ധിപ്പിക്കുകയാണു് അധ്യാപകന്റെ ധർമ്മം. കലാശാലകളിൽവച്ചു വിദ്യാർത്ഥികൾ ചിലതു പഠിക്കുകയല്ല ചെയ്യുന്നതു്, പരസ്പരസമ്പർക്കത്തിനും ആശയവിനിമയത്തിനും അഭിപ്രായപരീക്ഷണങ്ങൾക്കും തുലോം സൌകര്യമുള്ളതും മാനസികരൂപവൽക്കരണം എളുപ്പത്തിൽ സംഭവിക്കുന്നതുമായ സർവ്വകലാശാലയുടെ അന്തരീ

ക്ഷത്തിൽനിന്നു അവരെന്തൊ ചിലതായി മാറുകയാണു് ചെയ്യുന്നതു്. ഒരു സർവ്വകലാശാല ഹൃദയങ്ങളുടെ സമ്മേളനമാണു്. ധനത്തേക്കാളും സുഖത്തേക്കാളും പ്രാധാന്യമർഹിക്കുന്ന വസ്തുക്കൾ ജീവിതത്തിലുണ്ടെന്നു വിശ്വസിക്കുന്ന സത്യാന്വേഷികളുടെ ഒരു സമ്മേളനമാണതു്. ആശയങ്ങളും ആദർശങ്ങളും അന്വേഷിക്കുന്നതു് അധികാരത്തിനും യശസ്സിനും മത്സരിക്കുന്നതിനേക്കാൾ ശ്രേഷ്ഠമെന്നു് അതു കാണിക്കുന്നു. ഒരു സർവ്വകലാശാലയോടു ചേർന്നിരിക്കുന്നതു് വസ്തുക്കളെ ഈ വിധം സംവീക്ഷിക്കുവാനും, ജീവിതദുഃഖങ്ങളെ ലഘൂകരിക്കുന്ന ഹൃദയവിശാലത നേടുവാനും പരിശീലിക്കുവാനാണു് ജീവിതത്തിലെ മുഖ്യകാര്യങ്ങളെക്കുറിച്ചു മഹത്തുക്കൾ ഉൽകൃഷ്ടമാംവണ്ണം ചിന്തിച്ചിട്ടുള്ളതിനേയും പറഞ്ഞിട്ടുള്ളതിനേയും പററി ചിന്തിക്കുന്നതിൽനിന്നാണു് സംസ്കാരം സംജാതമായിട്ടുള്ളതു്. ഇത്തരം മഹൽകാര്യങ്ങളെക്കുറിച്ചു് ചിന്തിക്കുവാനുള്ള സ്ഥലം ജനബാഹുല്യവും ബഹളവും ഇല്ലാത്ത സർവ്വകലാശാലയാണു്. സാഹിത്യത്തിൻേറയും കലകളുടേയും തത്വശാസ്ത്രത്തിൻേറയും മതത്തിൻേറയും ആത്മാവു് ആരുടെ ആത്മാവിൽ കടന്നിട്ടുണ്ടോ അവർ‌ക്കു മററു പ്രകാരത്തിൽ കാണാത്ത ഒരു പ്രാധാന്യത ജീവിതത്തിൽ കാണുന്നതാണു്."

## വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ടതു്.

ബിഷപ്പു് കോട്ടൻ സ്കൂൾകെട്ടിടത്തിൻെറ ഉൽഘാടനകർമ്മം ഈയിടെ വൈസ്രായി ഇർവിൻപ്രഭു നിർവ്വഹിക്കുകയുണ്ടായി. തദവസരത്തിൽ വിദ്യാർത്ഥികൾ മനസ്സിലാക്കേണ്ട പല കാര്യങ്ങളേയും പരാമർശിച്ചുകൊണ്ടു് അദ്ദേഹം ഒരു പ്രസംഗം ചെയ്തു. അതിലെ ഒരു ഭാഗമാണു് താഴെ ചേക്കുന്നതു്.

"പലരും പ്രസംഗപീഠത്തിൽ കയറി സന്തോഷത്തോടുകൂടി വിദ്യാർത്ഥിജീവിതത്തെ സ്തുതിക്കുന്നതും അക്കാലത്തെ സുഖത്തേയും സന്തോഷത്തേയും പുകഴ്ത്തുന്നതും, ക്ലാസ്സിൽ അവരുടെ സ്ഥാനം ഒന്നാമത്തേതല്ലായിരുന്നു എന്നും നേരെമറിച്ചു് അവസാനത്തേതായിരുന്നു എന്നും സദസ്യരെ സാഭിമാനം ധരിപ്പിക്കുന്നതും നാം ധാരാളം കേട്ടിട്ടുണ്ടല്ലൊ. ഇവരെ ശ്ലാഘിക്കുവാൻ ഞാൻ തയാറില്ല. പരീക്ഷകളില്ലാതിരിക്കുന്നതു് നല്ലതാണെന്ന അഭിപ്രായം എനിക്കുമുണ്ടു്. എന്നാൽ പരീക്ഷയില്ലെങ്കിൽ സമ്മാനമർഹിക്കുന്നവരുമുണ്ടാകയില്ല. അപ്പോൾ ഇന്നത്തേപ്പോലെ നിങ്ങളെ അഭിനന്ദിക്കുവാൻ എനിക്കു സാധിക്കുന്നതല്ല.

നിങ്ങൾ ഇവിടെവച്ചു പഠിച്ചിട്ടുള്ള പാഠങ്ങൾ ഭാവിജീവിതത്തിൽ എപ്രകാരം പ്രയോജനകരമായിത്തീരുമെന്നു് പരിശോധിക്കുന്നതു ഉപ

യോഗപ്രദമായിരിക്കുന്നതാണ്. മനുഷ്യർ ചെയ്യുന്ന പ്രവൃത്തികളുടെ ഉദ്ദേശ്യമെന്താണ്?. ഞാൻ ആ പ്രവൃത്തിയോ ഈ പ്രവൃത്തിയോ ചെയ്യേണ്ടതു്?. എന്നു ചിലപ്പോൾ നാം നമ്മോടുതന്നെ ചോദിക്കാറുണ്ട്. ഒടുവിൽ നാം ഏതെങ്കിലുമൊരു പ്രവൃത്തി സ്വീകരിക്കുന്നു. ഈ പ്രത്യേകപ്രവൃത്തി തിരഞ്ഞെടുക്കുവാൻ നമ്മെ പ്രേരിപ്പിച്ച ഉദ്ദേശമെന്തെല്ലാമായിരിക്കാം?. ഭൗതികമായ ഉൽക്കർഷത്തിന് പറവുന്നതു ആ പ്രത്യേകപ്രവൃത്തിയാണെന്നു വിചാരിച്ചിട്ടാണോ? സ്വാർത്ഥപരമായ ഉദ്ദേശ്യങ്ങൾ സ്തുത്യർഹങ്ങളല്ലെങ്കിലും അവയാണ് നമ്മളിൽ സാധാരണയായി ഉണ്ടാകുന്നതു്. നമ്മൾക്കെല്ലാവർക്കും ഈ ലോകത്തിൽ സ്വാർത്ഥപരമായി ചിലതെല്ലാം നേടുവാനുണ്ട്. നിങ്ങളിൽ പലരും അടുത്ത ഭാവിയിൽ പൊതുക്കാര്യങ്ങളിൽ പ്രവേശിച്ചേക്കാം. നിങ്ങളുടെ പ്രാപ്തിക്കും യോഗ്യതക്കും ലഭിക്കാവുന്ന ഏറവും വലിയ വിലതന്നെ സമ്പാദിക്കുവാൻ എല്ലാവരും ശ്രമിക്കേണ്ടതാണ്. എന്നാൽ ലോകത്തിൽ പണത്തേക്കാൾ വിലയേറിയ വസ്തുക്കൾ വേറെയുണ്ടെന്നുള്ള കാര്യം നാം എപ്പോഴും ഓർമ്മിക്കേണ്ടതാണ്. അതു പൊതുജനാഭിപ്രായമാണോ?. ഒരു രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതോ അധഃപതിപ്പിക്കുന്നതോ പൊതുജനാഭിപ്രായമാണ്. രാജ്യത്തിലെ പൊതുജനാഭിപ്രായത്തെ രൂപവൽക്കരിക്കേണ്ടവരാണ് നിങ്ങൾ. എന്നാൽ പൊതുജനാഭിപ്രായം എപ്പോഴും നമ്മെ എളുപ്പവഴിയിൽക്കൂടി നയിക്കുന്നതല്ല. അതു ചിലപ്പോൾ അബദ്ധമാണെന്നുവരാം. ചരിത്രപ്രസിദ്ധന്മാരായ പലരും മഹാത്മാക്കളായിത്തീർന്നിട്ടുള്ളതു് പൊതുജനാഭിപ്രായത്തെ വിലവെക്കാത്തതുകൊണ്ടാണ്. അതുകൊണ്ടു തെറേറതു് ശരിയേതു് എന്നു കണ്ടുപിടിക്കുവാനുള്ള ത്രാണി ഓരോ വ്യക്തിക്കും ഉണ്ടായിരിക്കണമെന്നാണ് ഞാൻ പറയുന്നതു്. ഈ ത്രാണിയുണ്ടാക്കാൻ മതത്തിന്റെയും ശാസ്ത്രത്തിന്റെയും സജ്ജനസമ്പർക്കത്തിന്റെയും സഹായം അത്യന്താപേക്ഷിതമാണ്. ഒരു വിദ്യാലയം അതിന്റെ കടമ നിർവ്വഹിക്കുന്നുണ്ടെന്നു പറയണമെങ്കിൽ ഇത്തരം ത്രാണിയുള്ളവരെ—അതായതു 'വേണ്ടതേ'തെന്നു അറിയുവാൻ ത്രാണിയുള്ളവരെ—അതു പുറത്തേക്കയക്കുന്നുണ്ടായിരിക്കണം.

ഈ വിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകൻ ഇതൊന്നും കേട്ടു ഭയപ്പെടേണ്ട. പ്രമാണങ്ങളെ ധിക്കരിക്കണമെന്നല്ല ഞാൻ പറയുന്നതു്. സമുദായത്തിലെ അംഗമെന്ന നിലയിൽ എല്ലാ വ്യക്തികൾക്കും ചില പ്രമാണങ്ങൾ സ്വീകരിക്കേണ്ടിവരും. എന്നാൽ അവ നല്ലതോ ചീത്തയോ എന്നറിയുവാനുള്ള ത്രാണി നമുക്കുണ്ടായിരിക്കണം: "അന്യർ ചിന്തിച്ചിട്ടില്ലാത്ത ഒരു സംഗതി ചിന്തിക്കുവാനുള്ള ഒരു ശക്തിയെയല്ല, നേരെമറിച്ച് ഒരാൾക്കാവശ്യമുള്ള സംഗതികളെയെല്ലാം അയാൾക്കുതന്നെ ചിന്തിക്കുവാൻ കഴിയുമെങ്കിൽ അതിനുള്ള പ്രാപ്തിയെയാണ സങ്കല്പനാവൈഭവം

എന്ന പദംകൊണ്ടു സൂചിപ്പിക്കുന്നതു്'' എന്നു നമ്മുടെ പ്രസിദ്ധസാഹിത്യകാരൻതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ടല്ലൊ.

യഥാൎത്ഥത്തിൽ 'വേണ്ടതു്' എന്താണെന്നു നിങ്ങൾ ഈ പാഠശാലയിൽനിന്നു പഠിച്ചുകൊണ്ടു പോവുക. എന്നാൽ നിങ്ങൾ ഈ വിദ്യാലയത്തിന്റെയും, അതിലെ അദ്ധ്യാപകന്മാരുടേയും, നിങ്ങളുടെ സഹപാഠികളുടെയും നിങ്ങളുടെതന്നെയും നിലനില്പിനെ നീതീകരിച്ചു എന്നു പറയാം. രാജ്യത്തെ വിശിഷ്ടമാക്കിത്തീൎക്കുവാൻ പൎയ്യാപ്തമായ പൊതുജനാഭിപ്രായത്തെ സൃഷ്ടിക്കുവാനുള്ള പ്രാപ്തിയും അപ്പോൾ നിങ്ങൾക്കുണ്ടാകുന്നതാണു്''.

# പുസ്തകാഭിപ്രായം.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻതിരുമനസ്സിലെ കൃതികൾ (ബുക്ക് 6)

പ്രസാധകൻ; പി. വി കൃഷ്ണവാൎയ്യർ, ലക്ഷ്മീസഹായം അച്ചുക്കൂടം കോട്ടക്കൽ.

വില 1 രൂപ

മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കൃതികൾ ഒന്നിച്ചുചേൎത്തു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളവയുടെ കൂട്ടത്തിൽ ആറാമത്തേതാണു് ഇപ്പോൾ ഞങ്ങളുടെ അഭിപ്രായത്തിനു വിഷയീഭവിച്ചിരിക്കുന്ന ഈ പുസ്തകം. "സരസദ്രുതകവികിരീടമണി''യായിരുന്ന അദ്ദേഹത്തിന്റെ കവനകലാചാതുരിയെപ്പററി ഇവിടെ പ്രതിപാദിക്കേണ്ട ചുമതല ഇപ്പോൾ ഞങ്ങൾക്കുണ്ടെന്നു തോന്നുന്നില്ല. അതു ഇതിന്റെ മുൻഗാമികളായ അഞ്ചു പുസ്തകങ്ങളെപ്പററി അതാതവസരത്തിൽ ഞങ്ങൾ അഭിപ്രായം പറഞ്ഞിട്ടുള്ളതുകൊണ്ടു ചൎവ്വിതചൎവ്വണം ചെയ്യുകയായിരിക്കയെയുള്ളു. ഒരു യഥാൎത്ഥകവിഹൃദയത്തിൽനിന്നും പുറപ്പെട്ടിട്ടുള്ള ഈ കൃതികൾ കേരളീയരെല്ലാവരും വായിച്ചു ആസ്വദിക്കണമെന്നെ ഞങ്ങൾക്കു പറയാനുള്ളു. അവതാരികാകൎത്താവായ ശ്രീമാൻ വി. ഉണ്ണിക്കൃഷ്ണൻനായർ ബി. എ. യുടെ "വായനക്കാൎക്കു യാതൊരു ഇച്ഛാഭംഗത്തിനും ഇടയില്ലെന്നു തന്നെയല്ല, ഈ പുസ്തകം വായിച്ചു തീരുമ്പോൾ സൽസമ്പൎക്കജന്യമായ ഒരു നിൎവൃതിക്കു അവകാശമുണ്ടായിരിക്കുകകൂടി ചെയ്യുമെന്നു ഞാൻ സധൈൎയ്യം പറയാം'' എന്ന അഭിപ്രായത്തോടു ഞങ്ങൾ പൂൎണ്ണമായി യോജിക്കുന്നു.

എന്നാൽ ഈ പുസ്തകം അച്ചടിച്ചുവച്ചിട്ടു് വാസ്തവത്തിൽ രണ്ടു

കൊല്ലമായിരിക്കുന്നു എന്നും ഇതിനു നവീന സാഹിത്യകാരന്മാരിൽ ഒരു മാന്യനേക്കൊണ്ട് ഒരു അവതാരിക എഴുതിക്കണമെന്നു വിചാരിച്ചു എന്നും, അതു എഴുതിക്കിട്ടുവാനുള്ള പ്രയാസംകൊണ്ടാണ് പ്രസിദ്ധീകരണത്തിനു കാലതാമസം നേരിട്ടതെന്നും പ്രസാധകനായ മി: കൃഷ്ണവാര്യർ പറയുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാൻെറ കൃതികൾക്കു ഒരു അവതാരികയുടെ ആവശ്യമില്ലെന്നും മേലാൽ ഇങ്ങനെയുള്ള താമസം വരുത്തരുതെന്നുമാണ് ഞങ്ങൾക്ക് അനുഗ്രഹത്തോടു പറയുവാനുള്ളതു്. മഹാകവികളുടെ കൃതികൾ നശിച്ചുപോകാതെ അവ തേടിപ്പിടിച്ചു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതു് മി: വാര്യർ ഭാഷാസാഹിത്യത്തിനു ചെയ്യുന്ന ഒരു വലിയ സഹായമാണ്. ഇക്കാര്യത്തിൽ അദ്ദേഹത്തെ എത്ര അഭിനന്ദിച്ചാലും മതിയാകുന്നതല്ല. കുഞ്ഞിക്കുട്ടൻതമ്പുരാൻെറ മററു കൃതികളും പ്രസിദ്ധീകരിച്ചു കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

# കുറിപ്പുകൾ.

## അഖില ഏഷ്യാ വിദ്യാഭ്യാസസമ്മേളനം.

കാശി ഹിന്ദുസർവ്വകലാശാലയിൽവച്ച് ഒരു അഖില ഏഷ്യാ വിദ്യാഭ്യാസസമ്മേളനം കൂട്ടുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നതായി അറിയുന്നു. അവിടെ ചെല്ലുന്ന പ്രതിനിധികളുടേയുംമററും സൌകര്യത്തിനായി വേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ട്. സർ ജെ. സി. ബോസ്, സർ സി. വി. രാമൻ, ഡാക്ടർ ആനിബസൻറ്, ഡാക്ടർ ഭഗവൻദാസ് മുതലായ മാന്യന്മാരുടെ പ്രസംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്. പ്രാഥമിക വിദ്യാഭ്യാസം, സെക്കൻററി വിദ്യാഭ്യാസം, സർവ്വകലാശാലാവിദ്യാഭ്യാസം, സ്ത്രീവിദ്യാഭ്യാസം, പ്രായമായവരുടെ വിദ്യാഭ്യാസം, കിൻറർഗാർട്ടൻ പദ്ധതി, മോണ്ടിസ്സോറിപദ്ധതി, മതപഠനം മുതലായവയെ സംബന്ധിക്കുന്ന പ്രത്യേകസമ്മേളനങ്ങൾ ഉണ്ടായിരിക്കും.

## ചൈനയിലെ അക്ഷരജ്ഞാനവിഹീനത.

ജനങ്ങളുടെ ഇടയിൽ ശരിയായ വിദ്യാഭ്യാസം പ്രചരിച്ചിട്ടില്ലാത്ത ഒരു രാജ്യമാണ് ചൈന. അവിടത്തെ വിദ്യാഭ്യാസവിഹീനത കുറക്കുവാൻ വേണ്ട പ്രവൃത്തികൾ ആരംഭിച്ചിരിക്കുന്നു. അവിടെ ൯൦ ശതമാനം ജന

ങ്ങളും നിരക്ഷരകക്ഷികളാണ്. ജനങ്ങളുടെ ഇടയിൽ ആറു സംവത്സരം കൊണ്ട് നിർബന്ധിതവിദ്യാഭ്യാസം സാധിക്കുന്ന ഒരു പദ്ധതി അവിടത്തെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചിരിക്കുന്നു. അതിനായി രാജ്യമൊട്ടുക്ക് പൊതുജനങ്ങൾക്കു വിദ്യാഭ്യാസം നൽകുന്നതിനായി പാഠശാലകൾ സ്ഥാപിക്കുന്നതാണ്. ഇതിനു പുറമെ ഗൃഹം, വ്യവസായശാല, സൈന്യസങ്കേതം, കാരാഗൃഹം മുതലായിടത്ത് എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുന്ന ക്ലാസ്സുകൾ ഏർപ്പെടുത്തുന്നതാണ്. ഇതിനായി ൧൩൨൨൦൦൦ അദ്ധ്യാപകന്മാരും, ൧൧൩൮൬ സ്കൂൾമുറികളും ൨൪൩൮൦൦൦൦൦ ഡോളറും വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ൧൯൩൭-നു മുമ്പെ ചൈനയിലെ എല്ലാപൌരന്മാരും Thousand characters reader എന്ന പുസ്തകം പഠിച്ചിരിക്കണമെന്ന് ഗവമ്മെൻറ് ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഗവമ്മെൻറു വകയൊ പൊതുജനങ്ങളുടെ വകയായൊ ഉള്ള സ്ഥാപനങ്ങളിലും, വിദ്യാലയങ്ങളിലും, വ്യവസായശാലകളിലും മററും എഴുതുവാനും വായിക്കുവാനും അറിയാൻ പാടില്ലാത്ത ൧൪ വയസ്സിനുമേൽ പ്രായമുള്ളവരെ ജോലിക്കാരായി സ്വീകരിക്കുന്നതല്ല. ഈ പദ്ധതികൊണ്ട് ചൈനയിലെ ജനസാമാന്യത്തിനിടയിൽ അടുത്ത ഭാവിയിൽതന്നെ സാമാന്യവിദ്യാഭ്യാസം പ്രചരിക്കുമെന്നുവേണം വിചാരിക്കുവാൻ.

## റഷ്യയിലെ വിദ്യാഭ്യാസം.

റഷ്യയിലെ സ്ഥിതിഗതികളെപ്പററി പലരും പലവിധത്തിലാണു എഴുതുന്നത്. രാജ്യം മൃഗീയതത്വത്തിലേക്കാണു പോകുന്നതെന്നുകൂടി ചിലർ പറയുന്നുണ്ട്. എന്നാൽ അവിടത്തെ വിദ്യാഭ്യാസത്തെപ്പററിയുള്ള ഒരു റിപ്പോർട്ടിൽനിന്നും ആ രാജ്യം ലോകത്തിൻെറ അഭിനന്ദനത്തെ അർഹിക്കുന്ന ഒന്നാണെന്നു വ്യക്തമാകുന്നുണ്ട്. അവിടത്തെ ൧൭ കോടി ജനങ്ങളുടെ ഇടയിൽനിന്നും അക്ഷരജ്ഞാനവിഹീനതയെ അകററുവാൻ പ്രാപ്തമായ ഒരു കാര്യപരിപാടി റഷ്യൻഗവമ്മെൻറ് രൂപവൽക്കരിച്ചിട്ടുള്ളതായി കാണുന്നു. മററു രാജ്യങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ 'സാർ' ചക്രവത്തിമാരുടെ കാലത്ത് റഷ്യയിലെ വിദ്യാഭ്യാസം വളരെ മോശമായിരുന്നു എന്ന് സമ്മതിച്ചേതീരൂ. ൧൯൩൧-ൽ റഷ്യയിൽ അക്ഷരജ്ഞാനമില്ലാത്ത ഒരുവൻപോലും കാണുകയില്ലെന്നാണ് റഷ്യൻഗവമ്മെൻറ് വിചാരിക്കുന്നത്. 'സോവിയററ്റഷ്യയിലേപ്പോലെ അക്ഷരജ്ഞാനവിഹീനതയെ ഇത്ര വേഗത്തിൽ അകററുന്ന ഒരു രാജ്യം വേറെയില്ലെന്നും, അടുത്ത ഭാവിയിൽ അക്ഷരജ്ഞാനവിഹീനതയില്ലാതായിത്തീരുവാൻ പോകുന്ന ആ രാജ്യത്തെപ്പററി ആക്ഷേപംതന്നെ മൃഗീയമെന്നും, അന്ധകാരമയമെന്നും പറയു

വാൻ സാധിക്കയില്ലെന്നുമാണ് അവിടത്തെ ഒരു ലേഖകൻ എഴുതുന്നത്. യുദ്ധത്തിനുമുമ്പു മൂന്നിൽ ഒരുഭാഗം ജനങ്ങൾമാത്രമെ അക്ഷരജ്ഞാനമുള്ളവരായിരുന്നുള്ളു. കഴിഞ്ഞ രണ്ടു കൊല്ലത്തിൽതന്നെ ൧൩൦൦൦൦൦൦ പ്രായമായ ജനങ്ങളെ എഴുതുവാനും വായിക്കുവാനും പഠിപ്പിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്.

## അഖിലേഷ്യാവനിതാസമ്മേളനം.

ഏഷ്യയിലെ പ്രഥമവനിതാസമ്മേളനം ജനുവരിമാസത്തിൽ ലാഹോറിൽവച്ചു കൂടുവാൻ പോകുന്നു. അഖിലഭാരതവനിതാസമ്മേളനമാണ് ഈ യോഗം വിളിച്ചുകൂട്ടുന്നത്. ഏഷ്യയിലുള്ള വിവിധരാജ്യങ്ങളിൽനിന്നും വനിതാപ്രതിനിധികൾ ഈ സമ്മേളനത്തിൽ സംനിഹിതകളാകുന്നതാണ്. സമ്മേളനത്തിൻെറ ഉദ്ദേശങ്ങൾതാഴെപറയുന്നവയാണ്.

൧. പൌരസ്ത്യസംസ്കാരത്തിൻെറ അംഗങ്ങളെന്ന നിലയിൽ ഏഷ്യയിലെ വനിതകളിൽ ഐക്യബോധമുണ്ടാക്കുക.

൨. പൌരസ്ത്യപരിഷ്കാരത്തിൻെറ വിശിഷ്ടതകളെ ശേഖരിച്ചു ദേശീയസേവനത്തിനും ലോകസേവനത്തിനുമായി സംരക്ഷിക്കുക.

൩. പൌരസ്ത്യപരിഷ്കാരത്തിൽ ഇന്നുകാണുന്ന ന്യൂനതകൾ കണ്ടുപിടിച്ചു പരിഹാരം നേടുക.

൪. പാശ്ചാത്യപരിഷ്കാരത്തിൽനിന്നും യോഗ്യമായിട്ടുള്ളവയെ സ്വീകരിക്കുക.

൫. ഏഷ്യയിലെ വിവിധരാജ്യങ്ങളിലെ സ്ത്രീകളുടെ സ്ഥിതിഗതികൾ പരസ്പരം അറിയിച്ചു പരസ്പരം ശക്തിപ്പെടുത്തുക.

൬. ലോകസമാധാനത്തെ സഹായിക്കുക.

## ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർ

തിരുവിതാംകൂറിലെ വിദ്യാഭ്യാസപ്രവൎത്തനത്തിൽ ഒരു പ്രധാനഭാഗം വഹിക്കുന്നത് ഗ്രാൻറുസ്കൂളാണ്. എന്നാൽ അവയിലെ പ്രവൎത്തനരീതികൾ സ്തുത്യൎഹങ്ങളല്ലതാനും. ഒന്നാമതായി ഗ്രാൻറുസ്കൂളുകളിലെ സാക്കാർ നൽകുന്ന സഹായധനം വൎദ്ധിപ്പിക്കണം. മററുരാജ്യങ്ങളിലേക്കാൾ കുറഞ്ഞതരത്തിലുള്ള സഹായധനമാണ് ഇവിടെ ലഭിക്കുന്നത്. നമ്മുടെ അയൽരാജ്യമായ കൊച്ചിയിൽ ഒരുരൂപയ്ക്ക് ൧൪ അണവീതം സഹായധനമായി ഗവൎമ്മെൻറിൽനിന്നും ലഭിക്കുന്നുണ്ട്. അതുകൊണ്ട് ഈ രീതി എ

ത്രയും വേഗത്തിൽ പരിഷ്കരിച്ച്, കൊടുക്കാത്ത ശമ്പളത്തിന് ഒപ്പിട്ടുവരുന്ന വ്യാജനടപടിയെ കഴിയുന്നത്ര നിറുത്തേണ്ടതാകുന്നു.

രണ്ടാമതായി ഗ്രാൻറുസ്കൂളുകളിലെ മാനേജരന്മാരും അവിടത്തെ അദ്ധ്യാപകന്മാരും തമ്മിലുള്ള ബന്ധത്തെ കുറെക്കൂടി സുദൃഢമാക്കുകയാണു വേണ്ടത്. അദ്ധ്യാപകന് തോന്നുമ്പോൾ പിരിയാം, മാനേജർക്കു തോന്നുമ്പോൾ പിരിക്കാം എന്നുള്ള തോന്നിയവാസരീതിയെ നിറുത്തണം. ഇപ്പോഴത്തെ നില നോക്കുകയാണെങ്കിൽ മാനേജരന്മാരുടെ അനിയന്ത്രിതമായ അധികാരശക്തികൊണ്ട് പലപ്പോഴും പല അദ്ധ്യാപകന്മാരും അവരുടെ അടിമകളായിട്ടോ അല്ലെങ്കിൽ അവരുടെ അനർഹമായ അപരാധങ്ങൾക്കു പാത്രീഭൂതരായിട്ടോ ഭവിക്കുന്നു. അതുകൊണ്ട് ഈ വിഷയത്തിൽ- അദ്ധ്യാപകന്മാരെ തക്കതായ കാരണംകൂടാതെ പിരിച്ചുവിടുന്ന വിഷയത്തിൽ--ഡയറക്ടരുടെ ഒരു അനുവാദംകൂടി മാനേജരന്മാർ ലഭിച്ചിരിക്കേണ്ടതും ഡിപ്പാർട്ടുമെൻറിൻെറ ഇപ്പോഴത്തെ മൗനനയത്തെ ഭേദപ്പെടുത്തേണ്ടതുമാകുന്നു. തക്കതായ കാരണംകൂടാതെ സ്കൂൾവർഷത്തിൻെറ മദ്ധ്യത്തിൽ വച്ചും മററും പിരിഞ്ഞുപോകുന്ന അദ്ധ്യാപകന്മാരുടെ ദുസ്സ്വാതന്ത്ര്യത്തെയും തടയേണ്ടതാകുന്നു.

ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരുടെ അവധി, പ്രമോഷൻ മുതലായ കാര്യങ്ങളിലും ഒരു ശരിയായ രീതി അനുവർത്തിക്കേണ്ടതാണ്. പത്തുകൊല്ലം സർവ്വീസുള്ള ഒരു ഗ്രാൻറുസ്കൂൾവാദ്ധ്യാർക്ക് ഒരുമാസം അവധിയെടുക്കേണ്ടിവന്നാൽ ശമ്പളം ഒന്നുംതന്നെ കിട്ടുന്നില്ല. അതുപോലെതന്നെ ൨൫ കൊല്ലം സർവ്വീസുണ്ടായാലും ഒരു പ്രമോഷനുംകൂടാതെ അതേനിലയിൽ വെറുംകൈയോടെ സർവ്വീസു വിടുകയും ചെയ്യുന്നു.

ഇങ്ങനെ ഒട്ടനേകം സംഗതികൾ ഗ്രാൻറുസ്കൂൾഅദ്ധ്യാപകന്മാരെ സംബന്ധിച്ചു ചിന്തിക്കുവാനുണ്ട്. തെക്കൻതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും ഗ്രാൻറുസ്കൂളുകാർ വല്ലപ്പോഴുമെങ്കിലും സംഘംകൂടി അവരുടെ കാര്യം ആലോചിക്കാറുണ്ട്. ഉത്തരതിരുവിതാംകൂറിൽ ഒരനക്കവും കാണുന്നില്ല. ഇവിടെയും ഗ്രാൻറുസ്കൂളുകാർ യോജിച്ചു യോഗങ്ങൾ വിളിച്ചുകൂട്ടി നിവർന്നുനിന്നു കാര്യങ്ങൾ ആലോചിക്കതന്നെ വേണം.

## അടുത്ത സെൻസസ്സ്.

അടുത്തുവരുന്ന സെൻസസ്സ് ജോലി തുടങ്ങിയിരിക്കയാണല്ലോ. ആ ജോലിയും അദ്ധ്യാപകന്മാരെയാണ് ഏല്പിച്ചിരിക്കുന്നത്. എന്നാൽ അവരെ ഏല്പിച്ചിരിക്കുന്ന ഫാറങ്ങൾപോലെ തന്നെ അവരുടെ ജോലിയും

ഭാരം ഉള്ളതുതന്നെയാണ്. ഇക്കൊല്ലം സാമ്പത്തികസർവ്വെ ഉൾപ്പടെ ഇരട്ടിജോലിയാണു ചെയ്യേണ്ടതു്. അദ്ധ്യാപകന്മാരുടെ സ്കൂൾജോലിക്കു പുറമെ വഹിക്കേണ്ട ഈ ഭാരം കുറെ കൂടുതലാണെന്നറിയുന്നു. ഒരദ്ധ്യാപകന്ന് ൩൦൦-ം ൪൦൦-ം വീടുകൾ ഉണ്ടെങ്കിൽ അതു വലിയ കഷ്ടംതന്നെയാണ്. ചിലർക്ക് അവരുടെ വീടിന്നു അകലെയ്ക്കുപോയിവേണം ജനസംഖ്യ കണക്കെടുക്കാൻ. എന്നാൽ അദ്ധ്യാപകന്മാരെ എല്ലാവരെയും ഈ ജോലി ഏൾപ്പിച്ചിട്ടുമില്ല. എല്ലാവരേയും ചുമതലപ്പെടുത്തിയിരുന്നെങ്കിൽ ഈ ജോലിക്കു കുറെക്കൂടി ലാഘവം കിട്ടിയേനെ. ഇതിനെല്ലാം പുറമെ ഇംഗ്ലീഷുസ്കൂൾഅദ്ധ്യാപകന്മാരെ ഇതിനു ഒന്നും ചുമതലപ്പെടുത്തി കാണുന്നില്ല ഈ ജോലി അഭിമാനകരമായിട്ടുള്ളതാണെങ്കിൽ അവരെക്കൂടി ഉൾപ്പെടുത്താവുന്നതാണല്ലൊ. സെൻസസ്സുഫാറത്തിൽ അനാവശ്യസംഗതികളും ഇല്ലാതില്ല. ഒരുദാഹരണം പറയാം. നായർ; ചക്കാല-മാരാൻ-വാത്തി എന്നിങ്ങനെ കാണുന്നു. അമ്പലവാസി-ഇനങ്ങൾ വേറെ. നായർ എന്നുള്ള ഒരു ജാതിയിൽ ഇതെല്ലാം ഉൾപ്പെടുന്നതല്ലേ?. ഇതിന്ന് ഇത്രവളരെ ഉൾപ്പിരിവുകൾ നിലനിർത്തണമോ?. മററുവർഗ്ഗങ്ങളിലും ഇങ്ങനെ അനേകം പിരിവുകൾ കാണാവുന്നതാണ്.

# വള്ളത്തോൾ ഗ്രന്ഥവിഹാരം.

(ഒരു നിരൂപണം)

വള്ളത്തോൾമഹാകവിയും മററു ചിലരുംകൂടി എഴുതിയിട്ടുള്ള പുസ്തകാഭിപ്രായങ്ങൾ ചേർത്തു സഞ്ചയിച്ചിട്ടുള്ള 'വള്ളത്തോൾഗ്രന്ഥവിഹാരം' എന്ന പുസ്തകത്തെയും, അതിലെ സാഹിത്യശിരോമണി കുട്ടിക്കൃഷ്ണമാരാരുടെ അതിദീർഘമായ ആമുഖോപന്യാസത്തേയും-മററും പററി, നിർവിശങ്കം-മുഖംനോക്കാതെ-സ്ഥൈര്യത്തോടുകൂടി വിമർശിച്ചിട്ടുള്ളതാണ് ഈ പുസ്തകം. ഗ്രന്ഥകർത്താവ് മലയാളത്തിലെ സുപ്രസിദ്ധ വിമർശകനായ ഡി. പത്മനാഭനുണ്ണി ബി. എ. യാണ്. ഭാഷയുടെ ഓജസ്സും, തേജസ്സും, ആശയങ്ങളുടെ സ്പഷ്ടതയും പുതുമയും, അഭിപ്രായങ്ങളുടെ സ്ഥിരതയും, ക്രമതയും വായിച്ചുമനസ്സിലാക്കിയിരിക്കേണ്ടതാണ്. വില സ്റ്റാമ്പായി അയച്ചാലും മതി.

വില ൩ അണ

മാനേജർ,

"ഈശ്വരവിലാസം" പുസ്തകശാല

പറവൂർ.